പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി-പന്ത്രണ്ട്
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2015 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2015)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2015 ജൂലൈ 23-ാം തീയതി സമർപ്പിച്ചത്

(Presented on 23rd July, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി-പന്ത്രണ്ട്

# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

## (HEALTH AND FAMILY WELFARE)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2015 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2015)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

622/2015.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം | .. 115 |

# വിഷയനിർണ്ണയ സമിതി-പന്ത്രണ്ട്

## (ആരോഗ്യവും കുടുംബക്ഷേമവും)

## (2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദു സമദ് സമദാനി

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. ദാസൻ

ശ്രീ. എ. റ്റി. ജോർജ്

ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. ശബരീനാഥൻ, കെ. എസ്.*

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

* 2015 ജൂലൈ 8-ാം തീയതിയിലെ ബുള്ളറ്റിൻ—ഭാഗം 2 നമ്പർ 768 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടു.

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതിയുടെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2013-2016 കാലയളവിലെ പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി 2014 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 7-5-2014, 19-6-2014, 29-10-2014, 26-11-2014, 12-3-2015 എന്നീ തീയതികളിലായി സമിതി 5 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ ഒരു യോഗം നയ്റോബി കൗണ്ടി അസംബ്ലി ഹെൽത്ത് സെക്ടറൽ കമ്മിറ്റി അംഗങ്ങളുമായുള്ള സംയുക്ത യോഗവും 4 യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയുമായിരുന്നു. കൂടാതെ 18-1-2015 മുതൽ 25-1-2015 വരെ സമിതി കർണ്ണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, ഡൽഹി എന്നീ സംസ്ഥാനങ്ങളിൽ ഒരു പഠനയാത്ര നടത്തുകയും പ്രസ്തുത പഠനയാത്രയുടെ ഭാഗമായി 8 യോഗങ്ങൾ ചേരുകയുമുണ്ടായി. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർനില 44% ആയിരുന്നു.

ഈ റിപ്പോർട്ട് അഞ്ച് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിക്കുന്ന വിവരങ്ങളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശവും രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വൈകി കിട്ടിയ സർക്കാർ മറുപടികളും മൂന്നാം ഭാഗത്ത് സമിതിയുടെ വിവിധ യോഗങ്ങളിലെ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശവും നാലാം ഭാഗത്ത് സമിതി പരിഗണിച്ച കരട് ചട്ടങ്ങളേയും സാധൂകരണം നൽകിയ ചട്ടങ്ങളേയും സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം ഭാഗത്ത് ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതി യോഗങ്ങളിലെ നടപടികളെ സംബന്ധിച്ച വിശദാംശങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സമിതിയുടെ യോഗനടപടികുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2015 ജൂലൈ 13-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. എസ്. ശിവകുമാർ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി-പന്ത്രണ്ട്.*

തിരുവനന്തപുരം,
2015 ജൂലൈ 13.

# റിപ്പോർട്ട്

## ഭാഗം 1

(എ) ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 9-6-2014-ന് സഭയിൽ സമർപ്പിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII —വൈദ്യസഹായവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX —കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XX —ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXX —ഭക്ഷ്യം (2236-പോഷകാഹാരം)

(ബി) 1-4-2013 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 19-6-2014-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 26-6-2014-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) സമിതിയുടെ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 19-6-2014-ലെ സമിതിയോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 26-6-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) ചട്ടം 236 (6) പ്രകാരം ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 3-12-2014-ന് സഭയിൽ സമർപ്പിച്ചു.

(ഇ) ചട്ടം 235 (5) പ്രകാരം സമിതിയുടെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 19, 20, 21, 27, 33, 34, 36, 37, 46, 48, 49, 50, 51 എന്നീ ഖണ്ഡികകളിലേയും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 26-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ 9-12-2014-നും 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 1, 2, 3, 4, 5, 8, 18, 22, 23, 24, 25, 26, 28, 29, 30, 31, 32, 42, 43, 45, 46, 47 എന്നീ ഖണ്ഡികകളിലേയും 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 8, 11, 12, 13, 14, 15, 16, 17, 18, 19, 21 എന്നീ ഖണ്ഡികകളിലേയും ശിപാർശകളിന്മേലുള്ള അനന്തര

നടപടി സ്റ്റേറ്റ്മെന്റ് നൽകുന്നതിന് കാലതാമസം നേരിട്ടതിന്റെ വിശദീകരണം അടങ്ങുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ 23-3-2015-നും സഭയുടെ മേശപ്പുറത്തുവച്ചു.

(എഫ്) റിപ്പബ്ലിക് ഓഫ് കെനിയയിലെ നയ്റോബി കൗണ്ടി അസംബ്ലി ഹെൽത്ത് സെക്ടറൽ കമ്മിറ്റി അംഗങ്ങൾ കേരള നിയമസഭ സന്ദർശിക്കുകയും ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതിയുമായി 7-5-2014-ന് സംയുക്ത യോഗം ചേരുകയും ചെയ്തു.

(ജി) ചട്ടം 235 എ പ്രകാരം, 'പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം' എന്ന വിഷയം സംബന്ധിച്ച് 29-10-2014-ലെയും 'ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം' എന്ന വിഷയം സംബന്ധിച്ച് 26-11-2014-ലെയും യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി.

(എച്ച്) സമിതിയുടെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന സമിതി ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 19-6-2014, 29-10-2014, 26-11-2014, 12-3-2015 എന്നീ തീയതികളിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2001-02)

### ശിപാർശ

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനും 125 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇത് കഴിഞ്ഞ വർഷത്തെക്കാൾ 25 ലക്ഷം കുറവാണ്. ആയതിനാൽ ഈ ഇനത്തിൽ 250 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

### സ്വീകരിച്ച നടപടി

സമിതി നിർദ്ദേശിച്ചിരുന്ന അധിക തുക വകയിരുത്തിയിട്ടില്ല.

### ശിപാർശ

പകർച്ചവ്യാധികളായ എലിപ്പനി, പോളിയോ, ക്ഷയം, കോളറ തുടങ്ങിയ രോഗങ്ങൾ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ നിന്നും വീണ്ടും റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ഇവ പൂർണ്ണമായും ഉൻമൂലനം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾ

നടപ്പാക്കേണ്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക്, മരുന്ന് വാങ്ങുന്നതുൾപ്പെടെയുള്ള അധികാരം ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല എന്ന് സമിതിയിൽ വ്യക്തമാക്കപ്പെട്ടു ഈ അപാകത പരിഹരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് ആവശ്യമായ നിർദ്ദേശം സർക്കാർ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

## സ്വീകരിച്ച നടപടി

പഞ്ചായത്തിന് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളിലെ ഭക്ഷണ വിതരണത്തിനും മരുന്നുകൾ വാങ്ങുന്നതിനുമുള്ള ഫണ്ട് ഇപ്പോൾ വകുപ്പുതലത്തിലാണ് കൈകാര്യം ചെയ്തുവരുന്നത്. മരുന്നുകളും ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന വിതരണം ചെയ്തുവരുന്നുണ്ട്. ആയതിനാൽ മരുന്നുകളുടെ വിതരണം സംബന്ധിച്ച് ക്ഷാമം നിലവിലില്ല. ആയതിനാൽ തന്നെ അധികാരം കൈമാറുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

## ശിപാർശ

ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ആവശ്യമായ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതുപോലെതന്നെ അധികാരവികേന്ദ്രീകരണത്തിനു മുൻപ് ആരംഭിച്ചതും ഇപ്പോൾ നിർമ്മാണം പൂർത്തീകരിക്കാത്തതുമായ കെട്ടിടങ്ങൾ മരാമത്ത് വകുപ്പ് പൂർത്തിയാക്കുന്നതിന് 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ ആവശ്യത്തിനായി 40 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പഞ്ചായത്തുകൾക്ക് കൈമാറിയ കെട്ടിടങ്ങളുടെ മെയിന്റനൻസിന് 5 കോടി രൂപ ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ചുനൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇത് സംബന്ധിച്ച് സമിതിയുടെ 2000-2001 റിപ്പോർട്ടിലെ ശിപാർശകൾ സമിതി വീണ്ടും ആവർത്തിക്കുന്നു.

(ഖണ്ഡിക 39)

## സ്വീകരിച്ച നടപടി

ഇതിൽ ആകെ 50 ലക്ഷം രൂപ മാത്രമെ അനുവദിച്ചിട്ടുള്ളൂ. അധികതുകയൊന്നും അനുവദിച്ചുകിട്ടിയിട്ടില്ല.

## ശിപാർശ

ചില പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള തുക ട്രഷറി നിയന്ത്രണംമൂലം വിനിയോഗിക്കാൻ കഴിയാതെ വന്നിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക ട്രഷറി നിയന്ത്രണത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

ട്രഷറി നിയന്ത്രണം അതിനുശേഷം ഒഴിവാക്കിയതിനാൽ സമിതിയിൽ ഉന്നയിച്ച പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

ശിപാർശ

വിഷ ചികിത്സയ്ക്കാവശ്യമായ മരുന്ന് ഇപ്പോൾ മെഡിക്കൽ കോളേജുകളിൽ മാത്രമെ ലഭ്യമാക്കിയിട്ടുള്ളു. പ്രസ്തുത മരുന്ന് എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വിഷ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത തുക അനുവദിച്ച കിട്ടിയിട്ടില്ല.

ശിപാർശ

പകർച്ചവ്യാധികൾ പടർന്നു പിടിച്ച സ്ഥലങ്ങളിലെ രോഗികൾക്കും അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ എത്തുന്ന രോഗികൾക്കും അടിയന്തരമായി മരുന്നും മറ്റു സഹായങ്ങളും ലഭ്യമാക്കുന്നതിന് ഇപ്പോൾ പരിമിതമായ സംവിധാനമാണുള്ളത്. ഇതിനുവേണ്ടി ജില്ലാ കളക്ടർമാരുടെ റിലീഫ് ഫണ്ടിന്റെ മാതൃകയിൽ ഓരോ ഡി.എം.ഒ.മാർക്കും 10 ലക്ഷം രൂപയുടെ വീതം ഫണ്ട് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ എമർജൻസി കൺട്രോൾ മെഷേഴ്സിനുവേണ്ടി 50,000 രൂപ വീതം കൂടി ഡി.എം.ഒ. -മാർക്ക് അനുവദിക്കണമെന്നും ഇതിലേക്കായി 7 ലക്ഷം രൂപ കൂടുതലായി പ്രസ്തുത ഹെഡിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

പ്രസ്തുത ഹെഡിൽ പ്രസ്തുത സാമ്പത്തിക വർഷം ജില്ലാ മെഡിക്കൽ ഓഫീസുകൾക്കുള്ള ശമ്പളം, വേതനം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി മാത്രമെ തുക അനുവദിച്ചിട്ടുള്ളു.

ശിപാർശ

റിട്ടയർ ചെയ്ത ജീവനക്കാർക്കുപോലും ഇപ്പോൾ പി.സി.എ., പി.റ്റി.എ. കൊടുത്തുതീർക്കുവാൻ സാധിച്ചിട്ടില്ല. ഇവ ശമ്പളഹെഡിലേക്ക് മാറ്റി വകകൊള്ളിച്ചാൽ മാത്രമെ ഇതിന് പരിഹാരം കാണാൻ കഴിയൂ എന്ന് സമിതിയിൽ വ്യക്തമാക്കപ്പെട്ട

ആകയാൽ ഈ ഇനത്തിലുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

പി.സി.എ., പി.റ്റി.എ. എന്നിവ ശമ്പളത്തോടൊപ്പമാണ് നൽകിവരുന്നത്. ആയതിനാൽ ഈയിനത്തിൽ കുടിശ്ശിക നിലവിലില്ല.

ശിപാർശ

ശബരിമല ഡ്യൂട്ടിയുടെ ഭാഗമായി റ്റി.എ. ഇനത്തിൽ 20 ലക്ഷത്തോളം രൂപ വിവിധ ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കാനുണ്ട്. ഈ വർഷം ഈ ഇനത്തിൽ 12 ലക്ഷം രൂപ വേണ്ടി വരും. ആയതിനാൽ കുടിശ്ശിക ഉൾപ്പെടെ കൊടുത്തുതീർക്കുന്നതിനായി ഈ വർഷം 32 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

ശബരിമല ഡ്യൂട്ടിക്കായി നിയോഗിച്ചവർക്കുള്ള റ്റി.എ. ഇനത്തിലുള്ള കുടിശ്ശിക യൊന്നും കൊടുത്തുതീർക്കുവാനില്ല.

ശിപാർശ

ഈ വർഷം ഹൗസ് സർജൻസിനും പോസ്റ്റ് ഗ്രാഡ്വേറ്റ് സ്റ്റുഡൻസിനും സ്കോളർഷിപ്പും സ്റ്റൈപ്പന്റും വിതരണം ചെയ്യുന്നതിന് 4.09 കോടി രൂപ അധികമായി അനുവദിക്കണ മെന്നും ഈ തുക മെഡിക്കൽ കോളേജുകളുടെ സാലറി ഹെഡ് എന്ന ശീർഷകത്തിൽ പ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

2001-02 വർഷം ഹൗസ് സർജൻസിനും പോസ്റ്റ് ഗ്രാഡ്വേറ്റ് സ്റ്റുഡൻസിനും സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഇനത്തിൽ ആവശ്യം വേണ്ടിയിരുന്ന തുക അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കീഴിൽ നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നതിന് 1 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇത് തീരെ അപര്യാപ്തമാകയാൽ ഈ ഇനത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

തൃശ്ശൂർ മെഡിക്കൽ കോളേജിനു കീഴിൽ നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നതിന് 2001-02-ൽ പദ്ധതി വിഹിതമായി 1 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ആ വർഷം അധിക തുകയൊന്നും അനുവദിച്ചില്ല. 2001-02-ൽ നഴ്സിംഗ് കോളേജ് തുടങ്ങുന്നതിനുള്ള ഭരണാനുമതി ലഭിക്കാത്തതിനാൽ ആ വർഷം അധിക തുകയൊന്നും ലഭ്യമായിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ഭരണാനുമതി ലഭിക്കുകയും കൂടുതൽ തുക ബഡ്ജറ്റിലൂടെയും കേന്ദ്രസഹായത്തോടുകൂടി ലഭ്യമാക്കിയതിന്റെ ഫലമായി തൃശ്ശൂർ നഴ്സിംഗ് കോളേജ് ആരംഭിക്കുകയും അതിന്റെ പ്രവർത്തനം ഭംഗിയായി നടന്നുവരികയും ചെയ്യുന്നു.

ശിപാർശ

കണ്ണൂർ നഴ്സിംഗ് കോളേജ് ഹോസ്റ്റലിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

ആരോഗ്യവകുപ്പ് ഡയറക്ടറുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും ഡയറക്ടർ, SIMET-ന്റെയും കീഴിൽ കണ്ണൂർ നഴ്സിംഗ് കോളേജ് ഹോസ്റ്റൽ എന്നൊരു സ്ഥാപനം ശിപാർശ കാലയളവിൽ നിലവിൽ ഇല്ലായിരുന്നു.

ശിപാർശ

ത്രിതല പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ഡിസ്പെൻസറികൾക്ക് ആവശ്യമായ മരുന്നുകൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ വാങ്ങി നൽകാറില്ലെന്നും ഇതിന് പരിഹാരമായി ഒരു ആയുർവേദ ഡിസ്പെൻസറിക്ക് 1 ലക്ഷം രൂപയുടെ മരുന്നെങ്കിലും ബന്ധപ്പെട്ട വകുപ്പ് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

2001-02 കാലയളവിൽ ഭാരതീയ ചികിത്സാ വകുപ്പിന് 2210-02-101-97 Other Hospitals and Dispensaries എന്ന ശീർഷകത്തിൽ മരുന്നു വാങ്ങുന്നതിലേക്കായി 5,50,21,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 3,24,94,000 രൂപയാണ് ബഡ്ജറ്റ് പ്രകാരം അനുവദിച്ചിരുന്നത്. ടി തുക അപര്യാപ്തമായതിനാൽ ഒരു ഡിസ്പെൻസറിക്ക് 1 ലക്ഷം രൂപയുടെ മരുന്നെങ്കിലും വകുപ്പിൽ നിന്ന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ഗവൺമെന്റിൽ നിന്നും ആവശ്യമായ ഫണ്ട് ലഭിക്കാതിരുന്നതിനാൽ

ടി നിർദ്ദേശം പാലിക്കാൻ സാധിച്ചിരുന്നില്ല. സ്ഥാപനങ്ങളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിൽ ഒരു ഡിസ്പെൻസറിക്ക് 66,000 രൂപ മരുന്നിനായി ലഭ്യമാക്കാൻ കഴിയുന്നുണ്ട്. ഇതുകൂടാതെ പഞ്ചായത്തുകളുടെ അധീനതയിൽ വരുന്ന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡിസ്പെൻസറികളിൽ ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ വഴി ഇപ്പോൾ ലഭ്യമാകുന്നുണ്ടെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ശിപാർശ

ഇപ്പോൾ തുറന്നു പ്രവർത്തിച്ചുവരുന്ന 151 ആയുർവേദ ഡിസ്പെൻസറികളുടെ ആകെ ചെലവുകൾക്കായി ഈ വർഷം 5,35,39,000 രൂപ ആവശ്യപ്പെട്ടുവെങ്കിലും 1,68,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുവാൻപോലും തികയാത്ത സാഹചര്യത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 7 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 1,68,00,000 രൂപയ്ക്ക് പുറമെ അധികമായി 1,69,89,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന 155 ബെഡ്ഡുകളുള്ള 7 ആശുപത്രികളുടെ ചെലവിനായി ഈ വർഷം 15,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനത്തിനുള്ള ചെലവും 30 ബെഡ്ഡുള്ള 3 ആശുപത്രികൾ തുടങ്ങുന്നതിനുമായി 35,00,000 രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 15,00,000 രൂപയ്ക്ക് പുറമേ 25,68,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

നിലവിലുള്ള 6 ആയുർവേദാശുപത്രികളുടെ നടത്തിപ്പിനും 5 ഡിസ്പെൻസറികളെ 20 കിടക്കകളോടുകൂടിയ ആശുപത്രികളാക്കി ഉയർത്തുന്നതിനുമായി 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമാകയാൽ ഈയിനത്തിൽ കൂടുതൽ തുക വകകൊള്ളിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം അധികമായി രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

വൈദ്യുതി ചാർജ് വർദ്ധനവ്, ശമ്പള കുടിശ്ശിക, ശമ്പള വർദ്ധനവ്, കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് എന്നീ ഇനങ്ങളിലായി ഈ സ്ഥാപനത്തിന് കഴിഞ്ഞവർഷം കൂടുതലായി തുക ചെലവഴിക്കേണ്ടി വന്നതായും ഈ വർഷത്തെ ചെലവിനായി 8 കോടി രൂപയുടെ കുറവുള്ളതായും സമിതിയിൽ വെളിപ്പെടുത്തപ്പെട്ടു. ഈ സാഹചര്യത്തിൽ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള 160.6 ലക്ഷം രൂപ അപര്യാപ്തമാകയാൽ 8 കോടി രൂപ കൂടി കൂടുതലായി അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

ഇവർക്കുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് സ്കീമിൽ 5 ലക്ഷം രൂപയേ വകയിരുത്തിയിട്ടുള്ളൂ. ഈ തുക തീരെ അപര്യാപ്തമായതിനാൽ ഇത് 15 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 15 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2003-04)

### ശിപാർശ

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളും ആശുപത്രികളും വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് 2 കോടി രൂപ 2003-2004 പദ്ധതി വിഹിതത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ബഡ്ജറ്റിൽ ഇതിനുവേണ്ടി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. ആകയാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി വേണ്ടിവരുന്ന 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

### സ്വീകരിച്ച നടപടി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിലേക്കായി 20 ലക്ഷം രൂപ 2003-04 വർഷം ലഭിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ ഫണ്ട് പ്രസ്തുത പദ്ധതിക്കായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകൾക്കും ആശുപത്രികൾക്കുമായി ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല.

### ശിപാർശ

എലിപ്പനി, ഡെങ്കിപ്പനി, ആന്ത്രാക്സ്, ടൈഫോയിഡ് തുടങ്ങിയ മാരകമായ രോഗങ്ങൾ, എയ്ഡ്സിന്റെ വ്യാപനം എന്നിവയ്ക്ക് പുറമെ ഇപ്പോൾ സാർസ് രോഗവും ആരോഗ്യരംഗത്ത് ഒരു വലിയ ഭീഷണിയായി തീർന്നിരിക്കുകയാണ്. അതീവ ഗുരുതരമായ ഈ സ്ഥിതിവിശേഷം നേരിടുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനുമായി ഒരു 'കലാമിറ്റി റിലീഫ് ഫണ്ട്" സ്വരൂപിക്കണമെന്നും ഇതിനായി അഞ്ചുകോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

### സ്വീകരിച്ച നടപടി

കലാമിറ്റി റിലീഫ് ഫണ്ട് സ്വരൂപിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും പരാമർശിച്ചിരിക്കുന്ന സാംക്രമികരോഗനിയന്ത്രണത്തിനും പ്രസ്തുത ദുരന്തത്തിനും പരിഹാരം കാണുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞതിനാൽ ഈ വിഷയം സംബന്ധിച്ച് പ്രതിസന്ധി ഉണ്ടായതായി കാണുന്നില്ല. കലാമിറ്റി ഫണ്ട് രൂപീകരിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

<u>ആശുപത്രിയിലെ മരുന്നും മറ്റ് സാധനസാമഗ്രികളും</u>

മേൽപ്പറഞ്ഞ ചെലവുകൾക്കായി 2003-04-ൽ കമ്പനികൾക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ഉൾപ്പെടെ 56.95 കോടി രൂപയാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും അനുവദിച്ചത് 1.59 കോടി രൂപ മാത്രമാണ്. ഇതിലേക്ക് ആവശ്യമായിരുന്ന ബാക്കി തുക കൂടി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

കമ്പനികൾക്ക് ഈ ഇനത്തിൽ കൊടുത്തുതീർക്കുവാനുള്ള തുക കൊടുത്തു തീർത്തിട്ടുണ്ട്. ഈ ഇനത്തിൽ 2004-05 വർഷത്തെ തുക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ട്.

<u>ശിപാർശ</u>

മെഡിക്കൽ ദന്തൽ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും സ്കോളർഷിപ്പും നൽകുന്നതിനായി 13.57 കോടി രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 10 കോടി രൂപ മാത്രമാണ് അനുവദിച്ചിരുന്നത്. ആയതിനാൽ 3.5 കോടി രൂപ കൂടി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ, ദന്തൽ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും സ്കോളർഷിപ്പും ഇനത്തിൽ നൽകുന്നതിനായി ആവശ്യം വേണ്ടിവന്നിരുന്ന തുക അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് തുക യഥാസമയം ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് സ്റ്റൈപ്പന്റ് ഇനത്തിൽ നൽകിവരുന്ന തുക കൂടി മെഡിക്കൽ കോളേജുകളുടെ സാലറി ഹെഡ്ഡിലേക്ക് മാറ്റണമെന്ന് സമിതിയുടെ 2001-02-ലെ ഒന്നാമത്തെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ നടപ്പിലാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഈ ശിപാർശ അടിയന്തരമായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് തുക യഥാസമയം നൽകിവരുന്നുണ്ട്. ആയതിനാലാണ് സ്റ്റൈപ്പന്റ് ഇനത്തിലെ തുക കൂടി മെഡിക്കൽ കോളേജുകളുടെ സാലറി ഹെഡ്ഡിലേക്ക് മാറ്റി നൽകണമെന്ന സമിതിയുടെ ശിപാർശ നടപ്പിലാക്കാതിരുന്നത്. ഇപ്പോഴത്തെ സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ടുള്ള പ്രസ്തുത തീരുമാനം ദയവായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശിപാർശ</u>

സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളുടെ നിയന്ത്രണത്തിൽ 6 ഉപകേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. ഇവയിലേക്ക് മരുന്നും സാധനസാമഗ്രികളും വാങ്ങുന്നതിലേക്കായി 4.40 ലക്ഷം രൂപയാണ് നിർദ്ദേശിച്ചിരുന്നത്. അനുവദിക്കപ്പെട്ടത് 1.15 ലക്ഷം രൂപ മാത്രമാണ്. ആയതിനാൽ ബാക്കിവരുന്ന 3.25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

ആത്മഹത്യ പ്രവണത തടയുന്നതിനുള്ള കൗൺസലിംഗ് സെന്ററുകളും, ക്ലിനിക്കുകളും തുടങ്ങുന്നതിന് 5 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ 5 ലക്ഷം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ സാമ്പത്തിക വർഷം തന്നെ ഇതിലേക്കായി 20 ലക്ഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ഹൃദ്രോഗചികിത്സാ സൗകര്യങ്ങൾ സർക്കാർ മേഖലയിൽ പരിമിതമാകയാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഒരു സംയോജിത യൂണിറ്റായി തുടങ്ങാൻ ഉദ്ദേശിക്കുന്ന കേരള ഹാർട്ട് ഫൗണ്ടേഷൻ കെട്ടിടവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി നടപ്പുവർഷത്തിൽ ഒരു കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 20 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. ആയതിനാൽ ഇതിലേക്ക് ബാക്കി വരുന്ന 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

2003-2004 സാമ്പത്തിക വർഷത്തിൽ കേരള ഹാർട്ട് ഫൗണ്ടേഷനുവേണ്ടി 20 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ അനുവദിച്ചിരുന്നുള്ളൂ. കൂടാതെ 2002-2003 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന ഒരു കോടി രൂപ കെ.എച്ച്.എഫ്. ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി. അക്കൗണ്ടിൽ 2003-ൽ നിക്ഷേപിക്കുകയും പ്രസ്തുത തുക വിനിയോഗിക്കാനുള്ള കാലാവധി 31-8-2004 വരെ ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ അനുമതി നൽകിയിരുന്നു. ആയതിനാൽ 2003-2004 സാമ്പത്തിക വർഷം മൊത്തം ഒരു കോടി ഇരുപത് ലക്ഷം രൂപ ലഭിച്ചു. മറ്റ് അധിക തുകയൊന്നും തന്നെ അതേവർഷം ലഭിച്ചിരുന്നില്ല.

ശിപാർശ

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേയും മാലിന്യനിർമ്മാർജ്ജന പദ്ധതിക്കായി 10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആരോഗ്യപരിപാലനം സംബന്ധിച്ച് ഇത് തികച്ചും അത്യന്താപേക്ഷിതമാകയാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി വേണ്ടി വരുന്ന അൻപത് ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

2003-2004 വർഷം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

തിരുവനന്തപുരം ട്രോമാ കെയർ സെന്റർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി ബ്ലോക്ക്, ആലപ്പുഴ മെഡിക്കൽ കോളേജിൽ ആശുപത്രി സമുച്ചയം, തൃശ്ശൂർ മെഡിക്കൽ കോളേജിലെ 400 കിടക്കകളുള്ള ആശുപത്രി കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 18 കോടി രൂപ അപര്യാപ്തമാണെന്നും, ആയതിനാൽ ഇതിലേക്കായി 12 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

2003-2004 സാമ്പത്തിക വർഷത്തിൽ അധിക ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ ഫണ്ട് ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പണി പൂർത്തിയായ ഫ്ലോറുകൾ എത്രയും വേഗം സജ്ജീകരിച്ച് പ്രവർത്തനം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ പണി പൂർത്തിയായ ഫ്ലോറിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി തുടങ്ങുന്നതിനുള്ള അംഗീകാരം നൽകണമെന്നും അതിനുവേണ്ടി വരുന്ന 25 ലക്ഷം രൂപ 2003-2004 വർഷം തന്നെ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി തുടങ്ങുന്നതിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. 2003-2004 വർഷം അധിക തുകയൊന്നും ലഭിച്ചിട്ടില്ല

<u>ശിപാർശ</u>

കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ചെസ്റ്റ് ആശുപത്രിയിൽ ഇന്റൻസീവ് റെസ്പിറേറ്ററി കെയർ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ സ്റ്റാഫിനെ എത്രയും വേഗം നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സ്വീകരിച്ച നടപടി</u>

കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ചെസ്റ്റ് ആശുപത്രിയിൽ ഇന്റൻസീവ് റെസ്പിറേറ്ററി കെയർ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ സ്റ്റാഫിനെ ഇതിനോടകം തന്നെ നിയമിക്കുകയും അതിന്റെ പ്രവർത്തനം ഭംഗിയായി നടന്നുവരികയും ചെയ്യുന്നുണ്ട്.

ശിപാർശ

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടനിരക്കുകൾ കണക്കിലെടുത്ത് നാഷണൽ ഹൈവേയോട് ചേർന്ന താലൂക്ക് ആശുപത്രികളിൽ മിനി ട്രോമാ കെയർ സെന്ററുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

നാഷണൽ ഹൈവേയോട് ചേർന്ന താലൂക്ക് ആശുപത്രികളിൽ മിനി ട്രോമാ കെയർ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

ശിപാർശ

വൈദ്യശാസ്ത്ര രംഗത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു ചികിത്സാകേന്ദ്രമെന്ന സമ്പ്രദായം ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ടെലിമെഡിസിൻ സംവിധാനം കേരളമൊട്ടാകെ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

ടെലിമെഡിസിൻ സംവിധാനം കേരളമൊട്ടാകെ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 25 സെന്ററുകളുണ്ട്. 11 എണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മറ്റുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സി-ഡാക്കുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ

മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനും ആരോഗ്യപരിപാലനം മെച്ചപ്പെടുത്തുന്നതിനും നഴ്സിംഗ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ വിഭാഗങ്ങളുടെ നിയമന നിയന്ത്രണം കൂടി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവരുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി കരുതുന്നു. ഇതിൽ അന്തിമ തീരുമാനം എടുക്കുന്നതിന് മുൻപ് ഈ മേഖലയിലെ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് ഉചിതമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ആരോഗ്യവകുപ്പിൽ നിന്നും നഴ്സിംഗ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ പൂർണ്ണ നിയമന നിയന്ത്രണാധികാരം ഇതിനോടകം തന്നെ 17-6-2009-ലെ ജി.ഒ. (പി) 167/09/ആകുവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

<u>ശിപാർശ</u>

സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിലവിലുള്ള ഡോക്ടർമാരുടെ പുനർവിന്യാസം നടത്തേണ്ടതും അതോടൊപ്പം അധികമുള്ള നോൺ ടെക്നിക്കൽ പോസ്റ്റുകൾ നിർത്തലാക്കി തൽസ്ഥാനത്ത് സ്പെഷ്യാലിറ്റി ഡോക്ടർമാരേയും മറ്റ് ടെക്നിക്കൽ സ്റ്റാഫിനെയും നിയമിക്കേണ്ടതുമാണ്. അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്നും മേൽപ്പറഞ്ഞവിധം സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ പുനർവിന്യാസം നടത്തിയതിനുശേഷവും ഒഴിവുവരുന്ന തസ്തികകളിലേക്ക് പുതിയതായി നിയമനം നടത്തണമെന്നും സമിതിയുടെ 2002-2003-ലെ രണ്ടാമത് റിപ്പോർട്ടിൽ സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ മേൽപ്പറഞ്ഞ ശിപാർശ പരിഗണിക്കുന്നതിൽ ഭരണപരിഷ്കാരം, ധനകാര്യം എന്നീ വകുപ്പുകൾ വിയോജിപ്പ് പ്രകടിപ്പിക്കുന്നതായി സമിതി മനസ്സിലാക്കി. എന്നിരുന്നാലും സമിതിയുടെ മേൽപ്പറഞ്ഞ ശിപാർശ നടപ്പിലാക്കണമെന്നുതന്നെ സമിതി ആവർത്തിച്ച് നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 58, 59)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന്, നിലവിലുള്ള സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ പുനർവിന്യാസം നടത്തിയതിനുശേഷവും ഒഴിവുവരുന്ന തസ്തികകളിലേക്ക് പുതിയതായി നിയമനം നടത്തണമെന്ന്, സമിതിയുടെ 2002-2003-ലെ രണ്ടാമത് റിപ്പോർട്ടിൽ സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ, ആരോഗ്യ വകുപ്പിൽ, സർക്കാർ ഉത്തരവ് ജി.ഒ. (പി) നമ്പർ 69/2010/ആകുവ. തീയതി 17-10-2010 പ്രകാരം സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം നടപ്പിൽ വരുത്തിയിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് അനുസരിച്ച്, എല്ലാ വർഷവും ഡിസംബർ 31 പരിധി നിശ്ചയിച്ച് വകുപ്പിലെ ഡോക്ടർമാരിൽ സ്പെഷ്യാലിറ്റി ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തിവരുന്നു. അതിനുശേഷം വരുന്ന ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി കേഡർ ഇപ്പോഴത്തെ സാഹചര്യത്തിൽ നടപ്പാക്കാനാവില്ല.

ശിപാർശ

സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തിക നിയന്ത്രണത്തിന്റെയും ബുദ്ധിമുട്ടിന്റെയും പേരിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താതിരിക്കുന്ന നടപടിയിൽ സമിതി ഉൽകണ്ഠ രേഖപ്പെടുത്തി. ആരോഗ്യ മേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കുന്നതിനാൽ ധനകാര്യ വകുപ്പിന്റെ പുതിയ തസ്തികകൾ സൃഷ്ടിക്കരുതെന്ന ഉത്തരവ് ആരോഗ്യ മേഖലയിലെ അവശ്യ തസ്തികകളിലേക്കുള്ള നിയമന കാര്യത്തിൽ റിലാക്സ് ചെയ്തു കൊടുക്കേണ്ടതാണെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

ആരോഗ്യവകുപ്പിൽ നിയമന നിരോധനം നിലവിലില്ല. ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തിക നിയന്ത്രണത്തിന്റെയും ബുദ്ധിമുട്ടിന്റെയും പേരിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താതിരിക്കുന്നില്ല.

ശിപാർശ

നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതമായി ലഭിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക തുക പ്രസ്തുത സാമ്പത്തിക വർഷം വകയിരുത്തിയിട്ടില്ല. കേന്ദ്ര സർക്കാർ വിഹിതമായി 2 കോടി രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്.

ശിപാർശ

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ/താലൂക്ക്/ ജനറൽ ആശുപത്രികൾ എന്നിവയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി 7 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ സാലറി കംപോണന്റിൽ തുക

ഉൾപ്പെടുത്താതിരുന്നതുമൂലം സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്താനോ മറ്റ് പരിഷ്കരണ പരിപാടികൾ നടപ്പിലാക്കാനോ സാധിക്കാതെ വരുന്നതായി സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ഇതിലേക്കായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുക പ്രസ്തുത സാമ്പത്തിക വർഷം അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

സംസ്ഥാനത്തെ വിവിധ ആശുപത്രികളിലേയും മെഡിക്കൽ കോളേജിലേയും വെള്ളക്കരവും വൈദ്യുതി ചാർജ്ജും അടച്ചുതീർക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അനുവദിക്കാത്തതുമൂലം പ്രസ്തുത ഇനത്തിൽ കുടിശ്ശിക വരികയും ഇത് വാട്ടർ കണക്ഷനും വൈദ്യുതി കണക്ഷനും വിച്ഛേദിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. ഇത് തികച്ചും നിരാലംബരും സാധുക്കളുമായ രോഗികളെ ബാധിക്കുന്ന ഒരു പ്രശ്നമാകയാൽ ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിലേക്കായി കുടിശ്ശിക അടിയന്തരമായി അടച്ചുതീർക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിലും അവയോടനുബന്ധിച്ചുള്ള ആശുപത്രികളിലും മുൻ കാലങ്ങളിൽ വൈദ്യുതി ചാർജ്ജിനും വെള്ളക്കരം ചാർജ്ജിനും അനുവദിച്ചിരുന്ന ഫണ്ടുകൾ വളരെക്കുറച്ച മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ബഡ്ജറ്റിൽ ആവശ്യം വേണ്ടിവരുന്ന തുകകൾ പ്രസ്തുത ആവശ്യത്തിലേക്കായി അനുവദിക്കുന്നുണ്ട്. കൂടാതെ റ്റി.ഒ.ഡി. മീറ്ററുകൾ സ്ഥാപിക്കുകയും കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തതിന്റെ ഫലമായി സർച്ചാർജ് ഇനത്തിലുള്ള അധിക ചാർജ് ഫലപ്രദമായി നിയന്ത്രിക്കുവാനും സാധിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പിനുകീഴിലുള്ള സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ വെള്ളക്കരം, വൈദ്യുതിക്കരം എന്നിവയിന്മേൽ കുടിശ്ശിക ഇപ്പോൾ നിലവിലില്ല. പ്രസ്തുത സാമ്പത്തിക വർഷം അധിക തുക അനുവദിച്ചിട്ടില്ല.

### ശിപാർശ

കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന് സർക്കാർ വായ്പയായി അനുവദിച്ച 247 ലക്ഷം രൂപ തിരിച്ചടയ്ക്കാൻ കഴിയാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരിക്കയാണ് ഈ സ്ഥാപനം. ആകയാൽ ഈ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

### സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

### ശിപാർശ

തിരുവനന്തപുരം ആയുർവേദ കോളേജിന്റെ കീഴിൽ പ്രവർത്തിക്കുന്ന പഞ്ചകർമ്മ ആശുപത്രിക്കുവേണ്ടി 2003-04 വർഷത്തേക്ക് 65 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പഞ്ചകർമ്മ ആശുപത്രിയിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റു ചെലവുകൾക്കും 2003-04-ലെ നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പ്രൊപ്പോസൽ അയച്ചുവെങ്കിലും യാതൊരു തുകയും അനുവദിച്ചില്ല. ആയതിനാൽ പ്ലാൻ ഹെഡിൽ അനുവദിച്ച 65 ലക്ഷം രൂപ ശമ്പളത്തിനും മറ്റ് ചെലവുകൾ നിർവ്വഹിക്കുന്നതിന് പുനർവിനിയോഗം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

### സ്വീകരിച്ച നടപടി

ജി.ഒ. (ആർറ്റി.) നമ്പർ 8330/03/ഫിൻ. തീയതി 28-10-2003 പ്രകാരം പ്ലാൻ ശീർഷകത്തിൽ നിന്നും 61 ലക്ഷം രൂപ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

### ശിപാർശ

ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിനുവേണ്ടി നോൺ പ്ലാൻ ശീർഷകത്തിൽ തുക അനുവദിക്കാത്തതിനാൽ ജീവനക്കാരുടെ ശമ്പളവും മറ്റ് ചെലവുകളും തിരുവനന്തപുരം ആയുർവേദ കോളേജിന് അനുവദിച്ച തുകയിൽ നിന്നാണ് ചെലവഴിച്ചുവരുന്നത്. ഇത് ഡയറക്ടറേറ്റിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമുള്ള തുക നോൺ പ്ലാൻ ഹെഡിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71, 72)

<u>സ്വീകരിച്ച നടപടി</u>

തുക വകയിരുത്തുകയുണ്ടായില്ല.

<u>ശിപാർശ</u>

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് സ്വന്തമായി ഓഫീസ് കെട്ടിടം ഇല്ലാത്തതിനാൽ 50 ലക്ഷം രൂപ കെട്ടിടം പണിയുന്നതിനായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശ പ്രകാരമുള്ള തുക അനുവദിച്ചില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ അനുവദിച്ച ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ഡയറക്ടറുടെ കാര്യാലയം പൂർത്തീകരിക്കുകയും 2009-ൽ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കും നോൺ പ്ലാൻ ഇനത്തിൽ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ പ്ലാൻ ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള തുകയിൽ നിന്നും ചെലവഴിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്ക് നോൺ പ്ലാൻ ഇനത്തിൽ തന്നെ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സ്വീകരിച്ച നടപടി</u>

തുക വകയിരുത്തുകയുണ്ടായില്ല.

<u>ശിപാർശ</u>

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിനും അതിനോടനുബന്ധിച്ചുള്ള ഫാർമസിക്കും വേണ്ടി 2210-05-101-96-(04) എന്ന ശീർഷകത്തിൽ യാത്രാ ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള 25,000 രൂപയും ഓഫീസ് ചെലവ് എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.37 ലക്ഷം രൂപയും അപര്യാപ്തമാകയാൽ ഇറവ്വ് ആവശ്യമായി വരുന്ന അധിക തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സ്വീകരിച്ച നടപടി</u>

തുക വകയിരുത്തുകയുണ്ടായില്ല.

## ശിപാർശ

ഭാരതീയ ചികിത്സാവകുപ്പിനുകീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളിലായി ഏകദേശം 30,00,000 രൂപ വൈദ്യുതി ചാർജ് ഇനത്തിലും 5,00,000 രൂപ വെള്ളക്കരം ഇനത്തിലും കുടിശ്ശികയുള്ളതായി സമിതിയിൽ വെളിപ്പെടുത്തപ്പെട്ടു. കൂടാതെ ഔഷധം വാങ്ങിയ ഇനത്തിൽ 1,00,00,000 രൂപ ഔഷധിക്കും നൽകാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽപ്പറഞ്ഞ കുടിശ്ശിക തീർക്കാൻ പര്യാപ്തമായ തുക ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

## സ്വീകരിച്ച നടപടി

വെള്ളക്കരം, വൈദ്യുതി ചാർജ് എന്നിവ നൽകുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് മാത്രമാണ് വകുപ്പിൽ നിന്നും വെള്ളം, വൈദ്യുതി എന്നിവയ്ക്ക് തുക അനുവദിക്കുന്നത്. നിലവിൽ വൈദ്യുതി ചാർജ്, വെള്ളക്കരം, ഔഷധം എന്നീ ഇനങ്ങളിൽ കുടിശ്ശികയില്ല.

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ളവയാണ്.

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-06)

## ശിപാർശ

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ വെയ്സ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഇപ്പോൾ നിലവിലില്ല. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇതിലേക്കായി 25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

## സ്വീകരിച്ച നടപടി

വെയ്സ്റ്റ് വാട്ടർ ട്രീറ്റ്മെന്റിന് ആശുപത്രി വികസന സമിതിയുടെയും പഞ്ചായത്ത് മുനിസിപ്പാലിറ്റികളുടെയും സഹകരണത്തോടെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടില്ല.

ശിപാർശ

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 50 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഒന്നരക്കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

ഈ ശീർഷകത്തിൽ 5 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷത്തിൽ മൂന്ന് ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 45 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ഈ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

പകർച്ചവ്യാധികളായ ഡെങ്കിപ്പനി, ഹെപ്പറ്റിറ്റീസ്, എലിപ്പനി, മലമ്പനി, കോളറ എന്നിവ നിയന്ത്രിക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുന്നതിന് ഈ വർഷം 75 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക 150 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇതിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി 2005-06-ൽ വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപ തികച്ചും അപര്യാപ്തമാകയാൽ ഈ ആവശ്യത്തിലേക്കായി 70 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

2005-06 സാമ്പത്തിക വർഷത്തിൽ 2210-06-102-99 എന്ന ശീർഷകത്തിൽ അനുവദിച്ച 30 ലക്ഷം കൂടാതെ സമിതി ശിപാർശ ചെയ്ത 70 ലക്ഷം അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

നിർദ്ധനരായവർക്ക് ചലനക്ഷമത നൽകുന്ന ഉപകരണങ്ങൾ വിതരണം ചെയ്യുകയും അംഗവൈകല്യം പ്രാരംഭത്തിൽ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി ആരോഗ്യ വകുപ്പ് ജീവനക്കാർ, സന്നദ്ധ സംഘടന, അധ്യാപകർ എന്നിവർക്ക് പരിശീലനം നൽകുകയാണ് ചലനവൈകല്യം സംഭവിച്ചവരുടെ ക്ഷേമത്തിനുള്ള സൊസൈറ്റി ചെയ്യുന്നത്. ഈ ഇനത്തിൽ 10 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക 30 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ച് കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് നൽകുന്നതിനും സ്കൂളുകളുടെ മൈനർ വർക്ക് നടത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ശീർഷകത്തിൽ 50 ലക്ഷമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് അനുവദിച്ചിട്ടുള്ള നഴ്സിംഗ് കോളേജിന് ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തൃശ്ശൂർ നഴ്സിംഗ് കോളേജിന് പ്രത്യേകമായി 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

2005-2006 വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

ജൈവാവശിഷ്ടങ്ങളുടെ സംസ്കരണ സംവിധാനത്തിനായി 2005-06-ൽ നീക്കിവച്ചിട്ടുള്ളത് 50 ലക്ഷം രൂപ മാത്രമാണ്. ആശുപത്രികളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങളിൽ 15% രോഗം പരത്തുന്നവയാകയാൽ, അടിയന്തരമായി അവ സംസ്കരിക്കേണ്ടതുണ്ട്. ആയതിനാൽ ഡി.എച്ച്.എസ്.-ന്റെ കീഴിലുള്ള ആശുപത്രികളിലെ മാലിന്യ സംസ്കരണത്തിനായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ മെഡിക്കൽ സ്റ്റോറുകൾ ശക്തിപ്പെടുത്തുന്നതിനായി 27 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക അപര്യാപ്തമാകയാൽ 60 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ച് കിട്ടിയിട്ടില്ല.

ശിപാർശ

2005-2006-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ശേഷിക്കുന്ന വിഭാഗങ്ങളെയും കമ്പ്യൂട്ടർവൽക്കരിച്ച് സെക്രട്ടേറിയറ്റും ജില്ലാ മെഡിക്കൽ ഓഫീസുകളുമായി ബന്ധിപ്പിക്കുന്നതിനായി ശൃംഖലാവലയം സ്ഥാപിക്കുന്നതിനും വിവരശേഖരണം പുതുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഹെൽത്ത് പ്രോജക്ടുകൾ ശേഖരിച്ച് മോണിറ്ററിംഗ് നടത്തുവാനും ഉദ്ദേശിക്കുന്ന ഈ പദ്ധതിക്കായി 25 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഈ ശീർഷകത്തിൽ 75 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

തുടർ മെഡിക്കൽ വിദ്യാഭ്യാസത്തിനും വിദൂരങ്ങളിലെ വിവിധ ആശുപത്രികളിലെ രോഗികൾക്ക് വിദഗ്ദ്ധ ആരോഗ്യപരിപാലനം ലഭ്യമാക്കുന്നതിനുമായി കേരള സർക്കാർ ടെലി ഹെൽത്ത് ആന്റ് മെഡിക്കൽ എഡ്യൂക്കേഷൻ എന്ന കോളേജ് ആരംഭിച്ച ആറ് മെഡിക്കൽ കോളേജുകൾ, 10 ജില്ലാ ആശുപത്രികൾ, അട്ടപ്പാടിയിലെ സാമൂഹ്യാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2004-05-ൽ തുടങ്ങിയ ISRO-യുടെ സഹായത്തോടെയുള്ള ഈ പ്രോജക്ട് എത്രയും വേഗം കമ്മീഷൻ ചെയ്യേണ്ടതും പ്രവർത്തനക്ഷമമാക്കേണ്ടതുമുണ്ട്. ഇതിലേക്കായി നടപ്പുവർഷം 30 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 7 കോടി രൂപ കൂടി ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66B)

സ്വീകരിച്ച നടപടി

2005-06 വർഷം അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ഇതിലേക്കായി കൂടുതൽ തുക അനുവദിക്കുകയും അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും ടെലി ഹെൽത്ത് യൂണിറ്റ് ഐ.എസ്.ആർ.ഒ.യുടെ സഹായത്തോടെ സ്ഥാപിച്ചിട്ടുമുണ്ട്.

ശിപാർശ

തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് മുമ്പ് സർക്കാർ ഏറ്റെടുത്ത ആശുപത്രി കെട്ടിടങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്. ഈ ജോലികൾ ഒരു ഘട്ടത്തിലെത്തേണ്ടതും അത് ഒരിക്കലും ഒരു പാഴ്ച്ചെലവിലേക്ക് നയിക്കുന്നതുമായിരിക്കരുത്. കൂടാതെ അവശേഷിക്കുന്ന ജോലികൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കേണ്ടതുണ്ട്. ഇതിനായി 590 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 150 ലക്ഷം രൂപ എം.ജി.പി. സംബന്ധമായ പരിപാടികൾക്കാണ്. ഈ തുക കുറവായതിനാൽ 15 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളുടെയും ബ്ലോക്കുതല പോസ്റ്റ്-പാർട്ടം സെന്ററുകളുടെയും നടത്തിപ്പ് സംബന്ധിച്ച് ഈ ശീർഷകത്തിൽ ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇതിലേക്കായി 25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

K.H.R.W.S.-ന്റെ കീഴിൽ കോഴിക്കോട് മേഖലയിൽ ഒരു IV Fluid Unit സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചുവെങ്കിലും ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. പ്രസ്തുത യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലും അനുബന്ധ സ്ഥാപനങ്ങളിലും സർക്കാർ നവീകരണ പരിപാടിയുടെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനുവേണ്ടി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്ക് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയവും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് തീരുമാനിച്ചു. ഇതിനുവേണ്ടി 1 കോടി രൂപ 2005-06 പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല. ആയതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

കമ്പ്യൂട്ടർവൽക്കരണത്തിന് മാത്രമായി തുക അനുവദിച്ചിട്ടില്ല. എന്നാൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന്റെ നവീകരണത്തിനായി 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ അനുവദിച്ച തുകയുടെ വിവരം.

| വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2007-08 | 12.14 |
| 2008-09 | 15.00 |
| 2009-10 | 62.75 |
| 2010-11 | 112.00 |
| 2011-12 | 80.00 |
| 2012-13 | 50.00 |
| ആകെ | 331.89 |

ശിപാർശ

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെയും ദന്തൽ കോളേജുകളിലെയും ഹൗസ്‌സർജൻമാർക്കും പി.ജി. വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റും സ്കോളർഷിപ്പും നൽകുന്നതിന് ഈ വർഷം അനുവദിച്ചത് 13.09 കോടി രൂപയാണ്. ഈ തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ കൂടി ഇതിനായി പദ്ധതിയേതര ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ മെഡിക്കൽ, ദന്തൽ കോളേജുകൾക്ക് സ്റ്റൈപ്പന്റ് ആൻറ് സ്കോളർഷിപ്പ് ഇനത്തിൽ അധികം വേണ്ടിവന്നിരുന്ന മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ

കോഴിക്കോട് നഴ്സിംഗ് ഹോസ്റ്റലിന് പുതിയ ബ്ലോക്ക് പണിയുന്നതിനാവശ്യമായ 10 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും മരാമത്ത് പണികളുടെ വിശദവിവരങ്ങൾ

അടങ്ങിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഇത് ഉൾക്കൊള്ളിച്ചതായി കാണുന്നില്ല. ആകയാൽ 10 ലക്ഷം രൂപ 4210-03-105-96 എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

<u>സ്വീകരിച്ച നടപടി</u>

2005-2006 വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കേരളത്തിലെ എയ്ഡ്സ് രോഗികൾക്ക് വേണ്ടി ആന്റി റിട്രോ വൈറൽ എന്ന മരുന്ന് സൗജന്യമായി നൽകുന്ന പദ്ധതി സർക്കാർ അംഗീകരിക്കുകയും ഇതനുസരിച്ച് ഈ മരുന്ന് എയ്ഡ്സ് രോഗികൾക്ക് നൽകുന്നുമുണ്ട്. ഇതിന് ഏകദേശം 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഈയിനത്തിൽ ഉണ്ടാകുന്ന ചെലവുകൾക്ക് അക്കൗണ്ടബിലിറ്റി വേണമെന്നും ശരിയായ ആഡിറ്റിംഗ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

<u>സ്വീകരിച്ച നടപടി</u>

എയ്ഡ്സ് രോഗികൾക്ക് വേണ്ടതായ ആന്റി റിട്രോ വൈറൽ മരുന്ന് നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ സൗജന്യമായാണ് ലഭ്യമാക്കുന്നത്. ആയതിനാൽ അധിക തുക വകയിരുത്തിയിട്ടില്ല. നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ വിതരണം നടത്തിയിരുന്ന ആന്റി റിട്രോ വൈറൽ മരുന്നുകളെ സംബന്ധിച്ച് നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ തന്നെ ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ചിട്ടുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീമും മുകളിൽ പ്രതിപാദിച്ചിട്ടുള്ള മരുന്നുകളെ സംബന്ധിച്ച് ആഡിറ്റ് നടത്തുവാൻവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

കോഴിക്കോട് മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ് എന്നിവയിലേക്ക് മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം അനുസരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയില്ലെങ്കിൽ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം സുഗമമായി നടത്താൻ കഴിയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആവശ്യപ്പെട്ട തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സ്വീകരിച്ച നടപടി

2005-2006 കാലയളവിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ 20-ഉം കോട്ടയം മെഡിക്കൽ കോളേജിൽ 13-ഉം പുതിയ തസ്തികകൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. എന്നാൽ 2006-2007-ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ 21-ഉം 2007-08-ൽ കോഴിക്കോട്, കോട്ടയം എന്നിവിടങ്ങളിൽ 1 വീതവും 2010-11-ൽ ആലപ്പുഴയിൽ 32-ഉം കോട്ടയത്ത് 40-ഉം കോഴിക്കോട് ഒന്നും 2012-13-ൽ ആലപ്പുഴയിൽ 44-ഉം കോഴിക്കോട് 76-ഉം കോട്ടയത്ത് 59-ഉം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ശിപാർശ

വാഹനം ഇല്ലാത്ത 9 (ഒൻപത്) ജില്ലാ ഓഫീസുകളിൽ വാഹനം വാങ്ങുന്നതിനായി ഒരു ജില്ലക്ക് 4 (നാല്) ലക്ഷം രൂപ എന്ന തോതിൽ 36 ലക്ഷം രൂപയും പകർച്ച വ്യാധികളുടെ നിയന്ത്രണത്തിനായി 50 (അൻപത്) ലക്ഷം രൂപയും ആയുർവേദത്തിന്റെ പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങളുടെ പ്രചരണത്തിനായി 5 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സ്വീകരിച്ച നടപടി

2005-06 സാമ്പത്തിക വർഷത്തിൽ വാഹനം ഇല്ലാത്ത 9 ജില്ലകളിൽ വാഹനം വാങ്ങുന്നതിനായി ഒരു ജില്ലക്ക് 4 ലക്ഷം രൂപ എന്ന തോതിൽ 36 ലക്ഷം രൂപയും പകർച്ച വ്യാധികളുടെ നിയന്ത്രണത്തിനായി 50 ലക്ഷം രൂപയും ആയുർവേദത്തിന്റെ പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങളുടെ പ്രചരണത്തിനായി 5 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തുവെങ്കിലും ടി കാലയളവിൽ ഗവൺമെന്റിൽനിന്നും ഫണ്ട് അനുവദിച്ചിരുന്നില്ല.

2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ വാഹനം വാങ്ങുന്നതിനും പകർച്ചവ്യാധികളുടെ പ്രതിരോധനത്തിനും, ആയുർവേദ പാരമ്പര്യ ചികിത്സാ പ്രചരണത്തിനും തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ

ആശുപത്രിയായി പ്രവർത്തിക്കാൻ സൗകര്യപ്രദമായ കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നിലവിലുള്ളതും വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതുമായ ഡിസ്പെൻസറികളെ ആശുപത്രികളാക്കി ഉയർത്തുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സ്വീകരിച്ച നടപടി

ഗ്രാമീണ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിനായി ആവശ്യമായ തുക വകയിരുത്താൻ സാധിച്ചില്ല. എന്നാൽ 2010-11 സാമ്പത്തിക വർഷത്തിൽ 2 ഡിസ്പെൻസറികളും, 2011-12 വർഷത്തിൽ ഒരു ഡിസ്പെൻസറിയും, 2013-14 വർഷത്തിൽ 2 ഡിസ്പെൻസറികളും, 2014-15 വർഷത്തിൽ 5 ഡിസ്പെൻസറികളും ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ആശുപത്രികളുടെ നവീകരണത്തിനായി പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിവരുന്നുണ്ട്.

ശിപാർശ

മോഡണൈസേഷൻ ആന്റ് കമ്പ്യൂട്ടറൈസേഷൻ എന്ന ശീർഷകത്തിൽ 25,00,000 രൂപ ആവശ്യപ്പെടുകയും എന്നാൽ 16,00,000 രൂപ അനുവദിക്കുകയുമുണ്ടായി. ഈ തുക അപര്യാപ്തമാണ്. പേറ്റന്റ് സെൽ രൂപീകൃതമായതോടുകൂടി ഇതിൽ നിയമിതമായ ജീവനക്കാർക്ക് വേതനം കൊടുക്കുവാൻ ഈ തുക തികയാതെ വരുന്നു. ആയതിനാൽ 9 ലക്ഷം രൂപ കൂടി അനുവദിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സ്വീകരിച്ച നടപടി

തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2004-05 സാമ്പത്തിക വർഷം ആയുർവേദ കോളേജ് ഫാർമസിയിൽ മരുന്ന് നിർമ്മിക്കുന്നതിനായി 2210-02-101-96(24) എന്ന ശീർഷകത്തിൽ 27,00,000 രൂപ വകയിരുത്തിയിരിക്കുന്നു. 2005-06 സാമ്പത്തിക വർഷത്തിലേക്ക് മരുന്നു നിർമ്മാണത്തിനായി തുക ഒന്നും തന്നെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കുറഞ്ഞത് 75,00,000 രൂപയെങ്കിലും ഈ ഇനത്തിൽ വകയിരുത്തിയാൽ മാത്രമേ ഫാർമസിയിൽ മരുന്നു നിർമ്മാണം സുഗമമായി നടക്കുകയുള്ളൂ. തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൂജപ്പുര-പഞ്ചകർമ്മ ആശുപത്രി എന്നിവിടങ്ങളിൽ വരുന്ന രോഗികൾക്ക് (ഐ.പി., ഒ.പി.) ഈ ഫാർമസിയിൽ നിർമ്മിക്കുന്ന മരുന്നാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ 75,00,000 രൂപ 2210-02-101-96(24) എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സ്വീകരിച്ച നടപടി

26-5-2005-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 4165/05/ഹിൻ. പ്രകാരം പ്രസ്തുത ശീർഷകത്തിൽ 27,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-07)

### ശിപാർശ

മെന്റൽ ഹെൽത്ത് സെന്ററുകൾക്ക് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനും അത്യാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനും 2006-07-ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രസ്തുത സെന്ററുകളുടെ പ്രവർത്തനത്തിനാവശ്യമായ 35 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

### സ്വീകരിച്ച നടപടി

2006-07 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന് 48 ലക്ഷം രൂപയും തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിന് 25 ലക്ഷം രൂപയും കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന് 25 ലക്ഷം രൂപയും 2006-07 ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകിയിരുന്നു. സമിതി ശിപാർശ ചെയ്തിരുന്ന 35 ലക്ഷം രൂപ അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

### ശിപാർശ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ നെന്മാറ, പീരുമേട്, സുൽത്താൻ ബത്തേരി എന്നീ സ്ഥലങ്ങളിൽ മൂന്ന് ദന്തൽ ക്ലിനിക്കുകൾ വർഷങ്ങൾക്കുമുമ്പ് അനുവദിച്ചിരുന്നുവെങ്കിലും ആവശ്യമായ സ്റ്റാഫിന്റെ അഭാവത്തിൽ പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ലെന്ന് ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. ആവശ്യത്തിനുള്ള തസ്തികകൾ സൃഷ്ടിച്ച് ഈ ദന്തൽ ക്ലിനിക്കുകൾ പ്രവർത്തനമാരംഭിക്കുന്നതിനായി 6.85 ലക്ഷം രൂപ കൂടി അധികമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

### സ്വീകരിച്ച നടപടി

2006-2007-ൽ സമിതി നിർദ്ദേശിച്ച അധിക തുക സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം വകയിരുത്താൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും നെന്മാറ, സുൽത്താൻ ബത്തേരി എന്നീ ആശുപത്രികളിൽ എൻ.ആർ.എച്ച്.എം.-ന്റെ സേവനം ഉപയോഗപ്പെടുത്തി ദന്തൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

ശിപാർശ

മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും സ്റ്റൈപ്പന്റും നൽകുന്നതിന് 20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമാണെന്നും മെഡിക്കൽ കോളേജുകളിലെ പ്രധാന വർക്ക് ഫോഴ്സ് എന്ന് പറയുന്നത് പി.ജി.വിദ്യാർത്ഥികളാണെന്നും സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. അവരുടെ സ്കോളർഷിപ്പും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം അതിനാവശ്യമായ 4 കോടി രൂപ കൂടി അടിയന്തരമായി ഈ വർഷം തന്നെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പെന്റ് ഇനത്തിൽ ആവശ്യം വേണ്ടിവന്നിരുന്ന 2,05,68,000 രൂപ 2006-07 വർഷം അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

മെഡിക്കൽ കോളേജ് ആശുപത്രികളിലെ മരുന്ന്, ഭക്ഷണ സാധനങ്ങൾ എന്നിവയുടെ വിതരണത്തിലെ ദൗർലഭ്യം പരിഹരിക്കുന്നതിനായി 7 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ച് കിട്ടിയിട്ടില്ല.

ശിപാർശ

കോട്ടയം മെഡിക്കൽ കോളേജിൽ നടന്നുവരുന്നതും 2006-07-ൽ തുടങ്ങേണ്ടതുമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 350 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 250 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഇതിൽ ഉൾപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടനിർമ്മാണത്തിനായി 10 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഹോസ്റ്റലിന്റെ നിർമ്മാണം ഈ വർഷം തന്നെ പൂർത്തിയാക്കേണ്ടതുള്ളതിനാൽ 10 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

കോട്ടയം മെഡിക്കൽ കോളേജിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടനിർമ്മാണത്തിനായി അധിക ഫണ്ട് 2006-07 വർഷം അനുവദിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ ഫണ്ട് ലഭിക്കുകയും പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

• റീജിയണൽ ക്യാൻസർ സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തുക ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കേരളത്തിൽ ഏകദേശം 34000 പുതിയ രോഗികൾ ഉണ്ടെന്നും അതിൽ മൂന്നിലൊന്ന് ഭാഗം ആർ.സി.സി.യെയാണ് ആശ്രയിക്കുന്നതെന്നും ആർ.സി.സി. ഡയറക്ടർ സമിതിയെ അറിയിച്ചു. ക്യാൻസർ രോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ ആർ.സി.സി.യുടെ സുഗമമായ പ്രവർത്തനത്തിനായി 4 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ച് കിട്ടിയിട്ടില്ല.

ശിപാർശ

രണ്ട് ഗവൺമെന്റ് കോളേജുകളും മൂന്ന് എയ്ഡഡ് കോളേജുകളുമുള്ള ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസത്തിന് ഒരു ഡയറക്ടറേറ്റ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സമിതി ഗൗരവപൂർവ്വം കാണുന്നുവെന്നും ആയതിനാൽ ഹോമിയോ ഡയറക്ടറേറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

വിവിധ തദ്ദേശീയ ഭാരതീയ ചികിത്സാ സമ്പ്രദായങ്ങൾക്ക് ഒരു പൊതു ഡയറക്ടറേറ്റ് എന്ന ആശയം സ്വാഗതാർഹമാണെങ്കിലും ഭാരത സർക്കാരിന്റെ AYUSH ഡയറക്ടറേറ്റ് എന്ന ആശയം പ്രാവർത്തികമാക്കുന്നതാണ് കൂടുതൽ പ്രായോഗികം. സംസ്ഥാനത്ത്

AYUSH വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ ഹോമിയോ കോളേജ് ഡയറക്ടറേറ്റിനായുള്ള ശിപാർശ ഇപ്പോൾ പരിഗണിക്കേണ്ടതിന്റെ ആവശ്യകത കാണുന്നില്ല.

ശിപാർശ

കോട്ടയം, എറണാകുളം ഹോമിയോ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ അവിടുത്തെ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാത്ത അവസ്ഥയുണ്ടെന്ന് ഹോമിയോ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ അറിയിച്ചു ഈ അവസ്ഥ പരിഹരിക്കുന്നതിനായി 75 ലക്ഷം രൂപ കൂടി ഈ ആവശ്യത്തിന് വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

കോട്ടയം, എറണാകുളം ഹോമിയോ മെഡിക്കൽ കോളേജുകളിൽ 2006-ന് ശേഷം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് യാതൊരു പ്രശ്നങ്ങളും ഉണ്ടായിരുന്നില്ല. ടി സാഹചര്യത്തിൽ അധിക തുക ആവശ്യമില്ലാതിരുന്നതിനാൽ സമിതി ശിപാർശ ചെയ്ത തുകയായ 75 ലക്ഷം രൂപ അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2210-05-800-79-09 ശീർഷകത്തിൽ 2006-07 വർഷത്തിലെ ബഡ്ജറ്റിൽ പ്ലാൻ ഇനത്തിൽ 600 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 105.95 ലക്ഷം രൂപയുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കെട്ടിടനിർമ്മാണം, ഉപകരണം വാങ്ങൽ, ശുദ്ധജല വിതരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിനാൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള 600 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 395 ലക്ഷം രൂപ കൂടി അധികമായി പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ച് കിട്ടിയിട്ടില്ല

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

### ശിപാർശ

സംസ്ഥാനത്തെ പകർച്ചവ്യാധികളുടെ മാറി വരുന്ന വ്യാപന രീതികൾ പരിഗണിച്ച് ചികിത്സയിലും അസുഖം കണ്ടെത്തുന്ന രീതിയിലും കാലാനുസൃതമായ മാറ്റം നിർബന്ധിതമായിരിക്കുന്ന സാഹചര്യത്തിൽ താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, പ്രസവശുശ്രൂഷാ ആശുപത്രികൾ മുതലായവയിൽ തീവ്രപരിചരണ യൂണിറ്റുകൾ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും വാർഷിക മെയിന്റനൻസിനും ബയോമെഡിക്കൽ എഞ്ചിനീയറിംഗ് യൂണിറ്റ് സഹായിക്കുന്നതിനുമായി 2007-08 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപയ്ക്ക് പുറമെ 30 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

### സ്വീകരിച്ച നടപടി

പ്രസ്തുത ആവശ്യത്തിലേക്കായി 75 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

### ശിപാർശ

ആരോഗ്യ മേഖലയിൽ പരിഷ്കരണത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി മുതലായ സ്പെഷ്യാലിറ്റി വകുപ്പുകൾ ഏറ്റവും പുതിയ ഉപകരണങ്ങളോടുകൂടി തുടങ്ങുന്നതിനും, ആശുപത്രി ഭരണ നിർവ്വഹണ രംഗത്ത് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു അഡ്മിനിസ്ട്രേറ്റീവ് കേഡർ വികസിപ്പിക്കുന്നതിന് തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 100 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി കേഡർ ആരംഭിക്കുകയും ചെയ്തിരുന്നു. ഈ ആവശ്യത്തിലേക്ക് 20 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റു അനുബന്ധപ്രവർത്തനങ്ങൾക്കുമായി ഈ തുക അപര്യാപ്തമാകയാൽ 80 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

### സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

<u>സ്വാതന്ത്ര്യ സമരസേനാനികൾക്കായുള്ള മെഡിക്കൽ റി-ഇംപേഴ്സ്മെന്റ്</u>

ഈ ആവശ്യത്തിലേക്ക് അനുവദിച്ചിട്ടുള്ള 30 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51 )

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ആവശ്യത്തിലേക്കായി 2007-08 സാമ്പത്തിക വർഷം 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

ആശയവിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഈ സൊസൈറ്റിക്ക് കെട്ടിട നിർമ്മാണത്തിനായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

2007-08 വർഷം ഐക്കോൺസിന്റെ ഷൊർണ്ണൂരിലെ നിർമ്മാണ പ്രവർത്തനത്തിനായി പദ്ധതിയിനത്തിൽ കൂടുതലായി തുക അനുവദിച്ചിട്ടില്ല. എന്നാൽ 2008-09 വർഷത്തിൽ എൻ.ആർ.എച്ച്.എം. അനുവദിച്ച തുക ഉപയോഗിച്ച് ഷൊർണ്ണൂരിൽ ആശുപത്രിയുടെ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം നടത്തിയിട്ടുണ്ട്. രണ്ടാം ഘട്ട വികസനത്തിന് പ്രാരംഭ ഗഡുവായി 2014-15 വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

ഭക്ഷണ വസ്തുക്കളിൽ മായം ചേർക്കൽ സംബന്ധിച്ചുള്ള പരാതി വ്യാപകമായിരിക്കയാണെന്നും ഇത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും സമിതി വിലയിരുത്തി. ഈ വിഷയത്തിൽ 20 ലക്ഷം രൂപ മാത്രമേ ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

2007-2008-ലെ ബഡ്ജറ്റ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 20 ലക്ഷം കൂടാതെ അധികമായി തുകയൊന്നും പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

ചിക്കുൻഗുനിയ പോലുള്ള പകർച്ച വ്യാധികൾ സംസ്ഥാനത്ത് അടിക്കടി പ്രത്യക്ഷപ്പെടുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഇതിലേക്കായി 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

അധികമായി 275 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

ശിപാർശ

നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്ന ഈ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ മാത്രമേ ഈ വർഷം വകയിരുത്തിയിട്ടുള്ളൂ. ധനസഹായത്തിനായി ഏകദേശം 1100 ഓളം അപേക്ഷകൾ നിലവിലുണ്ടെന്നും ഇതിനായി ഇപ്പോൾ അനുവദിച്ച 20 ലക്ഷം രൂപ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ ആവശ്യത്തിലേക്ക് 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശക്തിയായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

2007-08-ൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ 5 കോടി രൂപ 2007-08-ൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

സാധാരണ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന ജില്ല/താലൂക്ക്/ജനറൽ ആശുപത്രികളുടെ സൗകര്യങ്ങളിലെ പോരായ്മകൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും ഇത്തരം പോരായ്മകൾ പരിഹരിക്കേണ്ടത് അത്യാവശ്യമാണെന്ന് വിലയിരുത്തുകയും ചെയ്തു. ഈയിനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 1 കോടി രൂപ അപര്യാപ്തമാകയാൽ 3 കോടി രൂപ അധികമായി വകകൊള്ളിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ആവശ്യത്തിലേക്കായി 65 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

ഡി.എം.ഇ-യുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ നഴ്സിംഗ്/പാരാമെഡിക്കൽ സ്റ്റാഫ്, ഡി.എച്ച്.എസ്.-ന്റെ അധികാര പരിധിയിലാണെന്നും ഇത് ഭരണപരമായി വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ഇത് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് നഴ്സിംഗ്/പാരാമെഡിക്കൽ സ്റ്റാഫിന്റെ നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ദ്വിഭരണ സമ്പ്രദായം നിർത്തലാക്കിയതോടു കൂടി നിലവിൽ നഴ്സിംഗ്/പാരാമെഡിക്കൽ സ്റ്റാഫിന്റെ നിയന്ത്രണം 1-6-2007-ലെ സ.ഉ. (എംഎസ്.) നമ്പർ 124/2007/ആ.ക.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്. ദൈനംദിന ഔദ്യോഗിക കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ സ്റ്റാഫുകളെ ഡി.എം.ഇ. യുടെ കീഴിൽ വിന്യസിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

മെഡിക്കൽ/ദന്തൽ നഴ്സിംഗ് കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും യന്ത്രോപകരണങ്ങളും അവശ്യസാധനങ്ങളും വാങ്ങുന്നതിനും മറ്റു ചെലവുകൾക്കുമുള്ള ധനസഹായം എന്നിവയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള തുക അപര്യാപ്തമാകയാൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സ്വീകരിച്ച നടപടി</u>

2007-08 സാമ്പത്തിക വർഷം യന്ത്രോപകരണങ്ങളും സാധന സാമഗ്രികളും വാങ്ങുന്നതിനായി പദ്ധതിയിനത്തിൽ 7.14 കോടി രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിന് കേന്ദ്ര സഹായമായി ലഭിച്ച 2,40,00,000 രൂപ ഉൾപ്പെടെ പദ്ധതിയേതരയിനത്തിൽ 18,90,54,000 രൂപയും ലഭിച്ചു. മൂലധന ശീർഷകത്തിൽ 2007-08-ൽ 19.38 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

തിരുവനന്തപുരം മെഡിക്കൽ കോളേജ്, മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം എന്നിവിടങ്ങളിലേതുപോലെ വിവരസാങ്കേതികവിദ്യയുടെ ഉപയോഗം മറ്റു മെഡിക്കൽ കോളേജുകളിൽകൂടി വ്യാപിക്കുന്നതിനായുള്ള സി-ഡാക്കിന്റെ പദ്ധതി നടത്തിപ്പിനായി 900 ലക്ഷം രൂപ ഒരു പുതിയ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

ഇതിലേക്കായി 2007-08 സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലും ഡയറക്ടറേറ്റിലും സി-ഡാക്കിന്റെ വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി നടപടികൾ കൈക്കൊണ്ടെങ്കിലും അത് പൂർത്തീകരിച്ചിട്ടില്ല. ഇതിന്റെ വിജയകരമായ പ്രവർത്തനം വിലയിരുത്തിയശേഷം മറ്റ് മെഡിക്കൽ കോളേജുകളിൽ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

സംസ്ഥാനത്തെ നഴ്സിംഗ് വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി ഈ വർഷം തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല. ഇത് പുതിയ നഴ്സിംഗ് കോളേജുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 5 കോടി രൂപ ഇതിനായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

നഴ്സിംഗ് വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി 2007-08 സാമ്പത്തിക വർഷം 17,97,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2010-11 സാമ്പത്തിക വർഷം പ്രസ്തുത ആവശ്യത്തിലേക്കായി 60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ഹോളിസ്റ്റിക് മെഡിക്കൽ വിഭാഗം ശക്തിപ്പെടുത്തുന്നതിലേക്ക് ഈ വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനുവേണ്ടി പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക് 20 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

കൗൺസലിംഗ് സെന്ററുകൾ തുടങ്ങുകയും ആത്മഹത്യ തടയുന്നതിനുള്ള ക്ലിനിക്കുകൾ ആരംഭിക്കുകയുമാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. പദ്ധതിക്കായി 5 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കേരളത്തെ സംബന്ധിച്ച് ഇത് ഒരു സുപ്രധാനമായ പദ്ധതിയായതിനാൽ ഈ ആവശ്യത്തിലേക്ക് 25 ലക്ഷം രൂപകൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ചിരിക്കുന്ന തുക, സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് പര്യാപ്തമല്ല. ആയതിനാൽ എല്ലാ മെഡിക്കൽ കോളേജുകൾക്കുമായി ഈയിനത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷം ഇതിലേക്കായി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

മെഡിക്കൽ/ദന്തൽ കോളേജുകളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നിലവിലുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ പരിമിതമാണെന്നും അവ മെച്ചപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും സമിതി കരുതുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്ക് ഓരോ മെഡിക്കൽ കോളേജിനും 2 കോടി രൂപ വീതം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

2007-2008-ൽ വിവിധ മെഡിക്കൽ കോളേജ്/ദന്തൽ കോളേജ് ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി 58,34,000 രൂപ അനുവദിച്ചു.

ശിപാർശ

മെഡിക്കൽ കോളേജിലെ കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശാനുസരണം 178 അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടതുണ്ടെന്ന് ബോദ്ധ്യമായതിനാൽ ടി തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ പുതിയ തസ്തികകൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അദ്ധ്യാപക തസ്തികകളുടെ എണ്ണം കുറച്ചതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായി വന്നില്ല.

ശിപാർശ

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആവശ്യമായി വരുന്ന മരുന്നുകളും മറ്റു സാധന സാമഗ്രികളും വാങ്ങുന്നതിന് 6,17,50,000 രൂപ നിർദ്ദേശിച്ചിരുന്നെങ്കിലും 4,96,87,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ ബഡ്ജറ്റിൽ നിർദ്ദേശിച്ച തുക തന്നെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിന് അധിക തുക സമാഹരണം ഉൾപ്പെടെ 5,73,87,000 രൂപ അനുവദിച്ചു.

ശിപാർശ

ആർ.സി.സി.യിൽ എത്തുന്നതിനേക്കാൾ വളരെയധികം ക്യാൻസർ രോഗികൾ മറ്റു മെഡിക്കൽ കോളേജുകളിൽ എത്തുന്നുണ്ടെന്നും അവിടെയുള്ള റേഡിയോ തെറാപ്പി വിഭാഗം ശക്തിപ്പെടുത്തിയാൽ വളരെയധികം പാവപ്പെട്ട രോഗികൾക്ക് ചികിത്സ നൽകാനാവുമെന്നും സമിതി അഭിപ്രായപ്പെട്ടു. അതിനാൽ 5 മെഡിക്കൽ കോളേജുകളിലേയും റേഡിയോ തെറാപ്പി വിഭാഗം ശക്തിപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 5 മെഡിക്കൽ കോളേജുകളിലും ക്യാൻസർ രോഗികളുടെ ചികിത്സയ്ക്കായി റേഡിയോ തെറാപ്പി വിഭാഗം പ്രവർത്തിച്ചുവരുന്നു. ആധുനിക ചികിത്സാ ഉപകരണങ്ങൾ ഇവിടെ ലഭ്യമായിട്ടുണ്ട്. മൂന്ന് മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലേറ്റർ എന്ന അത്യാധുനിക ഉപകരണം വാങ്ങി സ്ഥാപിച്ചിട്ടുള്ളതും മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നതുമാകുന്നു. മറ്റ് രണ്ട് മെഡിക്കൽ കോളേജുകളിൽ പ്രസ്തുത ഉപകരണം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

ശിപാർശ

കെ.എച്ച്.ആർ.ഡബ്ല്യു.എസി.ന്റെ അധീനതയിലുള്ള പേവാർഡുകളെല്ലാം 10 വർഷത്തിൽ കൂടുതൽ പഴക്കം ചെന്നതും കാലാനുസൃതമായി അറ്റകുറ്റപണികൾ നടത്താത്തതുമായതിനാൽ രോഗികളുടെ വർദ്ധിച്ചുവരുന്ന ആവശ്യത്തിന് ഉതകാത്ത തരത്തിലുള്ളവയാണെന്ന് സമിതിയിൽ ഉന്നയിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ ഇവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

27 കെ.എച്ച്.ആർ.ഡബ്ല്യു.എസി.ന്റെ അധീനതയിലുള്ള പേവാർഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അത് ഏറെക്കുറെ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

ശിപാർശ

തിരുവനന്തപുരം മെഡിക്കൽ കോളേജ്, മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം എന്നിവിടങ്ങളിലേതുപോലെ വിവര സാങ്കേതികവിദ്യയുടെ ഉപയോഗം കേരളത്തിലെ മറ്റ് മെഡിക്കൽ/ദന്തൽ കോളേജുകളിൽ കൂടി വ്യാപിപ്പിക്കുന്നതിനായുള്ള പദ്ധതി ചെലവുകൾക്കായി 5 കോടി രൂപ ഒരു പുതിയ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ പുതിയ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ വിവര സാങ്കേതികവിദ്യയുടെ ഉപയോഗം എല്ലാ മെഡിക്കൽ/ദന്തൽ കോളേജുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ

കോഴിക്കോട് ഗവൺമെന്റ് നഴ്സിംഗ് കോളേജിൽ പി.ജി. ബ്ലോക്കിന്റെ നിർമ്മാണത്തിനാവശ്യമായ 50 ലക്ഷം രൂപ പുതിയ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന മുഖേന 13.95 ലക്ഷം ഈയിനത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

എല്ലാ മെഡിക്കൽ കോളേജുകളിലും വനിതകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകം പുതിയ ഹോസ്റ്റലുകൾ തുടങ്ങുന്നതിനാവശ്യമായ 20 കോടി രൂപ ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ ഫണ്ട് വകയിരുത്തി. എല്ലാ മെഡിക്കൽ കോളേജുകളിലും ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

ശിപാർശ

മെഡിക്കൽ കോളേജുകളിലെ വേയ്സ്റ്റ് മാനേജ്മെന്റ് വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. ഈ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണത്തിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള 35 ലക്ഷം രൂപ അപര്യാപ്തമാകയാൽ ഈയിനത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ അധികതുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

എല്ലാ നഴ്സിംഗ് കോളേജുകളിലും നഴ്സിംഗ് സീറ്റ് വർദ്ധിപ്പിക്കാൻ വേണ്ടുന്ന കെട്ടിട സൗകര്യം കുറവായതിനാൽ ഇത് പരിഹരിക്കുന്നതിനായി ഓരോ മെഡിക്കൽ കോളേജിനും 2 കോടി രൂപ വീതം ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

കോഴിക്കോട് നഴ്സിംഗ് കോളേജിന് ഉപധനാഭ്യർത്ഥന മുഖേന 13.95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റു നഴ്സിംഗ് കോളേജുകൾക്ക് ഈ ഇനത്തിൽ തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

കോഴിക്കോട് ദന്തൽ കോളേജിൽ വനിതകൾക്കും പുരുഷൻമാർക്കും പ്രത്യേകം ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി 7 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം ഈയിനത്തിൽ അധികതുകയൊന്നും അനുവദിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ വനിതാ ഹോസ്റ്റലിന് ഫണ്ട് വകയിരുത്തി അതിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശിപാർശ

തിരുവനന്തപുരം ദന്തൽ കോളേജിൽ ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

2008-2009 സാമ്പത്തിക വർഷം തിരുവനന്തപുരം ദന്തൽ കോളേജിൽ ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി തുകയൊന്നും വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കുള്ള അംഗീകാരം നിലനിർത്തുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശാനുസരണം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 189 അദ്ധ്യാപക തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

ജി.ഒ. (എംഎസ്.) നമ്പർ 55/2009/എച്ച്. & എഫ്.ഡബ്ല്യു.ഡി. തീയതി 26-2-2009 പ്രകാരം 2008-09 സാമ്പത്തിക വർഷം 241 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ശിപാർശ

ജില്ലാ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 100 കിടക്കകളോടു കൂടി പ്രവർത്തിക്കാൻ അടിസ്ഥാനസൗകര്യങ്ങൾ എല്ലാമുള്ള വർക്കല, കാസർഗോഡ്, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലാ ആയുർവേദ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുന്നതിനും സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കും താലൂക്ക് ആയുർവേദ സ്ഥാപനങ്ങളുടെ നിലവാരം ജില്ലാതലത്തിൽ ഉയർത്തേണ്ടതിലേക്കുമായി 60 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 16 ആയുർവേദ കോളേജുകളിൽ പുതിയ പി. ജി. കോഴ്സുകൾ, വർഷംതോറുമുള്ള പാരാമെഡിക്കൽ കോഴ്സുകൾ എന്നിവ നടത്തുന്നതിനും അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശപ്രകാരമുള്ള ആഡിറ്റിംഗ് വിംഗ് രൂപീകരിക്കുന്നതിനും ആവശ്യം വേണ്ടുന്ന തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടികൾ

2009-2010 സാമ്പത്തികവർഷം മുതൽ പാരാമെഡിക്കൽ കോഴ്സ് നടത്തുന്നതിനായി ഹെഡ് ക്ലർക്ക്-1, ക്ലർക്ക്-2, ടൈപ്പിസ്റ്റ്-1 എന്നീ തസ്തികകൾ താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2010-11-ൽ സീനിയർ സൂപ്രണ്ടിന്റെ ഒരു തസ്തികയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന് കീഴിലുള്ള പഞ്ചകർമ്മ ആശുപത്രിയുടെ വികസനത്തിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ സേവനം ഉപയോഗപ്പെടുത്തി പണിയുന്ന ബഹുനില മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് 270 ലക്ഷം രൂപ കൂടി അധികമായി ആവശ്യമായതിനാൽ ടി തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സ്വീകരിച്ച നടപടി

2006-07 സാമ്പത്തിക വർഷം ആരംഭിച്ച നിർമ്മാണപ്രവർത്തനങ്ങൾക്ക് 2008-09 സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതമായി ഒരു കോടി രൂപ വകയിരുത്തുകയുണ്ടായി. അതേ സാമ്പത്തികവർഷം തന്നെ കേന്ദ്ര സഹായമായി 150 ലക്ഷം രൂപ അനുവദിക്കുകയും മൊത്തം 379 ലക്ഷം രൂപ ചെലവഴിച്ച് 5 നില മന്ദിരത്തിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കുകയും 2011 മുതൽ പൂർണ്ണസജ്ജമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

ശിപാർശ

തിരുവനന്തപുരം ആയുർവേദ കോളേജ് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയെ 350 കിടക്കകൾ ഉള്ള ഒരു മേജർ ആശുപത്രിയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി

നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷം സമിതി ശിപാർശ ചെയ്ത പ്രകാരം തുക അനുവദിക്കുകയുണ്ടായില്ലെങ്കിലും 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ ക്യാപിറ്റൽ ശീർഷകത്തിൽ നിന്നും 3,07,60,668 രൂപ വിനിയോഗിച്ച് 4 നിലകളിലായി പേ വാർഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

സംസ്ഥാനത്ത് ആകെയുള്ള 999 ഗ്രാമപഞ്ചായത്തുകളിൽ 482 ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഉള്ളതെന്നും ഡിസ്പെൻസറിക്ക് ഒരു വർഷം പ്രവർത്തിക്കുവാൻ കേവലം അഞ്ച് ലക്ഷം രൂപ മാത്രമാണ് ചെലവ് വരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത 517 ഗ്രാമപഞ്ചായത്തുകളിൽ കൂടി പുതിയ ഗവൺമെന്റ് ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ഹോമിയോ ആശുപത്രികളിൽ ഓരോ അൾട്രാസൗണ്ട് സ്കാനിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 9.55 ലക്ഷം രൂപ പ്രകാരം 3 യൂണിറ്റിന് 28.65 ലക്ഷം രൂപ അനുവദിക്കണമെന്നും നിലവിൽ 25 കിടക്കകളോടുകൂടി ജില്ലാ ഹോമിയോ ആശുപത്രിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൊല്ലം ജില്ലാ ഹോമിയോ ആശുപത്രി 100 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുന്നതിനും നിലവിൽ ക്ലിനിക്കൽ ലബോറട്ടറി സൗകര്യം ഇല്ലാത്ത ഗവൺമെന്റ് ആശുപത്രികളിൽ ക്ലിനിക്കൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിനും ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത സാമ്പത്തിക വർഷം തുക അനുവദിച്ചില്ല

<u>ശിപാർശ</u>

നിലവിൽ 525 ഡിസ്പെൻസറികളും 31 ആശുപത്രികളും 14 ജില്ലകളിലായി പ്രവർത്തിക്കുന്ന ഹോമിയോ വകുപ്പിന്റെ 14 ജില്ലാ മെഡിക്കൽ ഓഫീസുകളിലും നിലവിൽ വാഹന സൗകര്യം ലഭ്യമാക്കിയിട്ടില്ല. പകർച്ചവ്യാധി നിയന്ത്രണ നടപടികൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് വാഹനങ്ങളുടെ അപര്യാപ്തത വിഘാതം സൃഷ്ടിക്കുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ജില്ലാ മെഡിക്കൽ ഓഫീസുകൾക്ക് വാഹന സൗകര്യം ലഭ്യമാക്കുന്നതിലേക്ക് ആവശ്യമായ 93.48 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത സാമ്പത്തിക വർഷം തുക അനുവദിച്ചില്ല

<u>ശിപാർശ</u>

525 ഡിസ്പെൻസറികളും 31 ഹോമിയോ ആശുപത്രികളും 14 ജില്ലാ മെഡിക്കൽ ഓഫീസുകളും ഉൾപ്പെടെ 570 സ്ഥാപനങ്ങളിലെ ഇന്റേണൽ ആഡിറ്റ് നടത്തുന്നതിനും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജീവനക്കാരുടെ സേവനം അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ വകുപ്പിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്ക് ജില്ലാ ആഫീസുകളിൽ ഉൾപ്പെടെ ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്തപ്രകാരം തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല

<u>ശിപാർശ</u>

2005-06 വർഷത്തെ പദ്ധതിയിൽ ഡയറക്ടറേറ്റിന് കെട്ടിടം പണിയുന്നതിനായി തുക വകയിരുത്തിയെങ്കിലും അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാൽ തുക ലാപ്സായിരിക്കുകയാണ്. ആയതിനാൽ ഡയറക്ടറേറ്റിന് കെട്ടിടം നിർമ്മിക്കുന്നതിനായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

നിർദ്ധനരായ രോഗികൾക്ക് ചികിത്സയും രോഗനിർണ്ണയ പരിശോധനകളും സൗജന്യമായി നൽകുന്നതിനായി 830 ലക്ഷം രൂപയും കേന്ദ്ര സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് ആർ.സി.സി. ജീവനക്കാർക്കും കേന്ദ്ര നിരക്കിൽ ശമ്പളവും അലവൻസും ശമ്പളകുടിശ്ശികയും നൽകുന്നതിനായി 46.2 ലക്ഷം രൂപയും അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പദ്ധതിയതരയിനത്തിൽ 400 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത തുക അനുവദിച്ച് കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

കാൻസർ ചികിത്സാരംഗത്ത് സർക്കാർ അധീനതയിൽ സ്ഥാപനങ്ങൾ കുറവാണെന്നിരിക്കെ മലബാർ മേഖലയിൽ ആരംഭിച്ച ഈ സ്ഥാപനം വളരെ പ്രാധാന്യമർഹിക്കുന്നു. കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും നിരവധി നിർമ്മാണ പ്രവർത്തനങ്ങൾക്കും ലക്ഷ്യമിടുന്ന മലബാർ കാൻസർ സെന്ററിന് ഇപ്പോൾ അനുവദിച്ച 40 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 717.76 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ച് കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

വിവിധ ലാബുകളുടെ നവീകരണം, പുതിയ എ.സി.ആർ. ലാബ് തുടങ്ങുക, പുതിയ പേ വാർഡുകളുടെ നിർമ്മാണം, നിലവിലുള്ള പേ വാർഡുകളുടെ നവീകരണം, പുതിയ ആയുർവേദ ചികിത്സാ കേന്ദ്രം, ഹെൽത്ത് ടൂറിസം കോംപ്ലക്സ് തുടങ്ങി വിവിധ പദ്ധതികൾ ലക്ഷ്യമിടുന്ന കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിനോടനുബന്ധിച്ച് ആഫീസിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും നവീകരണത്തിനും കുടിശ്ശിക തീർക്കുന്നതിനുമായി വൺ-ടൈം അസിസ്റ്റന്റ്സ് ആയി 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്തതനുസരിച്ച് കെ. എച്ച്. ആർ. ഡബ്ല്യു.എസ്-ന് വൺ-ടൈം അസിസ്റ്റന്റായി 10 കോടി രൂപ അനുവദിച്ചിട്ടില്ല.

ശിപാർശ

സർക്കാർ ആശുപത്രികളിലേക്ക് ഔഷധങ്ങളും ചികിത്സാ സാമഗ്രികളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ മരുന്നുസംഭരണ നയത്തിന്റെ ഭാഗമായി നിലവിൽ വന്ന സെൻട്രൽ പർച്ചേയ്സ് കമ്മിറ്റിക്ക് ഗുണമേന്മയുള്ള ഔഷധങ്ങളും മറ്റ് ചികിത്സാ സാമഗ്രികളും ന്യായമായ വിലയ്ക്ക് യഥാസമയം സംഭരിച്ച് ആവശ്യാനുസരണം സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനും സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തി സംഭരണ വിതരണ നടപടികൾ സുതാര്യമായും കാര്യക്ഷമമായും നടപ്പാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് 2007-ൽ 100% സർക്കാർ ഉടമസ്ഥതയിലുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകൃതമായത്. കേന്ദ്ര ഓഫീസും ജില്ലാ വെയർഹൗസുകളും കമ്പ്യൂട്ടർ നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിച്ച് കേന്ദ്രീകൃത ഡ്രഗ്സ് ലോജിസ്റ്റിക് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കി ചുരുങ്ങിയ സമയം കൊണ്ട് ഉല്പന്നങ്ങൾക്കുള്ള ഓർഡർ നൽകാനും ഒരു നിശ്ചിത സമയത്ത് നിലനിർത്തേണ്ട സ്റ്റോക്കിന്റെ അളവു കണക്കാക്കി പരമാവധി പർച്ചേയ്സ് കോസ്റ്റ് കുറയ്ക്കാനും കേന്ദ്രീകൃത രീതിയിലുള്ള പർച്ചേയ്സ്, ക്വാളിറ്റി കൺട്രോൾ സംവിധാനം, സ്റ്റോക്ക് മോണിറ്ററിംഗ്, ബിൽ പ്രോസസിംഗ്, ഇൻവെന്ററി കൺട്രോൾ എന്നിവ സാധ്യമാക്കുവാനും ലക്ഷ്യമിടുന്ന കോർപ്പറേഷന് ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും സുഗമമായ പ്രവർത്തനത്തിനും അടിയന്തരമായി 40 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

കേരളത്തിന്റെ പൊതുജനാരോഗ്യ പശ്ചാത്തലത്തിൽ ക്യാൻസറും മറ്റ് പകരാത്ത അസുഖങ്ങളുടേയും ഉയർന്ന വ്യാപനം പരിഗണിച്ചാൽ പെയിൻ & പാലിയേറ്റീവ് കെയർ സെന്ററുകൾ മുഖാന്തിരമുള്ള സേവന ലഭ്യതയ്ക്ക് വളരെയേറെ പ്രസക്തിയുണ്ട്.

പ്രാരംഭദശയിൽ തന്നെ ക്യാൻസർ കണ്ടെത്തുന്നതിനുള്ള ക്യാംപെയിൻ നടത്തുക, ചികിത്സിച്ച് ഭേദമാക്കാവുന്ന രോഗികൾക്ക് ആവശ്യമായ ഔഷധങ്ങൾ നൽകുക, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റികൾക്ക് ധനസഹായം നൽകുക, ഡോക്ടർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും പരിശീലനം നൽകുക തുടങ്ങിയ സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് 2 കോടി രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത സാമ്പത്തിക വർഷം സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കേരളത്തിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളിൽപ്പെടുന്നവർക്കും മറ്റ് പ്രകൃതിദത്തമായ ദുരന്തങ്ങൾക്ക് വിധേയരാകുന്നവർക്കും ഒരു പരിധി വരെ അപകടമേഖലയിൽ വച്ചുതന്നെ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി എമർജൻസി മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ആദ്യഘട്ടത്തിൽ ആധുനിക ഉപകരണങ്ങളും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിക്കൊണ്ട് ആംബുലൻസും മറ്റും വാങ്ങുന്നതിനും ദേശീയപാതയോട് ചേർന്ന് അപകടമേഖലകളിൽ സെന്ററുകൾ സ്ഥാപിക്കുന്നതിനുമായി 30 കോടി രൂപ വേണ്ടിവരുമെന്ന് സമിതി കരുതുന്നു. ആയതിനാൽ കേന്ദ്രസഹായം ലഭിക്കുന്ന ഈ പദ്ധതിക്ക് ഈ വർഷം 18 കോടി രൂപ പുതിയ ശീർഷകത്തിൽ അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിക്കുകയുണ്ടായിട്ടില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

<u>ശിപാർശ</u>

മെഡിക്കൽ കോളേജുകളിൽ മരുന്നിനും മറ്റ് സാധന സാമഗ്രികൾക്കുമായി 22 കോടി 72 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 കോടി 99 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. മെഡിക്കൽ കോളേജ് ആശുപത്രികളുടെ ദൈനംദിന ആവശ്യങ്ങൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക വളരെ തുച്ഛമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഇതിനായി ആവശ്യപ്പെട്ട തുകതന്നെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സ്വീകരിച്ച നടപടി

2009-2010-ൽ 1,33,00,000 രൂപ വിവിധ മെഡിക്കൽ കോളേജുകൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,02,00,787 മാത്രമേ ചെലവായതായി കാണുന്നുള്ളൂ. അധിക തുക അനുവദിക്കേണ്ടതായി വന്നില്ല.

ശിപാർശ

മെഡിക്കൽ കോളേജുകളിലെ ദ്വിഭരണ സംവിധാനം അവസാനിപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവുണ്ടായ സാഹചര്യത്തിൽ ഡയറക്ടറേറ്റിൽ അധികമായി ആവശ്യമുള്ള ഏകദേശം 6500 ജീവനക്കാരുടെ പുതിയ തസ്തികകൾ അനുവദിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി 1.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സ്വീകരിച്ച നടപടി

അധിക തസ്തികകൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല.

ശിപാർശ

പി.ജി. വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് തുക 8,500 രൂപ വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഈയിനത്തിൽ 450 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സ്വീകരിച്ച നടപടി

2009-10-ൽ 42,45,34,000 രൂപ (നാല്പത്തിരണ്ടു കോടി നാല്പത്തഞ്ചു ലക്ഷത്തി മുപ്പത്തിനാലായിരം രൂപ മാത്രം) വിവിധ മെഡിക്കൽ കോളേജുകൾക്കായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഡ്രെയിനേജ് സിസ്റ്റത്തിനായി 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എല്ലാ മെഡിക്കൽ കോളേജുകളിലും പ്രസ്തുത ആവശ്യം നിറവേറ്റുന്നതിനും ഈ തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

<u>സ്വീകരിച്ച നടപടി</u>

ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകൾക്കായി ആകെ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ആലപ്പുഴ .. 16,00,000

തൃശ്ശൂർ .. 15,00,000

തിരുവനന്തപുരം .. 19.00,000 (ആകെ 50 ലക്ഷം രൂപ മാത്രം)

<u>ശിപാർശ</u>

മെഡിക്കൽ കോളേജുകളിലെ പവർ ലാൻഡ്രികൾക്ക് ആധുനിക സാധനസാമഗ്രികൾ വാങ്ങുന്നതിലേക്കായി ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

<u>സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ പ്രത്യേകമായി 2009-2010 വർഷത്തിൽ അധികതുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

എല്ലാ മെഡിക്കൽ കോളേജുകളിലും ഡിജിറ്റൽ എക്സ്-റേ ഉപകരണം വാങ്ങുന്നതിനായി 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

<u>സ്വീകരിച്ച നടപടി</u>

2010-ന് ശേഷം പി.എം.എസ്.എസ്.വൈ. മാച്ചിംഗ് ഗ്രാന്റ് കിട്ടിയത് ഉൾപ്പെടുത്തി തുകകൾ അനുവദിക്കുകയുണ്ടായി. കൂടാതെ 4 ഡി.ആർ.സിസ്റ്റം-ന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭ്യമായ എ.സി.എ. ഉപയോഗിച്ച സമാഹരണ നടപടികൾ തുടർന്നുവരുന്നു. തിരുവനന്തപുരം, എസ്.എ.റ്റി. ആശുപത്രിയിൽ പി.എം.എസ്.എസ്.വൈ. പദ്ധതിക്കായുള്ള സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റായ 2 കോടി രൂപയിൽ നിന്നും 4,29,00,000 രൂപ ചെലവഴിച്ച് 4 ഡി.ആർ. മെഷീനുകൾ സർക്കാർ നമ്പർ 338/12/എച്ച്.&എഫ്.ഡബ്ല്യു.ഡി. 30-1-2012 പ്രകാരം വാങ്ങുകയും അത് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കീപോയിന്റ് ടെസ്റ്റ് നടത്തുകയും ചെയ്തുവരുന്നു.

ശിപാർശ

വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിന് 2.21 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

സ്വീകരിച്ച നടപടി

ഇതിലേക്കായി 2,98,25,000 രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ ഉത്തരവ് 2373/09 ആരോഗ്യ കുടുംബക്ഷേമ വകുപ്പ് തീയതി 17-9-2009 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ന്യായത്തിൽ ഹിന്ദുസ്ഥാൻ പ്രീ ഫാബിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. എസ്.റ്റി.പി. ഹിന്ദുസ്ഥാൻ പ്രീ ഫാബിന്റെ നേതൃത്വത്തിൽ നടത്തേണ്ടതും വർക്കുകൾക്ക് വേണ്ടി 17-9-2009- ലെ സർക്കാർ ഉത്തരവ് നമ്പർ 2373/09 ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രകാരം 2,98,25,000 രൂപയ്ക്കു അനുമതി നൽകി പണി പുരോഗമിക്കുന്നു.

ശിപാർശ

ആശുപത്രി-മോർച്ചറി, സർവ്വീസ് സ്റ്റേഷൻ മുതലായവയ്ക്ക് ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് 60 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

സ്വീകരിച്ച നടപടി

മോർച്ചറി ഡിപ്പാർട്ട്മെന്റിന് 2009-2010 വർഷം തുകയൊന്നും ലഭ്യമായിട്ടില്ല. എന്നാൽ 2011-12 വർഷത്തിൽ പി.എം.എസ്.എസ്.വൈ. പദ്ധതിയുടെ സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റിൽ നിന്നും 2 കോടി രൂപ അനുവദിച്ചു. ആയത് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് നടത്തിവരുന്നു.

ശിപാർശ

വണ്ടാനം മെഡിക്കൽ കോളേജിനുള്ളിലുള്ള റോഡുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

സ്വീകരിച്ച നടപടി

വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലെ റോഡുകൾ ഉൾപ്പെടെയുള്ള സമുച്ചയങ്ങളുടെ നവീകരണത്തിനായി 10-7-2009-ലെ സർക്കാർ ഉത്തരവ് നമ്പർ 1966/2009 ആ.കു.വ. പ്രകാരം ക്യാപിറ്റൽ ഹെഡിൽ 2.11 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.

<u>ശിപാർശ</u>

നഴ്സിംഗ് കോളേജ് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കായി 420 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പണി ആരംഭിക്കുന്നതിനായി എസ്റ്റിമേറ്റ് തുകയുടെ കുറഞ്ഞത് 20% എങ്കിലും ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

<u>സ്വീകരിച്ച നടപടി</u>

2009-2010 സാമ്പത്തിക വർഷം സാമ്പത്തിക പരിമിതിമൂലം തുകയൊന്നും അനുവദിച്ചില്ല. 2012-2013 സാമ്പത്തിക വർഷത്തെ ബജറ്റിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ ക്യാപിറ്റൽ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഒന്നാംഘട്ട പണി പൂർത്തിയായി, നഴ്സിംഗ് കോളേജു പ്രവർത്തനം പ്രസ്തുത കെട്ടിടത്തിൽ നടക്കുന്നു. രണ്ടാംഘട്ട പണികളുള്ള ഭരണാനുമതി ലഭിച്ചു പണി ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയാക് കാത്ത് ലാബുകൾ തുടങ്ങുന്നതിന് 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

<u>സ്വീകരിച്ച നടപടി</u>

2009-10 സാമ്പത്തിക വർഷം സാമ്പത്തിക പരിമിതിമൂലം തുകയൊന്നും അനുവദിച്ചിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തെ ബജറ്റിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

കോഴിക്കോട് ദന്തൽ കോളേജിനും തിരുവനന്തപുരം ദന്തൽ കോളേജിനും ഹോസ്റ്റലുകളുടെ നിർമ്മാണത്തിന് 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

<u>സ്വീകരിച്ച നടപടി</u>

കോഴിക്കോട് ഡെന്റൽ കോളേജിൽ പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയാകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വനിതകൾക്കായി അഡീഷണൽ ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായി അവിടെ വനിതാ ദന്തൽ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകിവരുന്നു.

<u>ശിപാർശ</u>

കോഴിക്കോട് ദന്തൽ കോളേജിൽ വനിതകൾക്കും പുരുഷൻമാർക്കും പ്രത്യേകം ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 കോടി 50 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

<u>സ്വീകരിച്ച നടപടി</u>

ദന്തൽ കോളേജിനുവേണ്ടി പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയാകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുരുഷൻമാരുടെ ഹോസ്റ്റൽ നിർമ്മിച്ചിട്ടില്ല. എന്നിരുന്നാലും പുരുഷ വിദ്യാർത്ഥികളെ മെഡിക്കൽ കോളേജ് ഹോസ്റ്റലിൽ താമസിപ്പിച്ചുവരുന്നു.

<u>ശിപാർശ</u>

മെഡിക്കൽ, പാരാമെഡിക്കൽ ഹോസ്റ്റലുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

<u>സ്വീകരിച്ച നടപടി</u>

ഹോസ്റ്റലുകളുടെ നവീകരണത്തിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

മെഡിക്കൽ കോളേജുകളിൽ ആരംഭിച്ച റസിഡൻസി സിസ്റ്റത്തിന്റെ പ്രവർത്തനങ്ങൾക്കായി 4.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

സ്വീകരിച്ച നടപടി

241 റസിഡന്റ്സ് തസ്തികകൾ അധികമായി സൃഷ്ടിക്കുകയും ശമ്പളയിനത്തിൽ അവർക്ക് ആവശ്യമായ അധികതുക നോൺ പ്ലാൻ ശീർഷകത്തിൽ കണ്ടെത്തുകയുമുണ്ടായി.

ശിപാർശ

ആരോഗ്യ വകുപ്പിന് കീഴിൽ മെഡിക്കൽ വിദ്യാഭ്യാസത്തിനും പാരാമെഡിക്കൽ വിദ്യാഭ്യാസത്തിനും റിസർച്ചിനുമായി കൂടുതൽ സംഭാവന നൽകാൻ കഴിയുംവിധത്തിൽ പുതിയ സംരംഭങ്ങളും സ്ഥാപനങ്ങളും തുടങ്ങുന്നതിലേക്കായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമെറ്റ്) എന്ന പേരിൽ ഗവൺമെന്റ് ആരംഭിച്ചിട്ടുള്ള സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

സ്വീകരിച്ച നടപടി

2010-11-ൽ 10 ലക്ഷം രൂപയും 2011-12-ൽ 50 ലക്ഷം രൂപയും 2012-13-ൽ 50 ലക്ഷം രൂപയും അനുവദിച്ചു.

ശിപാർശ

കേന്ദ്ര ഗവൺമെന്റിന്റെ പി.എം.എസ്.എസ്.വൈ. പ്രോജക്ടിന്റെ കീഴിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലും എസ്.എ.റ്റിയിലും MRI Scan ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിലേക്ക് ഇലക്ട്രിഫിക്കേഷനും അനുബന്ധ സജ്ജീകരണങ്ങളും നടത്തുന്നതിനായി 370 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

സ്വീകരിച്ച നടപടി

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ.-യുടെ സ്റ്റേറ്റ് ഷെയർ ഉപയോഗിച്ച് MRI Scan വാങ്ങിയിട്ടുണ്ട്. എസ്.എ.റ്റി. ആശുപത്രിയിൽ ഡി.ആർ.എസ്. വാങ്ങിയിട്ടുണ്ട്. 2011-2012-ൽ എസ്.എ.റ്റി. ആശുപത്രിയിൽ സംസ്ഥാന വിഹിതം വിനിയോഗിച്ചുവാങ്ങിയിട്ടുണ്ട്.

ശിപാർശ

MRI യൂണിറ്റ് ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിനായി ഇലക്ട്രിക് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കോട്ടയം മെഡിക്കൽ കോളേജിനും തൃശ്ശൂർ മെഡിക്കൽ കോളേജിനും 7 കോടി രൂപ വീതം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

സ്വീകരിച്ച നടപടി

പവർ ഓഗ്മെന്റേഷൻ പദ്ധതിക്കായി 24-9-2009-ൽ സർക്കാർ ഉത്തരവ് നമ്പർ 1769/09/ആ.കു.വ. പ്രകാരം 7.8 കോടി രൂപയ്ക്ക് മൂലധന ശീർഷകത്തിൽ നിന്നും ഭരണാനുമതി നൽകി.

ശിപാർശ

കോട്ടയം മെഡിക്കൽ കോളേജിന് ജനറേറ്റർ സ്ഥാപിക്കുന്നതിന് 117 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സ്വീകരിച്ച നടപടി

1 കോടി 17 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ

പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവായ 2007-08, 2008-09 സാമ്പത്തിക വർഷം പുതിയ ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടില്ല ആയതിനാൽ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

സ്വീകരിച്ച നടപടി

2009-2010 സാമ്പത്തികവർഷം "2210-04-101-99—റൂറൽ ഡിസ്പെൻസറീസ്" ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ 34.50 ലക്ഷം രൂപ സാലറി ഇനത്തിലും 14.50 ലക്ഷം രൂപ നോൺ സാലറി ഇനത്തിലും അനുവദിച്ചിട്ടുണ്ട്.

ടി സാമ്പത്തിക വർഷം പ്ലാൻ ഹെഡിൽ പുതിയ ആയുർവേദ സ്ഥാപനങ്ങൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. 2010-11 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

ജില്ലാ ആയുർവേദ ആശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ 50 കിടക്കകളിൽ നിന്നും 100 കിടക്കകൾ ആക്കി ഉയർത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും താലൂക്ക് ആശുപത്രികളുടെ നിലവാരം ജില്ലാ ആശുപത്രി തലത്തിൽ ഉയർത്തുന്നതിനും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

സ്വീകരിച്ച നടപടി

തുക അനുവദിക്കുകയുണ്ടായില്ല

ശിപാർശ

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള നാച്ചുറോപ്പതി, സിദ്ധ, യുനാനി എന്നീ വിഭാഗങ്ങളുടെ വികസനത്തിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ നാച്ചുറോപ്പതിക്കും 25 ലക്ഷം രൂപ സിദ്ധവൈദ്യത്തിനും 5 ലക്ഷം രൂപ യുനാനി ചികിത്സയ്ക്കും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സ്വീകരിച്ച നടപടി

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള നാച്ചുറോപ്പതിക്ക് 10 ലക്ഷം രൂപയും സിദ്ധവിഭാഗത്തിന് 10 ലക്ഷം രൂപയും 2009-10 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്. 2010-11 സാമ്പത്തികവർഷത്തിൽ നാച്ചുറോപ്പതിക്ക് 1 കോടി രൂപയും സിദ്ധവിഭാഗത്തിന് 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

ഭാരതീയ ചികിത്സാ വകുപ്പുമായി ബന്ധപ്പെട്ട സ്പോർട്സ് മെഡിസിൻ വിഭാഗം, പകർച്ചവ്യാധികളും പ്രകൃതിദുരന്തങ്ങളും, ജില്ലാ മെഡിക്കൽ ആഫീസുകളുടെ നവീകരണം, ആയുർവേദത്തിന്റെ പ്രചാരണം എന്നീ പുതിയ സ്കീമുകൾക്ക് ഈ സാമ്പത്തിക വർഷം പുതിയ ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സ്വീകരിച്ച നടപടി

ഭാരതീയ ചികിത്സാ വകുപ്പിന് 2009-10 സാമ്പത്തികവർഷം താഴെപ്പറയുന്ന പുതിയ 4 സ്കീമുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി സ്കീമുകൾ ഫലപ്രദമായ രീതിയിൽ വിനിയോഗിച്ചുവരുന്നുണ്ട് :

1. Research Cell for Indian System of Medicine in Selected District Sports Council 2210-02-10-74, 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് (2009-10). 2010-11 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. Control of Communicable Diseases and Natural Calamities 2210-02-101-76, 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് (2009-10). 2010-11 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. Modernization of District Medical Office ISM 2210-02-001-92, 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് (2009-10). 2010-11 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

4. Propagation of Ayurveda 2210-02-101-75, 7 ലക്ഷം രൂപ (2009-10) അനുവദിച്ചിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ കോളേജുകളിൽ പുതിയ പി. ജി. കോഴ്സുകൾ, വർഷംതോറുമുള്ള പാരാമെഡിക്കൽ കോഴ്സുകൾ എന്നിവ നടത്തുന്നതിനും ആഡിറ്റ് വിംഗ് രൂപീകരിക്കുന്നതിനും ആവശ്യം വേണ്ടുന്ന പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സ്വീകരിച്ച നടപടി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി 2010-11-ൽ സീനിയർ സൂപ്രണ്ടിന്റെ ഒരു പുതിയ തസ്തികയും 2009-10 സാമ്പത്തിക വർഷം മുതൽ പാരാമെഡിക്കൽ കോഴ്സ് നടത്തുന്നതിനായി ഹെഡ് ക്ലർക്ക്-1, ക്ലർക്ക്-2, ടൈപ്പിസ്റ്റ്-1 എന്നീ തസ്തികകളും താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെയും അതിനോടനുബന്ധിച്ചുള്ള 15 ഡിപ്പാർട്ട്മെന്റുകളുടെയും പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്ന ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെയും അതിനോടനുബന്ധിച്ചുള്ള 15 ഡിപ്പാർട്ട്മെന്റുകളുടെയും സുഗമമായ പ്രവർത്തനങ്ങൾക്ക് പ്ലാൻ ഹെഡിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118 )

സ്വീകരിച്ച നടപടി

റീ അപ്രോപ്രിയേഷൻ വഴി ലഭിച്ച 32 ലക്ഷം രൂപ ടി ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ ഈ സ്കീമിൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

ഫാർമസി ഔഷധനിർമ്മാണം വർഷംതോറും വർദ്ധിച്ചുവരുന്നെങ്കിലും കോളേജിന്റെ കീഴിലുള്ള വിവിധ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഫാർമസിയിൽ നിർമ്മിക്കുന്ന ഔഷധങ്ങൾ ഒരിക്കലും തികയാറില്ല. ഈ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഫാർമസിയുടെ മരുന്ന് നിർമ്മാണം സുഗമമായി നടത്തുന്നതിന് 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

സ്വീകരിച്ച നടപടി

ഗവൺമെന്റ് ആയുർവേദ കോളേജ് ഫാർമസിയിലെ മരുന്ന് നിർമ്മാണം സുഗമമായി നടത്തുന്നതിന് 10 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികം അനുവദിച്ചു. 2010-11 സാമ്പത്തിക വർഷത്തിൽ ഈ സ്കീമിൽ പദ്ധതിയിനത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

പൂജപ്പുരയിൽ പുതിയ പഞ്ചകർമ്മ ആശുപത്രി പണിയുന്ന സാഹചര്യത്തിൽ പഞ്ചകർമ്മ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

<u>സ്വീകരിച്ച നടപടി</u>

റീ അപ്രോപ്രിയേഷൻ വഴി ലഭിച്ച 35.25 ലക്ഷം രൂപ ടി പദ്ധതിയനുസരിച്ച് ചെലവാക്കിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ പഞ്ചകർമ്മ ആശുപത്രിയുടെ വികസനത്തിനുവേണ്ടി 2210-02-101-73 എന്ന ശീർഷകത്തിൽ 80 ലക്ഷം രൂപ കൂടി 2010-11 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ ഔഷധ ഗുണമേന്മ നിജപ്പെടുത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്കും പൂജപ്പുരയിൽ സ്ഥിതിചെയ്യുന്ന ആയുർവേദ ഗവേഷണകേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കും തുക വിനിയോഗിക്കുന്ന ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ ഔഷധഗുണമേന്മ നിജപ്പെടുത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്കും പൂജപ്പുരയിൽ സ്ഥിതിചെയ്യുന്ന ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കുമായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന് ഖണ്ഡിക 121 പ്രകാരമുള്ള സമിതി ശിപാർശയനുസരിച്ച് തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല. 2010-11 സാമ്പത്തിക വർഷത്തിലും ടി ശീർഷകത്തിൽ തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ലൈബ്രറിയുടെ വികസനത്തിനായി ഈ സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ലൈബ്രറിയുടെ വികസനത്തിനായി 10 ലക്ഷം രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്തിരുന്നെങ്കിലും തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല. 2010-11 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

പുതിയ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നബാർഡ് സ്കീമിൽപ്പെടുത്തി 100 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പത്ത് ഡിസ്പെൻസറികൾക്ക് മാത്രമാണ് ഈ ധനസഹായം. നിലവിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും പുതിയ ഗവൺമെന്റ് ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

സ്വീകരിച്ച നടപടി

പ്രസ്തുത സാമ്പത്തിക വർഷം തുക അനുവദിച്ചില്ല

ശിപാർശ

ഹോമിയോപ്പതി ജില്ലാ മെഡിക്കലാഫീസുകൾക്കും 9 ജില്ലാ ആശുപത്രികൾക്കും വാഹനങ്ങൾ ലഭ്യമാക്കുന്നതിലേക്ക് 149.48 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സ്വീകരിച്ച നടപടി

പ്രസ്തുത സാമ്പത്തിക വർഷം തുക അനുവദിച്ചില്ല

ശിപാർശ

ഡയറക്ടറേറ്റിന് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിലേക്ക് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സ്വീകരിച്ച നടപടി

പ്രസ്തുത സാമ്പത്തികവർഷം തുക അനുവദിച്ചില്ല

ശിപാർശ

നിലവിൽ ക്ലിനിക്കൽ ലബോറട്ടറികൾ ഇല്ലാത്ത 17 ഗവ. ഹോമിയോ ആശുപത്രികളിൽ ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. 31 ഗവ. ഹോമിയോ ആശുപത്രികൾ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ വകുപ്പിൽ 8 ആശുപത്രികൾക്ക് മാത്രമേ അൾട്രാസൗണ്ട്

സ്കാനിംഗ് യൂണിറ്റുകൾ നിലവിലുള്ളൂ. ആയതിനാൽ ശേഷിക്കുന്ന ആശുപത്രികളിൽ അൾട്രാസൗണ്ട് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത തുക പ്രസ്തുത സാമ്പത്തികവർഷം അനുവദിച്ചില്ല

ശിപാർശ

കേന്ദ്ര പദ്ധതിയായ മോഡൽ കോളേജ് നിലവാരത്തിലേക്ക് കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിനെ ഉയർത്തുന്നതിലേക്ക് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ആയതിനായി 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

സ്വീകരിച്ച നടപടി

വിശദമായ പ്രൊപ്പോസലിന്റെ അഭാവത്തിൽ സമിതി ശിപാർശ ചെയ്ത തുകയായ 25 ലക്ഷം രൂപ അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജിനായി ഓഫീസ്, ലൈബ്രറി, കോൺഫറൻസ് ഹാൾ, ആഡിറ്റോറിയം എന്നിവയ്ക്ക് സൗകര്യപ്രദമായ കെട്ടിടം പണിയുന്നതിനായി 62 ലക്ഷം രൂപ കേന്ദ്രസഹായ പദ്ധതി അനുസരിച്ച് ലഭിക്കുകയുണ്ടായി. പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 90 ലക്ഷം രൂപ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

സ്വീകരിച്ച നടപടി

വിശദമായ പ്രൊപ്പോസലിന്റെ അഭാവത്തിൽ സമിതി ശിപാർശ ചെയ്ത തുകയായ 90 ലക്ഷം രൂപ അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഔഷധ സസ്യത്തോട്ടം എന്നിവ നിലവിലുള്ള കോളേജ് കാമ്പസിൽ നിർമ്മിക്കുവാൻ സ്ഥലമില്ലാത്തതിനാൽ കാക്കൂർ വില്ലേജിൽ അനുവദിച്ച സ്ഥലം ഏറ്റെടുത്ത് കോളേജിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

സ്വീകരിച്ച നടപടി

കോഴിക്കോട് താലൂക്കിലെ കാക്കൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 18/1 എ എ 1 എയിൽപ്പെട്ട 15 ഏക്കർ റവന്യൂഭൂമി കോഴിക്കോട് ഗവൺമെന്റ് ഹോമിയോ കോളേജിന്റെ വികസനത്തിനായി (ഔഷധ സസ്യത്തോട്ടം, ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം തുടങ്ങിയവ) അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഭൂമി അളന്ന് അതിർത്തി നിർണ്ണയിക്കുന്നതിനായി 25,000 രൂപ ആവശ്യമാണെന്ന് കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് റവന്യൂ വകുപ്പിന് കൈമാറുകയുണ്ടായി. തുടർന്ന് പ്രസ്തുത സർവ്വേ നമ്പറിലെ ഭൂമി അളന്ന് അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തി ആ ഭൂമിയിലെ ചില താമസക്കാർ തടസ്സപ്പെടുത്തിയതായി തഹസിൽദാർ ജില്ലാ കളക്ടറെ അറിയിച്ചിരുന്നു. ഭൂമി സർവ്വേ ചെയ്തു കിട്ടുന്നതിനുള്ള തടസ്സങ്ങൾ നീക്കി ഭൂമി കൈമാറി തരുന്നതുമായി ബന്ധപ്പെട്ട് 27-10-2011-ന് ഡെപ്യൂട്ടി കളക്ടറുടേയും 23-11-2011-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും സർവ്വേ നടപടികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനായി ജില്ലാ കളക്ടർ സർവ്വേ സൂപ്രണ്ടിനും തഹസിൽദാർക്കും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ടി ഭൂമി ഇതുവരെ കൈമാറി കിട്ടിയിട്ടില്ല. ഭൂമി കൈമാറ്റ നടപടികൾ കഴിവതും വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്തയച്ചിട്ടുണ്ട്. കോഴിക്കോട് കളക്ടറുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് പ്രിൻസിപ്പലിന് കത്ത് നൽകിയിട്ടുണ്ട്. കഴിഞ്ഞ ആഴ്ചയിൽ കോഴിക്കോട് കോളേജിലെ അധികാരികൾ കളക്ടറെ നേരിട്ട് കണ്ട് സംഗതികൾ സംസാരിക്കുകയും പുനഃനടപടികൾക്ക് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കളക്ടർമാരുടെ സമ്മേളനത്തിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ

കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 15 കോടി രൂപ പദ്ധതിയിനത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 കോടി രൂപ മാത്രമാണ് ഈ വർഷം ആർ.സി.സി.ക്ക് അനുവദിച്ചിട്ടുള്ളത്. പുതിയ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും സെൻട്രൽ എയർകണ്ടീഷൻ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും 11 കോടി രൂപ അധികമായി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധികതുക അനുവദിച്ച് കിട്ടിയിട്ടില്ല

ശിപാർശ

ആർ.സി.സി.യിൽ കേന്ദ്ര നിരക്കിൽ ശമ്പളവും അലവൻസും ശമ്പളക്കുടിശ്ശികയും നൽകുന്നതിനായി 9 കോടി രൂപ അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ആർ.സി.സി.ക്ക് പദ്ധതിയേതരയിനത്തിൽ 800 ലക്ഷം രൂപ അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത തുക അനുവദിച്ച് കിട്ടിയിട്ടില്ല.

ശിപാർശ

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ രൂപീകൃതമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 2008-09 വർഷത്തിൽ ലഭ്യമായ തുകയേക്കാൾ മരുന്നു സംഭരണത്തിന് കൂടുതലായി തുക വേണ്ടിവരുന്ന ഈ സാമ്പത്തികവർഷത്തിൽ തന്നെ സപ്ലൈയർമാർക്ക് ഇനി തുക കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സമർപ്പിച്ചിട്ടുള്ള വാർഷിക ഇൻഡന്റുകളുടെ അടിസ്ഥാനത്തിൽ 2009-10 വർഷത്തേക്ക് ആശുപത്രികൾക്ക് വേണ്ടിവരുന്ന മരുന്നും ചികിത്സാ സാമഗ്രികളും സംഭരിക്കുന്നതിനായി 152.03 കോടി രൂപ ആവശ്യമാണ്. കൂടാതെ കോർപ്പറേഷൻ വെയർഹൗസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സുഗമമായ മരുന്നുവിതരണം നടത്തുന്നതിന് പ്രത്യേക വെയർഹൗസുകൾ സജ്ജമാക്കുന്നതിനും സർക്കാർ ആശുപത്രികൾക്കുവേണ്ട യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കും ഇപ്പോൾ അനുവദിച്ചിട്ടുള്ള 130 കോടി രൂപ അപര്യാപ്തമായതിനാൽ 70 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരമുള്ള തുക അനുവദിച്ച് കിട്ടിയിട്ടില്ല.

ശിപാർശ

കാൻസർ, വൃക്കരോഗം, ഹൃദ്രോഗം തുടങ്ങി മാരകരോഗങ്ങളുടെ ചികിത്സാ ചെലവ് ഭാരിച്ചതാകയാൽ ഈ രോഗങ്ങൾക്ക് ചികിത്സയ്ക്കായി എത്തുന്ന ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്ത രോഗികൾക്കും സൗജന്യമായോ കുറഞ്ഞ നിരക്കിലോ മരുന്നുകൾ

ലഭ്യമാക്കണമെന്നുള്ള ആവശ്യം ഉയർന്നുവരുന്നുണ്ട്. ആയതിനാൽ ഇത്തരം മാരകരോഗങ്ങൾക്കുള്ള മരുന്നുകൾ ന്യായവില നിരക്കിൽതന്നെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് മുഖേന എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജാശുപത്രി കളിലും രോഗികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 138 )

<u>സ്വീകരിച്ച നടപടി</u>

എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അധീനതയിലുള്ള കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയുടെ ഔട്ട്ലെറ്റുകൾ തുടങ്ങുകയും മരുന്നുകൾ (ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം) ന്യായവില നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)

<u>ശിപാർശ</u>

ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള താലൂക്കാശുപത്രികൾ മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുള്ളതിനാൽ അവയുടെ കണ്ടിജന്റ് ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും ആയതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

തിരുവനന്തപുരം ജില്ലയിലെ പബ്ലിക് ഹെൽത്ത് ലബോറട്ടറി, എറണാകുളം, കണ്ണൂർ ജില്ലകളിലെ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് ലാബുകൾ എന്നിവിടങ്ങളിൽ മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള റഫ്രിജറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും ലാബ് ഉപകരണങ്ങൾ സൂക്ഷിക്കുന്ന മുറികളുടെ എ.സി. പ്രവർത്തിപ്പിക്കുന്നതിനുമുള്ള വൈദ്യുതി ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

10 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

സംസ്ഥാന അവാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഏറ്റവും നല്ല ഡോക്ടർക്ക് അവാർഡ് നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

മെഡിക്കൽ ഹൗസ് സർജന്മാരുടേയും മെഡിക്കൽ ജൂനിയർ, സീനിയർ റെസിഡന്റുമാരുടേയും വിഭാഗത്തിലെയും മാസ സ്റ്റൈപ്പന്റ് നിരക്കിലുണ്ടായ വർദ്ധനവിനെ തുടർന്നുള്ള അധികബാധ്യത നേരിടുന്നതിനായി സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ് എന്ന ശീർഷകത്തിൽ 38.88 ലക്ഷം രൂപയും വിവിധ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ദന്തൽ കോളേജ് എന്നിവിടങ്ങളിൽ ജീവൻരക്ഷാ മരുന്നുകൾ, ആഹാരസാധനങ്ങൾ എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിലേക്കായി 13.72 ലക്ഷം രൂപയും മഞ്ചേരി മെഡിക്കൽ കോളേജിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആനുപാതികമായുള്ള മിഡിൽ ലെവൽ സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കുന്ന ഇനത്തിൽ 111 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5371 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ ദന്തൽ ആശുപത്രികൾക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിനും മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവ നൽകുന്നതിനും, മെഡിക്കൽ, ദന്തൽ കോളേജുകളിൽ ജീവൻരക്ഷാ മരുന്നുകൾ ആഹാരസാധനങ്ങൾ എന്നിവ നൽകുന്നതിനുമായി നിലവിലെ ബഡ്ജറ്റിൽ അനുവദിച്ച ഫണ്ട് ചിലവഴിച്ച് തീർന്നിട്ടില്ല. ഫണ്ട് തീരുന്നമുറയ്ക്ക് അധിക ഫണ്ടിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ശിപാർശ ലഭ്യമാക്കി ആയത് അനുവദിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണ്. വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ അധികമായുള്ള തസ്തികകൾ കണ്ടെത്തി മഞ്ചേരി ഉൾപ്പെടെയുള്ള പുതിയ മെഡിക്കൽ കോളേജുകളിൽ പുനർവിന്യസിക്കുന്നതിനും ആവശ്യമുള്ള പക്ഷം അദ്ധ്യാപക സൂപ്പർവൈസറി തലങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ശിപാർശ

ശ്രീ വിദ്യാധിരാജാ ഹോമിയോപ്പതി മെഡിക്കൽ കോളേജ് ജീവനക്കാർക്ക് ശമ്പളപരിഷ്കരണം മുതലായുള്ള കുടിശ്ശിക നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2210-05-102-88 എന്ന ശീർഷകത്തിൽ അധികമായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച മറുപടി

ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറിന്റെ നിയമനവുമായി ബന്ധപ്പെട്ട തർക്കം നിലനിൽക്കുന്നതിനാൽ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് ഏപ്രിൽ 2014 മുതൽ ശമ്പളവും മറ്റ് അരിയർ ബില്ലുകളും ഇതുവരെ നൽകിയിട്ടില്ല. സമിതി ശിപാർശ ചെയ്ത അധിക തുക ഇപ്പോൾ ആവശ്യമില്ല.

ശിപാർശ

ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോടിലെ നാല് പാർട്ട് ടൈം ജീവനക്കാർക്ക് വേതനം നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2210-02-102-97-02 എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

ഹോമിയോപ്പതി വകുപ്പുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ 6.85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് ഹോമിയോ കോളേജിന് അധിക വിഹിതം ആവശ്യമെങ്കിൽ ആകെ പദ്ധതി വിഹിതത്തിന്റെ മുൻഗണന പുനർനിർണ്ണയിച്ച് മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും സമർപ്പിക്കുന്ന പക്ഷം ആവശ്യമുള്ള തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ

കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ വയോജന പരിപാലന യൂണിറ്റ്, വന്ധ്യതാ നിവാരണ യൂണിറ്റ്, ജീവിതശൈലീ രോഗനിയന്ത്രണ യൂണിറ്റ് എന്നിവയുടെ പ്രവർത്തനത്തിനും ഓഫീസിലെ കമ്പ്യൂട്ടർവൽക്കരണത്തിനും സോളാർ പാനൽ സ്ഥാപിക്കുന്നതിനുമായി 2210-02-102-97-34-3 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

ഹോമിയോപ്പതി വകുപ്പുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ 6.85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് ഹോമിയോ കോളേജിന് അധിക വിഹിതം ആവശ്യമെങ്കിൽ ആകെ പദ്ധതി വിഹിതത്തിന്റെ മുൻഗണന പുനർനിർണ്ണയിച്ച് മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം ഉചിതമായ ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുന്ന പക്ഷം ആവശ്യമുള്ള തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ

സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രാരംഭ ചെലവുകൾക്കും സർവ്വകലാശാല ആസ്ഥാനമന്ദിരത്തിന്റെ പണി പൂർത്തിയാക്കുന്നതിനും ലൈബ്രറി ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ ആരംഭിക്കുന്നതിനും ആരോഗ്യ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് ആവശ്യമായ പദ്ധതി രൂപീകരണത്തിന് സ്കൂൾ ഓഫ് എപ്പിഡമോളജി ആന്റ് പബ്ലിക് ഹെൽത്ത് സ്ഥാപിക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

ആരോഗ്യ സർവ്വകലാശാലയുടെ അടിസ്ഥാന വികസനത്തിനും വിവിധ പദ്ധതി നടത്തിപ്പിനുമായി സർക്കാർ ഉത്തരവ് നമ്പർ 3289/2014/ആ.കു.വ. തീയതി 7-10-2014 പ്രകാരം സമിതി ശിപാർശ ചെയ്ത 5 കോടി രൂപ ഉൾപ്പെടെ ആകെ 21.81 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഭാഗം II

## ചട്ടം 236 (5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

ശിപാർശ

ഓരോ വർഷവും മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ് ഇനത്തിൽ അനുവദിക്കുന്ന തുക വളരെ അപര്യാപ്തമാണ്. അതുമൂലം മാസംതോറും വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നു. ആയതിനാൽ 2010-11 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 6.31 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

2010-2011 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അധികമായി 17,04,000 രൂപ റീ അപ്രോപ്രിയേഷൻ മുഖാന്തിരം ലഭിച്ചിട്ടുണ്ട്.

ശിപാർശ

ആയുർവേദ കോളേജുകളിൽ പുതിയ പി.ജി. കോഴ്സുകൾ, വർഷംതോറുമുള്ള പാരാമെഡിക്കൽ കോഴ്സുകൾ എന്നിവ നടത്തുന്നതിനും ആഡിറ്റ് വിംഗ് രൂപീകരിക്കുന്നതിനും ആവശ്യം വേണ്ടുന്ന പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒരു സീനിയർ സൂപ്രണ്ട്, ഒരു ഹെഡ് ക്ലർക്ക്, രണ്ട് ലോവർ ഡിവിഷൻ ക്ലർക്ക്, ഒരു ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ തസ്തികകൾ അനുവദിച്ചതോടുകൂടി പാരാമെഡിക്കൽ കോഴ്സുകളുടെ നടത്തിപ്പിന്റെയും, ഇന്റേണൽ ആഡിറ്റ് വിംഗിന്റെയും പ്രവർത്തനം സുഗമമായി നടന്നുവരുന്നുണ്ട്.

<u>ശിപാർശ</u>

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പണി പൂർത്തിയാകുന്ന പഞ്ചകർമ്മ ആശുപത്രിയുടെ ആവശ്യങ്ങൾക്കായി ഫർണിച്ചറുകൾ, യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 80 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നുണ്ടെങ്കിലും 25 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പദ്ധതിയിനത്തിൽ അധികമായി 55 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>സ്വീകരിച്ച നടപടി</u>

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പണി പൂർത്തിയായ പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയുടെ ആവശ്യങ്ങൾക്കായി ഫർണിച്ചറുകൾ, യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 80 ലക്ഷം രൂപ ചെലവുവരുമെങ്കിലും 25 ലക്ഷം രൂപയേ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുള്ളൂ. ഫർണിച്ചറുകൾ, യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 55 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ തുക ലഭ്യമാകാത്ത സാഹചര്യത്തിൽ പഞ്ചകർമ്മ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 25 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

സൊസൈറ്റിയിൽ സേവനം ചെയ്യുവാൻ ഡോക്ടർമാർക്ക് താല്പര്യമില്ലാത്തതിനാൽ ന്യൂറോളജി, പീഡിയാട്രിക് എന്നീ വിഭാഗത്തിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇതൊഴിവാക്കുന്നതിനായി ഇത്തരം ആശുപത്രികളിൽ ജോലി ചെയ്യുന്നവർക്ക് പി.ജി. അഡ്മിഷന് വെയിറ്റേജ് നൽകുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സ്വീകരിച്ച നടപടി</u>

ഐക്കോൺസ് സൊസൈറ്റിയിൽ പ്രസ്തുത വിഷയങ്ങളിൽ സേവനം അനുഷ്ഠിക്കാൻ താത്പര്യമുള്ള ഡോക്ടർമാർക്ക് പി.ജി. അഡ്മിഷന് വെയിറ്റേജ് നൽകേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. ഇത് സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നുംതന്നെ നിലവിലില്ല. ഐക്കോൺസ് പോലെ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒട്ടനവധി സ്ഥാപനങ്ങൾ ഇതേ ആവശ്യം ഉന്നയിച്ച് പി.ജി. അഡ്മിഷന് വെയിറ്റേജ് ആവശ്യപ്പെടുന്ന സാഹചര്യം സംജാതമാകുവാൻ സാധ്യതയുള്ളതിനാൽ വിശദമായ പരിശോധന ഇക്കാര്യത്തിൽ ആവശ്യമാണ്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

### ശിപാർശ

മെഡിക്കൽ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന 5 മെഡിക്കൽ കോളേജുകളിലും ഡയറക്ടറേറ്റിലും സൃഷ്ടിക്കേണ്ടിവരുന്ന തസ്തികകൾക്ക് 1,64,33,410 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

### സ്വീകരിച്ച നടപടി

സബ്ജക്റ്റ് കമ്മിറ്റി റെക്കമെൻഡേഷൻ പ്രകാരമുള്ള തുക അനുവദിച്ചു

### ശിപാർശ

മെഡിക്കൽ സീറ്റ് വർദ്ധിപ്പിച്ചതനുസരിച്ച് ബിരുദാനന്തര ബിരുദവിദ്യാർത്ഥികൾക്കുള്ള താമസസൗകര്യം വരുന്ന മൂന്ന് വർഷത്തിനകം പൂർത്തിയാക്കേണ്ടതിനാൽ പത്ത് കോടി രൂപ ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

### സ്വീകരിച്ച നടപടി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലെ മെഡിക്കൽ/ പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നവീകരണത്തിനും നിർമ്മാണത്തിനുമായി 2011-2012 സാമ്പത്തിക വർഷം '4210-03-105-72' എന്ന ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തി. ചീഫ് എഞ്ചിനീയർ (പി.ഡബ്ല്യു.ഡി.)-യുടെ അധീനതയിലുള്ള ശീർഷകത്തിൽ കൂടുതൽ തുക അനുവദിച്ചതിന്റെ രേഖകൾ വകുപ്പിൽ ലഭ്യമല്ല.

### ശിപാർശ

കോട്ടയം മെഡിക്കൽ കോളേജുപോലെ മറ്റ് നാല് മെഡിക്കൽ കോളേജുകളിലും കൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 12 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

പി.എം.എസ്.എസ്.വൈ.യുടെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിന് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിൽ വരും കാലങ്ങളിൽ പദ്ധതി നടപ്പാക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു.

ശിപാർശ

കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് പഠനരീതിയിൽ മാറ്റം വരുത്തുന്നതിനും മരുന്നുകളുടെ പ്രവർത്തനം രോഗികളിൽ സ്റ്റിമുലേറ്റർ എന്ന ഉപകരണത്തിലൂടെ മനസ്സിലാക്കുന്നതിനുമായി പത്ത് കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

എം.ബി.ബി.എസ്.-ന്റെ പഠനരീതി നിശ്ചയിക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ആണ്. അവർ നിർദ്ദേശിക്കുന്ന സമ്പ്രദായത്തിനനുസരിച്ച പഠന സമ്പ്രദായം മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ സ്റ്റിമുലേറ്റർ ഉൾപ്പെടുത്തിയിട്ടില്ല.

ശിപാർശ

മെഡിക്കൽ കോളേജാശുപത്രികളിൽ മരുന്നും ആഹാരസാധനങ്ങളും വാങ്ങുന്നതിനായും, അഞ്ച് മെഡിക്കൽ കോളേജുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായും ആവശ്യപ്പെട്ട തുക തന്നെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മൂലധന ശീർഷകത്തിൽ അസറ്റ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ഒരു നിശ്ചിത അനുപാതം തുക മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് പ്രത്യേകമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

അസറ്റ് മെയിന്റനൻസ് ഫണ്ടിൽ ഓരോ പ്രോജക്ടും പ്രത്യേകമായി പരിഗണിച്ചാണ് സംസ്ഥാനതല കമ്മിറ്റി അനുവാദം നൽകുന്നത്. കമ്മിറ്റിയുടെ പരിഗണനയ്ക്കായി പ്രോജക്ടുകൾ സമർപ്പിക്കുന്നതാണ്. (2011-2012)-ൽ 12.75 കോടി രൂപ ഈയിനത്തിൽ ചെലവാക്കിയിട്ടുണ്ട്. ഇതോടൊപ്പം നബാർഡ് സഹായത്തോടെ 112 കോടി രൂപയുടെ അനുവാദം ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ

തിരുവനന്തപുരം മെഡിക്കൽ കോളേജിന് 2210-05-105-98 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ മരുന്നും യന്ത്രോപകരണങ്ങളും വാങ്ങുന്നതിനായി അനുവദിച്ച 60 ലക്ഷം രൂപ പരിമിതമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിച്ച് 85 ലക്ഷം രൂപയായി വിഹിതം ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിനും അവയോടനുബന്ധിച്ചുള്ള ആശുപത്രികൾക്കുമായി യന്ത്രോപകരണങ്ങൾക്ക് അധിക തുക ലഭ്യമാക്കിയിട്ടില്ല. എന്നാൽ സാധന സാമഗ്രികൾ ഇനത്തിൽ 1 കോടി 88 ലക്ഷം രൂപ അധികമായി റീ അപ്രോപ്രിയേഷൻ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-05-105-97 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിന് മരുന്നും യന്ത്രസാമഗ്രികളും വാങ്ങാൻ അനുവദിച്ച 22 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അധികമായി 63 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിനും അവയോടനുബന്ധിച്ചുള്ള ആശുപത്രികൾക്കുമായി യന്ത്രോപകരണത്തിന് അധിക തുക ലഭ്യമാക്കിയിട്ടില്ല. എന്നാൽ സാധന സാമഗ്രികൾ ഇനത്തിൽ മുപ്പത്തിമൂന്ന് ലക്ഷത്തി നാല്പതിനായിരം രൂപ അധികമായി റീ അപ്രോപ്രിയേഷൻ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-05-105-96 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി കോട്ടയം മെഡിക്കൽ കോളേജിന് 50 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ തന്നെ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മരുന്ന് വാങ്ങുന്നതിനായി ബഡ്ജറ്റിൽ വിലയിരുത്തിയിരിക്കുന്ന 10 ലക്ഷം രൂപയ്ക്ക് പുറമേ 15 ലക്ഷം കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ കോട്ടയം മെഡിക്കൽ കോളേജിനും അവയോടനുബന്ധിച്ചുള്ള ആശുപത്രികൾക്കുമായി യന്ത്രോപകരണത്തിന് തുകയൊന്നും ലഭ്യമാക്കിയിട്ടില്ല. എന്നാൽ സാധന സാമഗ്രികൾ ഇനത്തിൽ 1 കോടി 15 ലക്ഷം രൂപ അധികമായി റീ അപ്രോപ്രിയേഷൻ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-05-105-95 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ മരുന്ന് വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്ന 6 ലക്ഷം രൂപ പരിമിതമായതിനാൽ 29 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്ന 11 ലക്ഷം രൂപ 25 ലക്ഷം രൂപയായി ഉയർത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിനും അവയോടനുബന്ധിച്ചുള്ള ആശുപത്രികൾക്കുമായി യന്ത്രോപകരണത്തിന് തുക ലഭ്യമാക്കിയിട്ടില്ല. എന്നാൽ സാധന സാമഗ്രികൾ ഇനത്തിൽ 20 ലക്ഷം രൂപ അധികമായി റീ അപ്രോപ്രിയേഷൻ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-05-105-94 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിന് മരുന്ന് വാങ്ങുന്നതിനായി 5.5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് 9.5 ലക്ഷം രൂപ കൂടി വർദ്ധിപ്പിച്ച് 15 ലക്ഷമായി ഉയർത്താനും, യന്ത്രോപകരണങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ 5 ലക്ഷം കൂടി വർദ്ധിപ്പിച്ച് 25 ലക്ഷമായി ഉയർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിനും അവയോടനുബന്ധിച്ചുള്ള ആശുപത്രികൾക്കുമായി യന്ത്രോപകരണത്തിന് തുക ലഭ്യമാക്കിയിട്ടില്ല. എന്നാൽ സാധന സാമഗ്രികൾക്കായി 55 ലക്ഷം രൂപ അധികമായി റീ അപ്രോപ്രിയേഷൻ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ

കോഴിക്കോട് മെഡിക്കൽ കോളേജിന് നിലവിലുള്ളതുപോലെ മറ്റ് 4 മെഡിക്കൽ കോളേജുകളിലും ഡയറക്ടറേറ്റിലും മെഡിക്കൽ കൗൺസിൽ അംഗങ്ങൾക്കും എക്സ്റ്റേണൽ എക്സാമിനേഴ്സിനും താമസസൗകര്യത്തിനായി 5 റെസ്റ്റ് ഹൗസുകൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

കോഴിക്കോട് മെഡിക്കൽ കോളേജിന് നിലവിലുള്ള റെസ്റ്റ് ഹൗസിന് പുറമെ പുതുതായി ഒരെണ്ണം നിർമ്മിക്കാൻ 69,26,868 രൂപയ്ക്ക് 10-10-2012-ലെ ജി.ഒ.(ആർടി.) നമ്പർ 3360/2012/ആ.കു.വ. പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പി.ടി.എ. ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എക്സ്റ്റേണൽ എക്സാമിനേഴ്സിനും താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള പി.ജി. ഹോസ്റ്റലുകളിൽ ഒന്ന് രണ്ട് മുറികൾ താമസസൗകര്യത്തിനായി മാറ്റി വച്ചിട്ടുണ്ട്. സമിതി ശിപാർശ അനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2012-2013)

ശിപാർശ

തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിനായി ഉപകരണങ്ങൾ വാങ്ങുക, രോഗികൾക്ക് വസ്ത്രങ്ങൾ, ഷീറ്റ്, മെത്തകൾ, സ്റ്റാഫുകൾക്ക് ഇൻസർവ്വീസ് ട്രെയിനിംഗ് നടപ്പിലാക്കൽ, ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റിനുള്ള ചെലവ്, കമ്പ്യൂട്ടർ, എൽ.സി.ഡി., ഇന്റർ കോം, ലാപ്ടോപ്, ഫോട്ടോകോപ്പിയർ, ലാബ് ഉപകരണങ്ങൾ എന്നിവയുടെ മെയിന്റനൻസും അറ്റകുറ്റപ്പണി മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ജില്ലാ മാനസിക ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ജില്ലാ മാനസിക ആരോഗ്യ പരിപാടി നടപ്പിലാക്കുന്നതിനായി പദ്ധതിയിനത്തിൽ 60 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ഓപ്പൺ ഹാർട്ട് സർജറി, ന്യൂറോസർജറി, പേസ് മേക്കർ ട്രാൻസ്പ്ലാന്റേഷൻ, കാൻസർ, ആൻജിയോപ്ലാസ്റ്റി, റീനൽ ട്രാൻസ്പ്ലാന്റേഷൻ സർജറി, ഡയാലിസിസ്, ട്യൂമർ ഓഫ് ല്യംബാർ തൊറാസിക് വെർട്ടിബ്രൽ എന്നിവയുടെ ചികിത്സയ്ക്കായി വരുന്ന നിർദ്ധനരായ രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 400 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ പ്രതിരോധ നടപടികൾക്കായി ജില്ലാതല പരിശീലനങ്ങൾ നടത്തുന്നതിനായും ഐ.ഇ.സി., ലോക ഡയബറ്റിക്സ് ദിനാചരണത്തിനായും നീക്കിവെച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 650 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

നഴ്സിംഗ് സ്കൂളുകൾക്ക് ശമ്പളം, സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും, അറ്റകുറ്റപ്പണികൾ, മൈനർ പണികൾ എന്നിവ നടത്തുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് ക്യാമ്പസിൽ ആധുനിക സൗകര്യങ്ങളുള്ള ക്ലിനിക്കൽ ലാബ്, ഡയഗനോസ്റ്റിക് സെന്റർ, ലൈബ്രറി, പുതിയ കെട്ടിടം നിർമ്മിക്കുക, പൂജപ്പുര സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ 4,5 നിലകൾ നിർമ്മിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.5. കോടി രൂപ അധികമായി അനുവദിക്കണെമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി 2012-2013 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേൽ സമിതി ശിപാർശ ചെയ്തിരുന്നതുപ്രകാരം അധിക തുക ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് അയച്ചിരുന്നു. നിലവിലുള്ള വിഹിതത്തിന്റെ വിനിയോഗം വിലയിരുത്തിയ ശേഷം വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ കൂടുതൽ വിഹിതം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

<u>ശിപാർശ</u>

മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ കീഴിലുള്ള 20 പേവാർഡുകൾ നവീകരിക്കേണ്ടതുണ്ട്. ആയതിനാൽ 2210-05-800-65-09 (ഗ്രാന്റ്-ഇൻ-എയ്ഡ്) ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ പ്രമേഹ ചികിത്സയ്ക്കായി ആശ്രയിക്കുന്ന ഒരു ചികിത്സാകേന്ദ്രമെന്ന നിലയിലും, പ്രമേഹ ചികിത്സാരംഗത്ത് ഗവേഷണം നടത്തുന്ന സ്ഥാപനമെന്ന നിലയിലും മുന്തിയ പരിഗണന അർഹിക്കുന്ന ഒരു സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്ന സ്ഥാപനത്തിന് 2010-11, 2011-12 വർഷങ്ങളിലെ ബഡ്ജറ്റിൽ തുകയൊന്നും ലഭിക്കാത്തതിനെത്തുടർന്ന് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ 2210-01-200 'Other Health Schemes-93-IID-(Plan)' എന്ന ശീർഷകത്തിൽ 1.5 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

2012-2013 വർഷം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന് സപ്ലിമെന്ററി ഡിമാന്റ്സ് ഓഫ് ഗ്രാന്റിൽ ഉൾപ്പെടുത്തി '2210-01-200-'Other Health Schemes-93-IID-(Non Plan)' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 50 ലക്ഷം രൂപ അനുവദിക്കുകയും ടി തുക പ്രസ്തുത സാമ്പത്തിക വർഷത്തിൽ തന്നെ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

കുട്ടികൾ, മുതിർന്നവർ, വൃദ്ധർ എന്നിവരിൽ കാണുന്ന മാനസികവും, ഭാഷാപരവും, ചിന്താപരവും, ആശയപരവുമായ വൈകല്യങ്ങൾ, ഓട്ടിസം, ബുദ്ധിമാന്ദ്യം, പഠനവൈകല്യം, സെറിബ്രൽ പാൾസി, ശ്രവണവൈകല്യങ്ങൾ, സംസാര ശേഷിയില്ലായ്മ, പ്രായപൂർത്തിയായവരിൽ പക്ഷാഘാതവും തലച്ചോറിനുണ്ടാകുന്ന ക്ഷതങ്ങൾ മുഖേന വരുന്ന ഭാഷാവൈകല്യം, മറവിരോഗം എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തുകയും അത്തരം വൈകല്യമുള്ളവരെ ചികിത്സിക്കുകയും പുനരധിവസിപ്പിക്കുകയും കുടുംബത്തിന്റേയും സമൂഹത്തിന്റേയും മുഖ്യധാരയിലേക്ക് കൊണ്ടുവരുകയുമാണ് ഈ സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

2012-2013 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ മാത്രമാണ് നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ളത്.

ശിപാർശ

ഐക്കോൺസിന്റെ തിരുവനന്തപുരത്തും ഷൊർണ്ണൂരുമുള്ള സ്ഥാപനങ്ങളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക, പാരാമെഡിക്കൽ ജീവനക്കാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും നിയമിക്കുക തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2012-2013 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ മാത്രമാണ് നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ളത്.

ശിപാർശ

മുഴുവൻ ഗ്രാമീണ ജനതയ്ക്കും ഫലപ്രദമായ ആരോഗ്യരക്ഷ നൽകുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിക്കായി 2012-2013 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി 110.55 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന 2012-2013 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 235.07 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും, മായം ചേർക്കൽ തടയുക മുതലായവയാണ് ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ പ്രധാന ലക്ഷ്യം. നിലവിലുള്ള മൂന്ന് ലബോറട്ടറികളുടെ NABL അക്രഡിറ്റേഷൻ നടപ്പിലാക്കുക, പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ പ്രാഥമിക പരിശോധന നടത്തുന്നതിനായുള്ള ലബോറട്ടറി സജ്ജീകരണങ്ങൾ ഒരുക്കുക, ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകുക, പൊതുജനങ്ങൾക്കും, വ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ഹെഡ്ക്വാർട്ടേഴ്സ്/ ജില്ലാ/താലൂക്ക് തലങ്ങളിലെ ആവശ്യത്തിന് കെട്ടിടങ്ങളുടെ വാടകയും, മുനിസിപ്പാലിറ്റി കളിലെയും കോർപ്പറേഷനുകളിലെയും ഫുഡ് ഇൻസ്പെക്ടർമാർക്ക് ആഫീസും മറ്റ്

സൗകര്യങ്ങളും നൽകുക എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 12 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ അധിക വിഭവസമാഹരണ സാധ്യതകൾ കണക്കിലെടുത്ത് പദ്ധതി വിഹിതത്തിൽ മാറ്റം വരുത്തുവാൻ സാധ്യമല്ലാത്തതിനാൽ ആരോഗ്യകുടുംബക്ഷേമ വകുപ്പുമായി കൂടിയാലോചിച്ച് തനത് വർഷത്തെ (2012-2013) ധനാഭ്യർത്ഥനയിൽ നിന്നും ധനമിച്ചം കണ്ടെത്താൻ നടപടി സ്വീകരിച്ചെങ്കിലും പ്രസ്തുത തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-2014)

ശിപാർശ

ആരോഗ്യ വകുപ്പിൽ ഭരണഭാഷ പൂർണ്ണമായ തോതിൽ മലയാളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ച 1,000 രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 49,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്തത് പ്രകാരം 90,000 രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

ആരോഗ്യ വകുപ്പിലെ കെട്ടിട നികുതിയിനത്തിൽ നിലവിലുള്ള കുടിശ്ശിക അടയ്ക്കുന്നതിനുവേണ്ടിയും, വാടക, കരം, നികുതി എന്നിവ അടയ്ക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായിട്ടില്ല.

ശിപാർശ

വയനാട്ടിൽ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

2210-03-103-91 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 24.840 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

ശിപാർശ

അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ പോഷകാഹാര പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രത്യേക തുക അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടതല്ല.

ശിപാർശ

നഴ്സിംഗ് സ്കൂളുകളുടെ പ്രവർത്തനത്തിനും വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷം 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

20 ലക്ഷം രൂപ റീഅപ്രോപ്രിയേഷനിലൂടെ അനുവദിക്കുകയുണ്ടായി.

ശിപാർശ

ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളിലെയും പോസ്റ്റ്-പാർട്ടം കേന്ദ്രങ്ങളിലെയും (ബ്ലോക്ക് പി.എച്ച്.സി.) ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നിലവിൽക്കുന്ന സാമ്പത്തിക നിയന്ത്രണം കണക്കിലെടുത്ത് അധിക തുക അനുവദിച്ചില്ല. അധിക തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ റീ അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

മെഡിക്കൽ ഹൗസ് സർജൻമാരുടേയും മെഡിക്കൽ ജൂനിയർ, സീനിയർ റെസിഡന്റുമാരുടേയും മാസ സ്റ്റൈപ്പന്റ് നിരക്കിലുണ്ടായ വർദ്ധനയെത്തുടർന്നുള്ള അധിക ബാദ്ധ്യത നേരിടുന്നതിന് സ്കോളർഷിപ്പ് സ്റ്റൈപ്പന്റ് ഇനത്തിൽ 20.38 ലക്ഷം രൂപയും, വിവിധ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ദന്തൽ കോളേജ് എന്നിവിടങ്ങളിൽ ജീവൻരക്ഷാമരുന്നുകൾ, ആഹാര സാധനങ്ങൾ എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിലേക്കായി, വിവിധ ആശുപത്രികൾക്ക് 5 കോടി 30 ലക്ഷം രൂപയും 1.84 ലക്ഷം രൂപ വിവിധ മെഡിക്കൽ, ദന്തൽ കോളേജുകൾക്കുമായി ആകെ 27.52 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

മെഡിക്കൽ, ദന്തൽ കോളേജുകൾക്ക് സ്കോളർഷിപ്പ് സ്റ്റൈപ്പന്റ് ഇനത്തിൽ ഉപധനാഭ്യർത്ഥന പ്രകാരം 33.97 കോടി രൂപയും തിരുവനന്തപുരം നഴ്സിംഗ് കോളേജിന് റീ അപ്രോപ്രിയേഷൻ മുഖേന 27 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ജീവൻരക്ഷാമരുന്നുകൾ, ആഹാര സാധനങ്ങൾ എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിനായി റീ അപ്രോപ്രിയേഷൻ മുഖേന 48 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

14 ജില്ലാ ഓഫീസുകളുടേയും വാഹനങ്ങളുടെ ഇന്ധന ചെലവിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 85,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

50,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

14 ജില്ലാ ഓഫീസുകളുടേയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 40,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

വിവിധ സ്ഥാപനങ്ങൾക്ക് വാടക കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് ഈ ശീർഷകത്തിൽ അധികമായി 50,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ സാധിച്ചിട്ടില്ല

ശിപാർശ

ജില്ലകളിലെ സിദ്ധ വൈദ്യ സ്ഥാപനങ്ങളിലെ രോഗികൾക്കുള്ള ഭക്ഷണം, കഷായം എന്നിവ പാകം ചെയ്യുന്നതിനായുള്ള ഇന്ധനച്ചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

ജില്ലകളിലെ സിദ്ധവൈദ്യ സ്ഥാപനങ്ങളിലെ രോഗികൾക്കുള്ള ഭക്ഷണം, കഷായം എന്നിവ പാകം ചെയ്യുന്നതിനുള്ള ഇന്ധനച്ചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

വൈദ്യുത ചാർജ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

നിലവിലുള്ള വൈദ്യന്മാർക്ക് ഗ്രാന്റ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 78,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

ജില്ലയിലെ വൈദ്യന്മാർക്ക് ഗ്രാന്റ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

14 ജില്ലകളിലെയും ആയുർവേദ സ്ഥാപനങ്ങളുടെ രോഗികൾക്കുള്ള ഭക്ഷണം, കഷായം എന്നിവ പാകം ചെയ്യുന്നതിനുള്ള ഇന്ധനച്ചെലവ്, ഭക്ഷണം എന്നിവയ്ക്ക്

അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളുടെ നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-198-50-24—സാധനസാമഗ്രികൾ—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം—149 ലക്ഷം രൂപ।

2210-02-196-50-24—സാധനസാമഗ്രികൾ—ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം—59 ലക്ഷം രൂപ।

2210-02-192-50-24—സാധനസാമഗ്രികൾ—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം—39 ലക്ഷം രൂപ।

2210-02-191-50-24—സാധനസാമഗ്രികൾ—കോർപ്പറേഷനുകൾക്കുള്ള ധനസഹായം —3,41,000 രൂപ।

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

ഒരു ബ്ലോക്കിൽ ഒന്നിൽ കൂടുതൽ സി.എച്ച്.സി.-കളോ പി.എച്ച്.സി.-കളോ ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിനും പ്രത്യേകം ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, ആയുർവേദ പി.ജി. കോഴ്സുകൾക്കുള്ള അലോട്ട്മെന്റ്, പാരാമെഡിക്കൽ കോഴ്സുകളുടെ നടത്തിപ്പ്, സർക്കാർ എയ്ഡഡ്, സ്വാശ്രയ മേഖലയിലെ ആയുർവേദ വിദ്യാഭ്യാസ സംബന്ധമായ മറ്റ് ജോലികൾ ഇവയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി 2210-05-001-96-01-ശമ്പളം എന്ന ശീർഷകം രൂപീകരിച്ച് 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നവീകരണത്തിന്റെ ഭാഗമായി തുടങ്ങിവെച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നവീകരണത്തിനും കമ്പ്യൂട്ടറൈസേഷനുമായി 2014-2015 വർഷത്തിലെ ബഡ്ജറ്റിൽ 2210-05-001-96 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2014-2015 വർഷത്തിലെ ബഡ്ജറ്റിൽ 2210-05-001-95 എന്ന ശീർഷകത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ തുടർ വിദ്യാഭ്യാസ പദ്ധതികൾക്കായി 12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

4210-03-101-93 എന്ന ശീർഷകത്തിൽ 2014-2015 വർഷം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ഫാർമസി, പണികൾ എന്ന ശീർഷകത്തിൽ 2 കോടി രൂപ അധിക കേന്ദ്രസഹായമായി അനുവദിച്ചിട്ടുണ്ട്. 4210-03-101-93 എന്ന ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച 1.5 കോടി രൂപയിൽ ഒരു വിഹിതം കണ്ണൂർ ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിനും ലഭിച്ചിരുന്നുവെങ്കിലും ഈ സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇപ്പോൾ അധിക കേന്ദ്രസഹായമായി അനുവദിച്ച 2 കോടി രൂപ അപര്യാപ്തമായതിനാൽ 4210-03-101-93 എന്ന ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മെഡിക്കൽ സ്റ്റോർ എന്നിവയുടെ നിർമ്മാണത്തിനായി 4210-03-101-87-01-മരാമത്ത് കെട്ടിട നിർമ്മാണം എന്നിവയ്ക്കും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുമായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2210-05-001-98 (06-ആർ.ആർ.റ്റി.) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 50,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

യാത്രാ ബത്ത, അവധി യാത്രാ ആനുകൂല്യം, വൈദ്യുതി ചാർജ്, ഡീസൽ ചാർജ്, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, പാർട്ട് ടൈം ജീവനക്കാരുടെ ക്ഷാമബത്ത, അഡ്വാൻസുകൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | | |
|---|---|---|---|
| 2210-05-101-79-04 | — യാത്രാ ചെലവുകൾ | .. | 6.48 ലക്ഷം |
| 2210-05-101-79-05 | — ഓഫീസ് ചെലവുകൾ | .. | 2 ലക്ഷം |
| 2210-05-101-79-06(45) | — പി.ഒ.എൽ. | .. | 1 ലക്ഷം |
| 2210-02-101-78 (01) | — ശമ്പളം | .. | 2.5 ലക്ഷം |
| 2210-02-101-78 (02) | — വേതനം | .. | 50,000 രൂപ |
| 2210-02-101-78 (04) | — യാത്രാ ചെലവുകൾ | .. | 4.27 ലക്ഷം |
| 2210-02-101-05 (45) | — പി.ഒ.എൽ. | .. | 50,000 രൂപ |

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-96—ആയുർവേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ .. 151.25 ലക്ഷം രൂപ

2210-02-101-98—കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ .. 113.33 ലക്ഷം രൂപ

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 2210-05-101-96-12 സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 48,00,000 രൂപ (21,00,000+27,00,000) അനുവദിക്കുകയുണ്ടായി.

അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-95-02—(വേതനം) .. 7 ലക്ഷം രൂപ

2210-05-101-95-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും .. 9 ലക്ഷം രൂപ

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന രണ്ട് ശീർഷകങ്ങളിലുമായി 69.10 ലക്ഷം രൂപ (3,10,000+66,00,000) അനുവദിച്ചിട്ടുണ്ട്.

ശിപാർശ

ഔഷധത്തോട്ടത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർക്ക് വേതനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

സ്ത്രീ സാന്ത്വന പദ്ധതിയായ സീതാലയത്തിന്റെ പദ്ധതി നടത്തിപ്പിനും സീതാലയം സെന്റർ നിർമ്മാണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

സ്ത്രീ സാന്ത്വന പദ്ധതിയായ സീതാലയം പദ്ധതിയുടെ നടത്തിപ്പിനും സീതാലയം സെന്റർ നിർമ്മാണത്തിനുമായി 2210-02-102-15 എന്ന ശീർഷകത്തിൽ 80 ലക്ഷം രൂപ 2014-2015 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സാന്ത്വനമേകുന്ന സീതാലയം പദ്ധതി ഇന്ന് താൽക്കാലിക ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചുകൊണ്ടാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ 14 ജില്ലകളിലേയും സീതാലയം സെന്ററുകളിൽ ആവശ്യമായ മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല.

ശിപാർശ

സംസ്ഥാനമൊട്ടാകെയുള്ള ഹോമിയോ ഡിസ്പെൻസറികളിലേക്കും ആശുപത്രികളിലേക്കും ആവശ്യമായ മരുന്നും ലേപനങ്ങളും മറ്റും സംഭരിച്ച് കൃത്യമായും സമയബന്ധിതമായും വിതരണം ചെയ്യുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ് റീജിയണൽ മെഡിക്കൽ സ്റ്റോറുകൾ, റീജിയണൽ മെഡിക്കൽ സ്റ്റോറുകൾക്ക് പുറമെ ഒരു സെൻട്രൽ മെഡിക്കൽ സ്റ്റോർ കൂടി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 3 റീജിയണൽ മെഡിക്കൽ സ്റ്റോറുകളുടേയും ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി ജോലി നോക്കുന്നവരാണ്. വകുപ്പിന് കീഴിലുള്ള ഹോമിയോ

സ്ഥാപനങ്ങളിലേക്കുള്ള മരുന്ന് സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. ആയതിനാൽ നിലവിലുള്ള മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമായ ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല.

<u>ശിപാർശ</u>

വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി കോളേജ് ബസ് അത്യാവശ്യമാണ്. ബഡ്ജറ്റ് മുഖേന പ്ലാൻ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കോളേജ് ബസ് വാങ്ങുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

2013-2014 ബഡ്ജറ്റ് മുഖേന ഹോമിയോ വിദ്യാഭ്യാസ വകുപ്പിന് പ്ലാൻ ശീർഷകത്തിൽ ലഭിച്ച 100 ലക്ഷം രൂപയിൽ നിന്നുമാണ് കോളേജ് ബസ് വാങ്ങുന്നതിന് സമിതി മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചത്. റീ അപ്രോപ്രിയേഷൻ മുഖേന ബസ് വാങ്ങുന്നതിനാവശ്യമായ തുക കണ്ടെത്തുകയും 2014-ൽ ബസ് വാങ്ങുന്നതിനുള്ള ഭരണാനുമതി കൊടുക്കുകയുമുണ്ടായി. ഈ തുക ഉപയോഗിച്ച് കോളേജ് ബസ് വാങ്ങുന്നതിനുള്ള നടപടികൾ പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ഇന്റേണീസ് സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായി വരുന്ന 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

1-3-2014 മുതൽ ഇന്റേണിസിന്റെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമില്ല.

ശിപാർശ

ശ്രീ വിദ്യാധിരാജാ ഹോമിയോപ്പതി മെഡിക്കൽ കോളേജ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം മുഖേനയുള്ള കുടിശ്ശിക ശമ്പളം, ഇന്റേണീസ്സിന്റെ സ്റ്റൈപ്പന്റ് കുടിശ്ശിക, മൂന്ന് സ്വകാര്യ കോളേജുകൾക്ക് നൽകേണ്ട കുടിശ്ശിക എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ അധികമായി 80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2013-2014 ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം മുഖേനയുള്ള അരിയർ ശമ്പളം നൽകുന്നതിനും സ്റ്റൈപ്പന്റ് ഇനത്തിൽ ഇന്റേണീസിന് നൽകേണ്ട കുടിശ്ശിക നൽകുന്നതിനും, മറ്റ് പ്രൈവറ്റ് കോളേജുകളിലെ ജീവനക്കാർക്കുള്ള കുടിശ്ശിക ശമ്പളം നൽകുന്നതിനുമായാണ് അധിക തുക ആവശ്യപ്പെട്ടത്. എന്നാൽ ഇന്റേണീസിന് സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കാത്തതിനാലും ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറിന്റെ നിയമനവുമായി ബന്ധപ്പെട്ട തർക്കം നിലനിൽക്കുന്നതിനാലും ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകിയിട്ടില്ല. കൂടാതെ മൂന്ന് പ്രൈവറ്റ് കോളേജിനും നൽകേണ്ട കുടിശ്ശിക തുക 2013-2014-ൽ അനുവദിച്ച തുകയിൽ നിന്നും നൽകേണ്ടതായും വന്നില്ല. ആയതിനാൽ അധികമായി സമിതി ശിപാർശ ചെയ്ത തുക ആവശ്യമില്ല.

ശിപാർശ

എറണാകുളത്ത് പുതുതായി ആരംഭിക്കുന്ന റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ മൈക്രോബയോളജി ലാബ് സ്ഥാപിക്കുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനും ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ക്ലിനിക്കൽ സ്റ്റഡി നടത്തുന്നതിനുമായി പദ്ധതിയിനത്തിൽ 189.70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

അധികമായി തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്ന തിനാവശ്യമായ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ മുതലായവയും

വകുപ്പിലെ കണ്ടംചെയ്ത 3 വാഹനങ്ങൾക്കുപകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

അധികമായി തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

റീജിയണൽ കാൻസർ സെന്ററിലെ പുതിയ പത്തുനില കെട്ടിടത്തിനായി 22 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നിലവിലുള്ള കരാർ പ്രകാരമുള്ള വിലവർദ്ധനയും വൈദ്യുതീകരണം തുടങ്ങിയ അനുബന്ധ ജോലികളുടെ ടെണ്ടർ എക്സസും ചേർത്ത് 8 കോടിയോളം രൂപ അധികമായി ആവശ്യമുണ്ട്. കൂടാതെ, അക്കാഡമിക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ 5 കോടി രൂപയും നിർധനരായ രോഗികളുടെ സൗജന്യ ചികിത്സയ്ക്ക് 10 കോടി രൂപയും അധികമായി വേണ്ടിവരും. ആയതിനാൽ പദ്ധതിയിനത്തിൽ 8 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 10 കോടി രൂപയും അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷത്തിൽ RCC-യുടെ വിഹിതം ഉപയോഗിച്ച് കഴിഞ്ഞതായി കാണാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല. നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ ചെലവുകൾ പരിമിതപ്പെടുത്തി RCC-യ്ക്ക് ലഭ്യമായ വിഹിതത്തിനുള്ളിൽ ധനപുനർവിനിയോഗ ത്തിനുള്ള ഉചിതമായ നിർദ്ദേശം സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ശിപാർശ

മലബാർ കാൻസർ സെന്ററിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനും സീനിയർ ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് നിർമ്മാണം, കോൺഫറൻസ് ഹാൾ, ലൈബ്രറി, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണം തുടങ്ങിയ ചെലവുകൾക്കായി 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

2012-2013-ൽ അനുവദിച്ച 1 കോടിക്ക് പുറമെ രണ്ടാം ഘട്ടത്തിലേക്കായി 2013-2014-ൽ പ്ലാൻ ഇനത്തിൽ 1 കോടി രൂപയും നീക്കിവച്ചിട്ടുണ്ടെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഈ വർഷം അധിക തുക നീക്കിവെക്കേണ്ടതില്ല. ലൈബ്രറി, ഓഡിറ്റോറിയം, കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമ്മാണം ഈ വർഷം ആരംഭിക്കുവാൻ കഴിയില്ല.

ശിപാർശ

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് പുതിയ കെട്ടിടം പണിയുന്നതിനും ഭക്ഷ്യവ്യാപാരികൾക്കായുള്ള ഓൺലൈൻ ലൈസൻസിംഗ്/രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ സിസ്റ്റം, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കും ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനും കൂടാതെ പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവൽക്കരണം നൽകുന്നതിനും കെട്ടിടങ്ങളുടെ വാടക നൽകുന്നതിനും ആവശ്യമായ വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഫുഡ് ഇൻസ്പെക്ടർമാർക്ക് ആഫീസും മറ്റ് സൗകര്യങ്ങളും നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2,48,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

തുക അനുവദിച്ചില്ല.

ശിപാർശ

എല്ലാ ജില്ലകളിലും ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കൽ, നിലവിലുള്ള മൂന്ന് ലബോറട്ടറികൾക്ക് National Accreditation Board for Testing and Calibration Laboratories (NABL) അക്രെഡിറ്റേഷൻ നടപ്പിലാക്കൽ, എല്ലാ ജില്ലകളിലും പ്രാഥമിക പരിശോധന നടത്തുന്നതിനുള്ള മൊബൈൽ ലബോറട്ടറിയും വിജിലൻസ് സംവിധാനവും ഏർപ്പെടുത്തൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 235 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

തുക അനുവദിച്ചില്ല.

ശിപാർശ

ആശുപത്രികൾ ആവശ്യപ്പെടുന്ന അളവിൽ യഥാസമയം ജീവൻരക്ഷാ മരുന്നുകൾ വിതരണം ചെയ്യുന്നതിനും സംഭരിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 235 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

തുക അനുവദിച്ചില്ല.

ശിപാർശ

ഓട്ടിസം, ബുദ്ധിമാന്ദ്യം, മറ്റ് വൈകല്യങ്ങൾ മുതലായവയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും നൽകുന്ന റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ഉൾപ്പെടെ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 14 കോടി രൂപ പ്ലാൻ ഇനത്തിലും 1 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ കീഴിലുള്ള 20 പേ വാർഡുകളുടെ നവീകരണം, ഐ.പി.പി. ഓഫ്സെറ്റ് പ്രസ്സിന്റെ നവീകരണം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ പുതിയ പേ വാർഡുകളുടെ നവീകരണം, ലാബുകളുടേയും വിവിധ യൂണിറ്റുകളുടേയും നിലവാരം അഭിവൃദ്ധിപ്പെടുത്തൽ തുടങ്ങിയ ആവശ്യങ്ങൾക്കായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

ഭരണാനുമതി ഇല്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കേന്ദ്രീകൃത ഗവേഷണ സൗകര്യത്തിനായും അക്കാദമിക് സ്റ്റാഫ് കോളേജുകൾക്കും മറ്റ് അനുബന്ധ ഹോസ്റ്റലിനും പാരമ്പര്യ ഇതര ഊർജ്ജ ഉൽപ്പാദന-ജല സംഭരണ പദ്ധതി എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്തത് പ്രകാരമുള്ള 15 കോടി രൂപ അധികമായി അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

നടപ്പു സാമ്പത്തികവർഷത്തിൽ സർക്കാർ അനുവദിച്ച പദ്ധതി തുകയായ 50 ലക്ഷം രൂപ ഔഷധ സസ്യബോർഡ് ഉദ്ദേശിക്കുന്ന വിവിധ ജനപ്രിയ പദ്ധതികളായ സ്കൂളിൽ ഒരു ഔഷധത്തോട്ടം, ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം, ഗുണമേന്മയുള്ള ഔഷധത്തൈകളുടെ ഉൽപ്പാദനം, ഔഷധസസ്യകൃഷി വ്യാപനം, ഔഷധ സസ്യങ്ങളുടെ സമഗ്ര വിവരശേഖരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ മതിയാവാതെ വരുമെന്നതിനാൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡിന് സമിതിയുടെ നിർദ്ദേശപ്രകാരം ഒരു കോടി രൂപ അധികമായി ലഭിക്കണമെന്നുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും പുതിയ ആഡിറ്റോറിയത്തിന്റെ നിർമ്മാണം, വിവിധ ഗവേഷണ പ്രവർത്തനങ്ങൾ, ക്ലിനിക് സൗകര്യം മെച്ചപ്പെടുത്തൽ, ട്രെയിനിംഗ്, മറ്റ് പുതിയ സ്കീമുകളുടെ നടത്തിപ്പ് തുടങ്ങിയ ആവശ്യങ്ങൾക്കായി പ്ലാൻ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 89 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ (CDC) പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് വൈദ്യുതി, വെള്ളം, സെക്യൂരിറ്റി സർവ്വീസുകൾ, ക്ലീനിംഗ്, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ തുടങ്ങിയവയും സി.ഡി.സി.യുടെ സുഗമമായ പ്രവർത്തനത്തിനുമായി 26 പുതിയ തസ്തികകളിൽ നിയമനം നടത്തി ശമ്പളം നൽകുന്നതിനായി പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

നിയമവിധേയമല്ലാത്ത രക്തസംഭരണവും വിതരണവും തടയുക, രക്തദാനത്തെ കുറിച്ചുള്ള അവബോധം യുവാക്കളുടെ ഇടയിൽ പ്രചരിപ്പിക്കുക, ബ്ലഡ് ബാങ്കുകളിലെ ടെസ്റ്റ് കിറ്റ്, റീ-ഏജന്റ് മുതലായവയുടെ വിതരണം നിയന്ത്രിക്കുക, ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളാണ്. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനായും ഇതു സംബന്ധിച്ച മറ്റു പ്രവർത്തനങ്ങൾക്കായും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

സംസ്ഥാന ഫാർമസി കൗൺസിലിന്റെ പുതിയ പദ്ധതികളായ ഡോക്യുമെന്ററി പരസ്യ ചിത്ര നിർമ്മാണം, ഫാർമസിസ്റ്റ് ഡെസ്ക് റഫറൻസ് എന്ന ആധികാരിക ഗ്രന്ഥം (പുതിയ എഡിഷൻ) തയ്യാറാക്കൽ, ഡ്രഗ് ഇൻഫർമേഷൻ സെന്റർ തുടങ്ങുക, ഫാർമസിസ്റ്റുകൾക്കായി തുടർവിദ്യാഭ്യാസ പരിപാടികൾ തുടങ്ങിയവ ആവിഷ്കരിക്കാൻ

2210-01-800-89 എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 31 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

കൂടാതെ ചെലവുകൾ വർദ്ധിച്ചുവരുന്നതിനാൽ ഗ്രാന്റ് തുക 14,000 രൂപയിൽ നിന്നും 2 ലക്ഷം രൂപയായി ഉയർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

19-2-2014-ലെ സ.ഉ. (സാധാ.) നമ്പർ 563/14/ആ.കു.വ. പ്രകാരം സംസ്ഥാന കൗൺസിലിന്റെ വാർഷിക ഗ്രാന്റ് 14,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും കൗൺസിലിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഭരണാനുമതി നൽകിയതിനുശേഷം ധനപുനർവിനിയോഗത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 2210-01-110-99-02—wages എന്ന ശീർഷകത്തിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കുന്നതിനായി ഫാർമസി കൗൺസിൽ ധനപുനർവിനിയോഗ നിർദ്ദേശം സമർപ്പിച്ചെങ്കിലും ലേജസ്-ൽ നിന്നും ധനപുനർവിനിയോഗംവഴി തുക കുറവുചെയ്യുവാൻ ധനകാര്യ വകുപ്പ് അംഗീകാരം നൽകുകയുണ്ടായില്ല.

<u>ശിപാർശ</u>

സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള എല്ലാ ആശുപത്രികളിലേയും ഡയഗ്നോസ്റ്റിക് സെന്ററുകളിലേയും എക്സ്-റേ, സ്കാനിംഗ് യൂണിറ്റുകൾ, മറ്റ് റേഡിയേഷൻ ഉപകരണങ്ങൾ എന്നിവ പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തുകയും അനുബന്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന റേഡിയേഷൻ സേഫ്റ്റി വകുപ്പിന് എക്സ്-റേ, സ്കാൻ യൂണിറ്റുകളിൽ പരിശോധന നടത്തുന്നതിനും ക്വാളിറ്റി അഷ്വറൻസ് ടെസ്റ്റുകൾ നടത്തുന്നതിനും പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള ഓഫീസ് ചെലവുകൾക്കും വാഹനവും അനുബന്ധച്ചെലവുകൾക്കും ഓഫീസ് സാമഗ്രികൾ, പുതിയ ഉപകരണങ്ങൾ, ലൈബ്രറി നിർമ്മാണം, വെബ്സൈറ്റ് നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി 9.3 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചുകിട്ടിയിട്ടില്ല.

ഭാഗം III

**സമിതിയുടെ വിവിധ യോഗങ്ങളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ ലഭ്യമാക്കിയിട്ടുള്ള നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

I. സമിതിയുടെ 14-11-2012-ലെ യോഗനിർദ്ദേശങ്ങളിന്മേൽ ലഭിച്ച മറുപടി (ഫയൽ നമ്പർ 5/സബ്.സി.എഫ്2/12/ലെജി.)

ആവശ്യപ്പെട്ട അധികവിവരം

എല്ലാ ജില്ലകളിലുമുള്ള പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വിലയിരുത്തണമെന്നും അവയെ സഹായിക്കുന്നതിനായി മാവേലി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിനും വെള്ളത്തിന്റെയും കറണ്ടിന്റേയും ചാർജ് ഇളവ് ചെയ്യുന്നതിന് നടപടിയെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

[ഖണ്ഡിക (എ)]

സ്വീകരിച്ച നടപടി

1. നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണ അനുമതി പ്രകാരം അവരുടെ വാർഷിക പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിച്ചുവരുന്നത്. അതുകൊണ്ടുതന്നെ ഈ പദ്ധതിയുടെ നേരിട്ടുള്ള മേൽനോട്ടം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ സാങ്കേതിക സഹായത്തോടുകൂടി പ്രവർത്തിക്കുന്ന പദ്ധതിയായതിനാൽ അതത് മെഡിക്കൽ ഓഫീസർമാർ എല്ലാമാസവും പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം വിശകലനം ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സാങ്കേതിക സാമ്പത്തിക സഹായം കൂടി ലഭിക്കുന്നതിനാൽ ജില്ലാ പ്രോഗ്രാം മാനേജരും (ഡി.പി.എം.), പാലിയേറ്റീവ് കെയർ ജില്ലാ കോർഡിനേറ്ററും ഈ പദ്ധതി സൂക്ഷ്മമായി നിരീക്ഷിച്ച് പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറും ടെക്നിക്കൽ അസിസ്റ്റന്റും പ്രതിമാസ അവലോകനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറും മിഷൻ ഡയറക്ടറും (എൻ.ആർ.എച്ച്.എം.) നോഡൽ ഓഫീസറും (പാലിയേറ്റീവ് കെയർ) എല്ലാ മാസവും പദ്ധതി അവലോകനം ചെയ്യുകയും വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുകയും ചെയ്യുന്നു.

2. മാവേലി സ്റ്റോറുകളിൽ നിന്ന് സൗജന്യമായി സാധനങ്ങൾ ലഭ്യമാക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമാണ് നടപടികൾ സ്വീകരിക്കേണ്ടത്. സബ്ജക്ട് കമ്മിറ്റിയുടെ ഈ നിർദ്ദേശം ഈ വകുപ്പുകളെ അറിയിക്കുന്നതാണ്.

3. പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സംസ്ഥാനത്ത് ഉടനീളം ആരോഗ്യ വകുപ്പിന് കീഴിലുള്ള ആരോഗ്യകേന്ദ്രങ്ങൾ വഴിയാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ പ്രവർത്തന കേന്ദ്രങ്ങൾ ഈ സ്ഥാപനങ്ങളായതിനാൽ പ്രത്യേകമായി വെള്ളത്തിന്റേയോ വൈദ്യുതിയുടേയോ ഉപയോഗം ഈ യൂണിറ്റിനുണ്ടാകില്ല അതത് ആരോഗ്യ സ്ഥാപനങ്ങളുടെ ദൈനംദിന നടത്തിപ്പ് ചെലവിന്റെ കൂടെ ഇതും ഉൾപ്പെട്ടുപോകുന്നതിനാൽ പ്രത്യേക ഇളവുകൾ ആവശ്യമായി വരുന്നില്ല.

<u>ശിപാർശ</u>

ചലനവൈകല്യം സംഭവിച്ചവരുടെ ക്ഷേമത്തിനുവേണ്ടി സൊസൈറ്റി എവിടെയാണ് സ്ഥാപിച്ചിരിക്കുന്നതെന്നും ഇതിൽ പ്രവർത്തിക്കുന്ന രണ്ടു സാമൂഹിക പ്രവർത്തകർ ആരെല്ലാമാണെന്നും എത്ര തവണ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയിട്ടുണ്ടെന്നും ഇതിന്റെ ആനുകൂല്യങ്ങൾ എവിടെയൊക്കെയാണ് വിതരണം ചെയ്തിട്ടുള്ളതെന്നുമുള്ള വിശദവിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിക്കുകയുണ്ടായി.

[ഖണ്ഡിക (ബി)]

<u>സ്വീകരിച്ച നടപടി</u>

ചലനവൈകല്യം സംഭവിച്ചവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള സൊസൈറ്റി പ്രവർത്തിക്കുന്നത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലാണ്. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ആരോഗ്യ വകുപ്പ് ഡയറക്ടർ വൈസ് ചെയർമാനും ഡെപ്യൂട്ടി ഡയറക്ടർ മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ഓണററി സെക്രട്ടറിയായും ധനവകുപ്പ് അണ്ടർ സെക്രട്ടറി സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ആയും സൊസൈറ്റിയുടെ അക്കൗണ്ടിന്റെ കോ-സിഗ്നേച്ചർ ആയും പ്രവർത്തിക്കുന്നു. സൊസൈറ്റിക്ക് ഒരു പ്രത്യേക ഓഫീസ് നിലവിലില്ല. ഡെപ്യൂട്ടി ഡയറക്ടറുടെ മുറിയിലാണ് സൊസൈറ്റി പ്രവർത്തിക്കുന്നത്. ഈ സൊസൈറ്റിയിൽ വെള്ളനാട് നാഗപ്പൻ നായർ എന്ന സാമൂഹ്യപ്രവർത്തകൻ മാത്രമേ ഉള്ളൂ. സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് എക്സ്-ഒഫീഷ്യോ മെമ്പർമാരായി സൊസൈറ്റിയുടെ 27-2-2001-ൽ കൂടിയ സെൻട്രൽ കമ്മിറ്റിയിൽ ശ്രീ. രമണൻ, വി., ആലപ്പുഴ, ശ്രീമതി രാജമ്മ, കോട്ടയം, ശ്രീ. നാഗപ്പൻ നായർ, തിരുവനന്തപുരം, ശ്രീ. അബ്ദുൾ റഹീം, മഞ്ചേരി എന്നിവരെ നാമനിർദ്ദേശം ചെയ്തു. ഇതിൽ ശ്രീ. വെള്ളനാട് നാഗപ്പൻ നായർ ഒഴികെ മറ്റ് മൂന്ന് പേരും ആരോഗ്യ വകുപ്പ് ജീവനക്കാർ ആയിരുന്നു. വർഷത്തിൽ ഒരു പ്രാവശ്യം എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുന്നുണ്ട്.

ചലന സഹായത്തിനുള്ള കൃത്രിമ അവയവങ്ങൾക്കുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ എണ്ണം വളരെ കൂടുതലുള്ള ജില്ലകളിൽ പ്രത്യേക ക്യാമ്പ് നടത്തി ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. സൊസൈറ്റിയുടെ തീരുമാനപ്രകാരം ഉപകരണങ്ങൾ വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നാണ് വാങ്ങി വിതരണം ചെയ്യുന്നത്. 2012-13 സാമ്പത്തികവർഷത്തിൽ കൊല്ലം ജില്ലാ ആശുപത്രിയിലും പാലക്കാട് ജില്ലാ ആശുപത്രിയിലും ക്യാമ്പുകൾ നടത്തി. കൊല്ലത്ത് 185-ഉം പാലക്കാട് 165-ഉം ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. ഇതിൽ കൊല്ലത്തുള്ളവർക്ക് ഉപകരണങ്ങൾ 2013 ജൂലൈ 12-ാം തീയതി വിതരണം ചെയ്തു. പാലക്കാട് ജില്ലയിലെ ഉപകരണങ്ങൾ 2013 ഓഗസ്റ്റ് 12-ാം തീയതി വിതരണം ചെയ്യുന്നതാണ്. ഈ രണ്ട് ക്യാമ്പുകൾക്കായി ഏകദേശം 25 ലക്ഷം രൂപ ചെലവുവരും.

ശിപാർശ

ദേശീയ ഔഷധസസ്യ ബോർഡിൽ നിന്നും സാമ്പത്തിക സഹായമായി ലഭിച്ചിട്ടുള്ള 23 കോടി രൂപ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ ചെലവാക്കി എന്നത് സംബന്ധിച്ച വിശദീകരണം ബന്ധപ്പെട്ട വകുപ്പിനോട് ആരായുന്നതിന് സമിതി തീരുമാനിച്ചു

[ഖണ്ഡിക (സി)]

സ്വീകരിച്ച നടപടി

ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗുണമേന്മയുള്ള തൈകളുടെ ഉൽപ്പാദനം, ഔഷധസസ്യ ഉദ്യാനങ്ങൾ, ഗവേഷണം, ബോധവൽക്കരണം തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾക്ക് 2002 മുതൽ 2012 വരെ ദേശീയ ഔഷധസസ്യ ബോർഡിൽ നിന്നും സംസ്ഥാന ഔഷധസസ്യ ബോർഡ് മുഖേന സംസ്ഥാനത്തെ സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്കും അംഗീകൃത സംഘടനകൾക്കും കർഷകർക്കും അനുവദിച്ച കിട്ടിയ തുകയാണ് 23 (ഏകദേശം) കോടി രൂപ.

മേൽ തുകയിൽ 137.54 ലക്ഷം രൂപ ഔഷധസസ്യ കൃഷിക്കുവേണ്ടി സംസ്ഥാനത്തെ കർഷകർക്കും കർഷക സംഘങ്ങൾക്കും 2002 മുതൽ 2008 വരെ 104-ഓളം പദ്ധതി കളിലായി അനുവദിച്ചുകിട്ടിയതാണ്. പദ്ധതി സാമ്പത്തിക സഹായം ലഭിക്കുന്നതിന് വേണ്ടി സംസ്ഥാന ഔഷധസസ്യ ബോർഡ് കർഷകരിൽ നിന്നും കർഷക സംഘങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും മേൽ അപേക്ഷകൾ സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ മൂല്യനിർണ്ണയ സമിതി വിലയിരുത്തിയ ശേഷം യോഗ്യതയുള്ള പദ്ധതികൾ ദേശീയ ഔഷധസസ്യ ബോർഡിലേക്ക് ശിപാർശ ചെയ്യുകയാണ് ചെയ്യാറുള്ളത്. ദേശീയ ഔഷധസസ്യ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 2 ഗഡുക്കളായി ധനസഹായം അനുവദിക്കുകയും മേൽ തുകയുടെ ആദ്യഗഡു കർഷകർക്ക് അവരുടെ ബാങ്ക്

അക്കൗണ്ടിലേക്ക് ഡിമാന്റ് ഡ്രാഫ്റ്റായി കൈമാറുകയാണ് ചെയ്തിരിക്കുന്നത്. കർഷകർ വിശദമായ പദ്ധതി റിപ്പോർട്ടും അനുവദിച്ച തുക ഉപയോഗിച്ചതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റും സമർപ്പിക്കുന്നതിനനുസൃതമായി അടുത്ത ഗഡു ദേശീയ ഔഷധസസ്യ ബോർഡിൽ നിന്നും ലഭ്യമാക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ പല കർഷകരും സംഘടനകളും സമയബന്ധിതമായി റിപ്പോർട്ടുകളും മറ്റ് രേഖകളും സമർപ്പിക്കാത്തതിനാൽ പലരുടേയും രണ്ടാം ഗഡു മുടങ്ങിയിട്ടുണ്ട്. കൂടാതെ ചില പദ്ധതികളുടെ രണ്ടാം ഗഡു ദേശീയ ഔഷധസസ്യ ബോർഡിന്റെ പരിഗണനയിലുമാണ്. ലഭ്യമായ കണക്കനുസരിച്ച് അനുവദിച്ച 137.54 ലക്ഷത്തിൽ 87 ലക്ഷം രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്.

ദേശീയ ഔഷധസസ്യ ബോർഡിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 2008 മുതൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും സംസ്ഥാനങ്ങളിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷനാണ് നടപ്പിലാക്കിവരുന്നത്.

<u>പരിപോഷണ പ്രവർത്തനങ്ങൾ</u>

ഔഷധ സസ്യങ്ങളുടെ സംരക്ഷണം, ഗുണമേന്മയുള്ള സസ്യങ്ങളുടെ ഉല്പാദനം, സംരക്ഷണം, വിജ്ഞാനവ്യാപനം, ഔഷധസസ്യോദ്യാന നിർമ്മാണം, ബോധവൽക്കരണം, അർദ്ധസംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ക്ഷണിക്കുകയും ലഭ്യമായവ സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ മൂല്യനിർണ്ണയ സമിതി പരിശോധിച്ച് യോഗ്യതയുള്ള അപേക്ഷകൾ ദേശീയ ഔഷധസസ്യ ബോർഡിലേക്ക് ശിപാർശ ചെയ്യുന്നു. ഇതു കൂടാതെ വിവിധ സ്ഥാപനങ്ങളുടെ ഗവേഷണ പദ്ധതികളും വനംവകുപ്പിന്റെ പദ്ധതികളും ദേശീയ ഔഷധസസ്യ ബോർഡ് നേരിട്ട് സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ സമർപ്പിച്ച വ്യക്തികളോ സ്ഥാപനങ്ങളോ ദേശീയ ഔഷധസസ്യ ബോർഡിന്റെ മൂല്യനിർണ്ണയ സമിതി മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും മൂല്യനിർണ്ണയ സമിതി അംഗീകരിക്കുന്ന പദ്ധതികൾക്ക് 2-3 ഗഡുക്കളായി തുക അനുവദിക്കുകയുമാണ് ചെയ്യുന്നത്. മേൽ പദ്ധതികൾക്കുള്ള തുക നേരിട്ട് അതത് സ്ഥാപനങ്ങൾക്ക് ഡിമാന്റ് ഡ്രാഫ്റ്റായോ ഇലക്ട്രോണിക് ക്ലിയറിംഗ് സിസ്റ്റം (ECS) മുഖേനയോ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നു. വർഷാവർഷമുള്ള പദ്ധതി നടപ്പാക്കിയതിന്റെ പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും മേൽ സ്ഥാപനങ്ങൾ ദേശീയ ഔഷധസസ്യ ബോർഡിന് സമർപ്പിച്ച് അടുത്ത ഗഡു നേടിയെടുക്കുന്നുണ്ട്.

ദേശീയ ഔഷധസസ്യ ബോർഡ് നേരിട്ട് ചില പദ്ധതികൾക്ക് പണം കൊടുക്കുന്നതുകൊണ്ട് പ്രസ്തുത പദ്ധതികളുടെ ചെലവഴിച്ച തുകയെക്കുറിച്ച് സംസ്ഥാന ഔഷധസസ്യ ബോർഡിൽ കൃത്യമായ വിവരം ലഭ്യമല്ല. ദേശീയ ഔഷധസസ്യ ബോർഡിൽനിന്നും സംസ്ഥാന ഔഷധസസ്യ ബോർഡിൽ നിന്നും ലഭിച്ച പദ്ധതി

അംഗീകരിച്ച ഉത്തരവുകളുടെ വെളിച്ചത്തിൽ പ്രധാനപ്പെട്ട സ്ഥാപനങ്ങളും അവർക്ക് ലഭിച്ച പദ്ധതികളുടെ എണ്ണവും അനുവദിച്ച തുകയും ലഭ്യമായ തുകയും (ഏകദേശം) ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു (Annexure I).

സംസ്ഥാന ഔഷധസസ്യ ബോർഡ് നേരിട്ട് ദേശീയ ഔഷധസസ്യ ബോർഡിൽ നിന്നും ചില പദ്ധതികൾ ഏറ്റെടുത്ത് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരത്തിൽ 8 പദ്ധതികളിലായി 312 ലക്ഷം രൂപ അനുവദിക്കുകയും 193 ലക്ഷം രൂപ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതികൾ എല്ലാംതന്നെ ഔഷധസസ്യ ബോർഡ് വിവിധങ്ങളായ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടെയാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. പദ്ധതികളുടെ വിശദവിവരങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു (Annexure II):

ANNEXURE I

## DETAILS OF PROJECTS SANCTIONED TO KERALA BY NATIONAL MEDICINAL PLANTS BOARD FROM 2002-2012

| Sl. No. | Name of Organisation | Type of Projects | Number of Projects | Sanctioned Amount (in lakh) | Released Amount (Approx.) in lakh) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | Kerala Forest Department | Medicinal Plants Conservation Semi processing, production of Quality Seedlings | 12 | 879.50 | 460.00 |
| 2 | Oushadi, Thrissur | Cultivation, Medicinal Plants Garden, Research and semi processing | 10 | 168.50 | 127.00 |
| 3 | Kerala Forest Development Corporation | Mass Cultivation and conservation | 1 | 169.20 | 100.00 |
| 4 | Kerala Agriculture University | Research | 6 | 85.80 | 83.00 |
| 5 | Kerala Forest Research Institute | Research, Medicinal Plants Garden and Seminars | 6 | 60.00 | 55.00 |
| 6 | Jawaharlal Nehru Tropical Botanic Garden and Research Institute | Research | 1 | 23.00 | 19.00 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 7 | Indian System of Medicine | Medicinal Plants Garden | 1 | 21.00 | 11.00 |
| 8 | Rehabilitation Plantation Limited | Production of Quality Seedlings | 1 | 15.00 | 15.00 |
| 9 | Govt. Ayurveda Research Institute | Herbal Garden | 2 | 11.40 | 8.00 |
| 10 | Viyyur Central Jail, Thrissur | Cultivation | 1 | 28.40 | 10.00 |
| 11 | Arya Vaidya Sala, Kottakkal | Research Garden | 4 | 53.60 | 5.50 |
| 12 | Calicut University | Research | 1 | 12.50 | 12.50 |
| 13 | Govt. Homeopathic Medical College | Garden | 1 | 4.00 | 3.00 |
| 14 | HOMCO, Alappuzha | Herbal Garden and Cultivation | 1 | 10.00 | 5.00 |
| 15 | M. S. Swaminathan Research Foundation, Wayanad | Research | 1 | 25.00 | 20.00 |
| 16 | OISCA International, Kozhikode | Herbal Gardens and Seminar | 3 | 50.00 | 45.00 |
| 17 | Amrita Herbal Plantation, Kollam | Herbal Garden | 1 | 20.00 | 20.00 |
| 18 | Amala Ayurveda Hospital & Cancer Centre, Thrissur | Herbal Gardens and Research | 2 | 28.00 | 17.00 |
| 19 | AMITY Institute, Trivandrum | Research | 2 | 29.00 | 20.00 |
| 20 | Financial assistance provided to other Govt. and Non Govt. Institution & Societies | Herbal Gardens, Seminars and production of Quality Seedlings | 22 | 110.00 | 95.00 |
| | | Total | 79 | 1803.00 | 1176.00 |

## ANNEXURE II

## DETAILS OF PROJECTS SANCTIONED BY NATIONAL MEDICINAL PLANTS BOARD TO STATE MEDICINAL PLANTS BOARD FROM 2002-2012

| Sl. No. | Type objects | Sanctioned Amount (in lakh) | Released Amount (in lakh) |
|---|---|---|---|
| 1 | School Herbal Garden | 5.50 | 5.50 |
| 2 | Poverty alleviation by rehabilitation of tribes and farmers by raising medicinal plants in Wayanad & Kannur Districts of Kerala | 30.00 | 20.00 |
| 3 | Herbal Garden at Govt. Secretariat and other Govt. Institutions | 10.00 | 7.00 |
| 4 | Establishment of medicinal plants garden at Head Quarters of SMPB, Thrissur | 5.44 | 5.44 |
| 5 | Promotion and propagation of amla (phyllanthus emblico) in Kerala (National Amla Mission) | 148.50 | 100.50 |
| 6 | Establishment of Medicinal Plants Demonstration gardens in each district of Kerala | 38.8 | 20.00 |
| 7 | Home Herbal Gardens for Primary Health Care | 48.82 | 25.00 |
| 8 | Rehabilitation of two industrially important and endangered species Santalum album and Saraca association homesteads in Kerala | 24.69 | 10.00 |
| | Total | 311.75 | 192.94 |

II. സമിതി 7-3-2013-ൽ മലബാർ കാൻസർ സെന്ററിൽ ചേർന്ന യോഗനിർദ്ദേശങ്ങളിലെ തുടർനടപടി

(ഫയൽ നമ്പർ 2747/സബ്.സി.എഫ്2/13/നി.സെ.)

<u>ശിപാർശ</u>

മലബാർ കാൻസർ സെന്ററിന്റെ പ്രവർത്തനവും ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായുള്ള നിർദ്ദിഷ്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുക

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

M/s എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡ് മലബാർ കാൻസർ സെന്ററിനായുള്ള നിർദ്ദിഷ്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും എം.സി.സി. അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം ലഭിക്കുന്നതിലേക്കായി സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

മലബാർ കാൻസർ സെന്ററിലെ നോൺ അക്കാഡമിക് സ്റ്റാഫിന് റീജിയണൽ കാൻസർ സെന്ററിലെ നോൺ അക്കാഡമിക് സ്റ്റാഫിന് നൽകുന്നതുപോലെ കേന്ദ്ര നിരക്കിൽ ശമ്പളം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുക.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

27-6-2013-ൽ നടന്ന എം.സി.സി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ പ്രസ്തുത വിഷയം അവതരിപ്പിക്കുകയും പ്രസ്തുത കമ്മിറ്റി അത് അംഗീകരിക്കുകയും ഇതിലേക്കായുള്ള പ്രൊപ്പോസൽ ഗൈഡ് കൺസൾട്ടൻസ്, തിരുവനന്തപുരം എന്ന സ്ഥാപനവുമായി ചേർന്ന് സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

റീജിയണൽ കാൻസർ സെന്ററിലെ ഓങ്കോ അനസ്തേഷ്യോളജിസ്റ്റിന് അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിൽ മലബാർ കാൻസർ സെന്ററിലെ ഓങ്കോ അനസ്തേഷ്യോളജിസ്റ്റിനും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുക.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

ഓങ്കോ അനസ്തേഷ്യോളജിസ്റ്റിന്റേതുൾപ്പെടെ എം.സി.സി.യിലെ അക്കാഡമിക് സ്റ്റാഫിന്റെ ശമ്പളം ആർ.സി.സി.യിലെ അക്കാഡമിക് സ്റ്റാഫിന്റെ ശമ്പളത്തിന് തുല്യമാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ എം.സി.സി. ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് 21042/ജെ1/13/H&FWD ഫയലിൽ വിശദമായി പരിശോധിക്കുകയും നിർദ്ദേശം ധനവകുപ്പ് അംഗീകരിക്കാത്തതിനാൽ 20-3-2014-ലെ കത്തുപ്രകാരം നിരാകരിച്ച് എം.സി.സി. ഡയറക്ടറെ വിവരം അറിയിക്കുകയുണ്ടായി.

ശിപാർശ

മലബാർ കാൻസർ സെന്ററിലെ പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് അതിലേക്കാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുക

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിലേക്കാവശ്യമായ 163 തസ്തികകൾ സൃഷ്ടിക്കുന്നതിന് എം.സി.സി. ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് 38360/ജെ1/2013/ആ.ക.വ. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു. പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി 9-4-2014-ന് നൽകിയിട്ടുണ്ട്.

## III. സമിതിയുടെ 24-4-2013-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 3346/സബ്.സി.എഫ്2/13/നി.സെ.)

നിർദ്ദേശം

ഇടുക്കി മെഡിക്കൽ കോളേജ് പ്രോജക്ടിന്റെ ടോട്ടൽ പ്രോജക്ട് കോസ്റ്റ് എത്രയാണെന്നുള്ളത് പരിശോധിച്ച് വിശദാംശം സമിതിയെ അറിയിക്കുക

(ഖണ്ഡിക 2)

സ്വീകരിച്ച മറുപടി

ഇടുക്കി മെഡിക്കൽ കോളേജ് പ്രോജക്ട് കോസ്റ്റ് 226.99 കോടി രൂപയാണ്.

ശിപാർശ

ഇടുക്കി മെഡിക്കൽ കോളേജ് പ്രോജക്ട് പോലുള്ള പ്രോജക്ടുകൾ കിറ്റ്കോ മുൻപ് ചെയ്തിട്ടുണ്ടോ? വിവിധ പ്രോജക്ടുകൾ ചെയ്യുമ്പോൾ കൺസൾട്ടൻസി ഫീസിനത്തിൽ ഭീമമായ തുക സർക്കാരിന് നഷ്ടമാകാനിടയുള്ളതിനാൽ അക്കാര്യത്തിൽ വ്യക്തതയുണ്ടെന്ന തിന് ഇത് സംബന്ധിച്ച വിശദീകരണം നൽകുക.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ പദ്ധതികളുടെ നടത്തിപ്പിനായി 7-9-2007-ലെ സ.ഉ. (പി) നമ്പർ 408/2007/ഫിൻ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് സർക്കാർ ഏജൻസിയായ കിറ്റ്കോയെ ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രോജക്ട് ഏൽപ്പിച്ചിട്ടുള്ളത്. കൺസൾട്ടൻസി ഫീസ് നിശ്ചയിച്ചിട്ടുള്ളതും പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ്.

കിറ്റ്കോയ്ക്ക് ഈ മേഖലയിൽ സമ്പന്നമായ പ്രവൃത്തിപരിചയമുണ്ട്. താഴെപ്പറയുന്ന പ്രോജക്ടുകൾ അവർ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്:

(1) കോന്നി, മഞ്ചേരി, ഇടുക്കി, കാസർഗോഡ്, ഹരിപ്പാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജുകളുടെ വിശദമായ project feasibility report യഥാസമയം കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്.

(2) നിശ്ചിത സമയത്തിനുള്ളിൽ മഞ്ചേരിയിലെ പുതിയ മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കൈമാറിയിട്ടുണ്ട്. MCI inspection പൂർത്തിയായി ഒന്നാംവർഷ ക്ലാസ്സുകൾ ഇവിടെ ആരംഭിച്ചു. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

(3) എറണാകുളം ജില്ലാ ആശുപത്രിയുടെ വികസന പ്രവർത്തനത്തിനുള്ള പ്രോജക്ട് കിറ്റ്കോ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

(4) ഡോ. പടിയാർ മെമ്മോറിയൽ ഹോമിയോപതിക് മെഡിക്കൽ കോളേജിന്റെ വികസനത്തിനുള്ള പ്രോജക്ട്, കിറ്റ്കോ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

കിറ്റ്കോയുടെ കൺസൾട്ടൻസി ഫീസ് ടോട്ടൽ പ്രോജക്ട് കോസ്റ്റിന്റെ 5% മാത്രമാണ്. വലിയ പദ്ധതികൾക്ക് കൺസൾട്ടൻസിംഗ് ഏജൻസിയെ നിയമിക്കുന്നതുമൂലം പദ്ധതികൾ സമയബന്ധിതമായി നിശ്ചിത പ്രോജക്ട് എസ്റ്റിമേറ്റിൽ പൂർത്തിയാവുകയും താമസംവിനാ മറ്റു അധിക ചെലവുകൾ ഇല്ലാതെ ജനങ്ങൾക്ക് സേവനം ആരംഭിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.

<u>ശിപാർശ</u>

കഴിഞ്ഞ വർഷം എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും കിട്ടേണ്ടിയിരുന്ന തുകയിൽ എത്ര കോടി രൂപ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. നഷ്ടപ്പെടാനുണ്ടായ കാരണമെന്ത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാതിരുന്നതെന്തുകൊണ്ട്, ഏതൊക്കെ ഇനങ്ങളിലാണ് തുക നഷ്ടമായത്, അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്ക് നോട്ടീസ് കൊടുത്തിട്ടുണ്ടോ, പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

2012-13 വർഷം എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും കേന്ദ്ര സർക്കാർ വിഹിതമായി ലഭിക്കേണ്ട മുഴുവൻ തുകയും ലഭിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ റിസോഴ്സ് എൻവലപ്പ് പ്രകാരം സംസ്ഥാനത്തിന് കിട്ടേണ്ടിയിരുന്ന തുക 379.23 കോടി രൂപയായിരുന്നു. യഥാർത്ഥത്തിൽ ലഭിച്ചത് 491.82 കോടി രൂപയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| പദ്ധതികൾ | കേന്ദ്രസർക്കാരിൽ നിന്ന് അംഗീകാരം ലഭിച്ച പദ്ധതികളുടെ ആകെ തുക (രൂപ കോടിയിൽ) | സംസ്ഥാനത്തിന് അനുവദിച്ച തുക | | | NRHM-ന ലഭിക്കേണ്ട തുക (Resource envelop പ്രകാരം) | 2012-13 ൽ NRHM-ന ലഭിച്ച തുക |
|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ തുക (.78 കോടി രൂപ മുൻ ബാക്കി ഉൾപ്പെടെ) | | |
| A-RCH | 161055 | 102004 | 34.01 | 136.05 | 102.04 | 102.04 |
| B-Time Line Additionalites | 246.69 | 126.78 | 42.26 | 169.04 | 126.78 | 105.86 |
| C-Immunization | 10.89 | 8.92 | 2.97 | 11.89 | 8.92 | 7.45 |
| Treasury | 112.54 | 112.54 | 37.26 | 149.81 | 112.54 | 257.92 |
| National Disease Control Programme | 31.61 | 28.95 | 9.91 | 39.63 | 28.96 | 18.55 |
| Total | 563.28 | 379.23 | 126.41 | 506.42 | 379.23 | 491.82 |

2012-13 വരെയുള്ള എല്ലാ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളും കേന്ദ്ര സർക്കാരിനു സമർപ്പിച്ചുകഴിഞ്ഞു.

<u>ശിപാർശ</u>

'ഭൂമിക' പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ ആശുപത്രികളിൽ ജൻഡർ ബെയ്സ്ഡ് വയലൻസ് മാനേജ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് എത്ര ലക്ഷം രൂപയാണ് ചെലവായത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുക

(ഖണ്ഡിക 5)

സ്വീകരിച്ച മറുപടി

'ഭൂമിക' പദ്ധതിപ്രകാരം ഇടുക്കി ജില്ലയിലെ രണ്ടു ആശുപത്രികളിലേക്കായി ചെലവഴിച്ച തുക താഴെ ചേർക്കുന്നു:

| | | |
|---|---|---|
| ഇടുക്കി ജില്ലാ ആശുപത്രി | .. | 2,40,597 |
| താലൂക്കാശുപത്രി, തൊടുപുഴ | .. | 2,41,662 |
| ആകെ | | 4,82,259 |

ശിപാർശ

2009-ൽ എത്ര സി.എച്ച്.സി.കളെ താലൂക്ക് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്തു, അതിൽ എവിടെയെല്ലാം പുതുതായി ജീവനക്കാരെ നിയമിച്ചു എന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുക.

(ഖണ്ഡിക 7)

സ്വീകരിച്ച മറുപടി

2009-ൽ സി.എച്ച്.സി.കളെ താലൂക്ക് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്തിട്ടില്ല.

ശിപാർശ

എൻ.ആർ.എച്ച്.എം.മായി ബന്ധപ്പെട്ട് അലോപ്പതി വിഭാഗത്തിൽ നടപ്പാക്കിയിട്ടുള്ള പാലിയേറ്റീവ് പരിചരണ പദ്ധതി ആയുർവ്വേദത്തിൽകൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുക.

(ഖണ്ഡിക 8)

'സ്നേഹധാര' എന്ന പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

പാലിയേറ്റീവ് പരിചരണ പദ്ധതി ആയുർവ്വേദത്തിൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്നേഹധാരാ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള ശിപാർശ നാഷണൽ റൂറൽ ഹെൽത്ത് മിഷനും ആയുഷ് വകുപ്പിനും സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

എം.എൽ.എ. ഫണ്ടുപയോഗിച്ച് ആശുപത്രികൾക്ക് വാങ്ങി നൽകിയിട്ടുള്ള ആംബുലൻസുകൾ ഓടിക്കുന്നതിന് ഡ്രൈവർമാരില്ല എന്ന അവസ്ഥയ്ക്ക് പരിഹാരമെന്ന നിലയിൽ എൻ.ആർ.എച്ച്.എം. മുഖേന താത്കാലിക അടിസ്ഥാനത്തിൽ ഡ്രൈവർമാരെ അനുവദിക്കാൻ നടപടി സ്വീകരിക്കുക അല്ലെങ്കിൽ അതത് സ്ഥലത്തെ പി.എച്ച്.സി.കളോ സി.എച്ച്.സി.കളോ ആംബുലൻസ് ഏറ്റെടുത്ത് നടത്തുന്നതിന് നിർദ്ദേശം നൽകുക.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ആംബുലൻസ് അനുവദിച്ചിട്ട് ഡ്രൈവർമാരില്ലാത്ത സാഹചര്യത്തിൽ, ആംബുലൻസ് ബോണ്ട് വ്യവസ്ഥയിൽ എച്ച്.എം.സി.യ്ക്ക് കൈമാറുകയാണ് ചെയ്തുവരുന്നത്.

ശിപാർശ

എൻ.ആർ.എച്ച്.എം.ന്റെ സംസ്ഥാന വിഹിതം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡം എന്താണെന്നും എൻ.ആർ.എച്ച്.എം.ൽ നിന്നും ലഭിക്കേണ്ട തുക മുഴുവൻ ലഭിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് ആയതു സംബന്ധിച്ച് വിശദാംശം സമിതിക്ക് ലഭ്യമാക്കുക.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

പന്ത്രണ്ടാം പദ്ധതി മുതൽ ഓരോ വർഷവും മൊത്ത വിഹിതത്തിന്റെ 75 ശതമാനം കേന്ദ്ര വിഹിതമായും 25 ശതമാനം സംസ്ഥാന വിഹിതമായും വകയിരുത്തിയിട്ടുണ്ട്. 2013-14 സാമ്പത്തികവർഷം കേന്ദ്ര മന്ത്രാലയം സംസ്ഥാനത്തിന് അനുവദിച്ചത് 381.53 കോടി രൂപയാണ്. ഇതിൻപ്രകാരം സംസ്ഥാനവിഹിതമായി ലഭിക്കേണ്ടത് 127.18 കോടി രൂപയാണ്. 2013-14 സാമ്പത്തികവർഷം കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ 183.62 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചു. സ.ഉ. (സാധാ.) നമ്പർ 3479/13 ആ.ക.വ. തീയതി 15-10-2013 പ്രകാരം 75 കോടി രൂപയും സ.ഉ. (സാധാ.) നമ്പർ 2881/14/ധന. തീയതി 31-3-2014 പ്രകാരം 194.5 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി നൽകുകയുണ്ടായി.

ശിപാർശ

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി ചേർന്ന 24-4-2013-ലെ സമിതിയോഗത്തിൽ ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥർ കൃത്യമായി ഹാജരാകാതിരുന്നതിനുള്ള കാരണം സംബന്ധിച്ച വിശദീകരണം അടിയന്തരമായി സമിതിക്ക് ലഭ്യമാക്കുക.

(ഖണ്ഡിക 12)

ലഭിച്ച മറുപടി

24-4-2013-ലെ യോഗം സംബന്ധിച്ച സന്ദേശം യഥാസമയം കൈമാറുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിച്ചതായും അല്പം വൈകിയാണെങ്കിലും യോഗത്തിൽ സംബന്ധിച്ചതായും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. കൂടാതെ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ ഡയറക്ടർ എന്നിവർ മീറ്റിംഗിൽ പങ്കെടുക്കാത്തത് ആജ്ഞാലംഘനമോ നിഷേധമോ ആയി കണക്കാക്കരുതെന്നും ഇക്കാര്യത്തിൽ മേലിൽ ഒരു വീഴ്ചയും വരുത്തരുതെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള സാഹചര്യത്തിൽ, മറ്റു നടപടികളിൽ നിന്നും മേൽ വകുപ്പദ്ധ്യക്ഷന്മാരെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## IV. സമിതിയുടെ 29-4-2013-ലെ യോഗനിർദ്ദേശങ്ങളിന്മേലുള്ള മറുപടി

ശിപാർശ

കേരള സർവ്വകലാശാലയിൽ കേന്ദ്രീകൃത ഗവേഷണ സൗകര്യത്തിന് 4 കോടി രൂപയും അക്കാദമിക് സ്റ്റാഫ് കോളേജുകളുടെയും മറ്റ് അനുബന്ധ ഹോസ്റ്റലിനുമായി 6 കോടി രൂപയും പാരമ്പര്യ ഇതര ഊർജ്ജ ജലസംഭരണ പദ്ധതിക്കായി 5 കോടി രൂപയും ഉൾപ്പെടെ 15 കോടി രൂപ അടിയന്തരമായി ആവശ്യമുണ്ടായിരുന്നിട്ടും ധനാഭ്യർത്ഥനയുടെ പരിശോധനയ്ക്കായി സമിതിക്ക് ലഭ്യമാക്കിയ കുറിപ്പിൽ അധിക തുക ആവശ്യമില്ല എന്ന് രേഖപ്പെടുത്താനിടയായ സാഹചര്യം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാല പ്ലാൻ ഗ്രാന്റ് ഇനത്തിൽപ്പെട്ട 3 പ്രധാന പ്രോജക്ടുകളായ കേന്ദ്രീകൃത ഗവേഷണകേന്ദ്രം, അക്കാദമിക് സ്റ്റാഫ് കോളേജ്, പാരമ്പര്യേതര ഊർജ്ജ ജലസംഭരണ പദ്ധതി എന്നിവയ്ക്കായി 15 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്.

2013-14 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് പ്രകാരം സർവ്വകലാശാല ഗ്രാന്റ് ശീർഷകത്തിൽ (2210-05-001-93-38) 4 കോടി രൂപയും പി.ഡബ്ല്യു.ഡി ശീർഷകത്തിൽ (പ്ലാൻ 4210-03-001-94) 10 കോടി രൂപയുമടക്കം 14 കോടി രൂപയാണ് കേരള ആരോഗ്യ സർവ്വകലാശാലയ്ക്ക് അനുവദിച്ചിരുന്നത്. ഇതിൽ പി.ഡബ്ല്യു.ഡി. ശീർഷകത്തിൽ അനുവദിച്ച 10 കോടി രൂപ യൂണിവേഴ്സിറ്റി ഗ്രാന്റ് ശീർഷകത്തിലേക്ക് വകമാറ്റിയിട്ടുള്ളതാണ്. 2013-14 വർഷത്തിൽ സർവ്വകലാശാല പ്രസ്തുത പ്രോജക്ടുകൾക്കായി പ്രതീക്ഷിക്കുന്ന ചെലവ് മേൽ അനുവദിച്ച 14 കോടി രൂപയേക്കാൾ അധികമാകില്ലെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്നാണ് അധിക ഫണ്ട് ആവശ്യമില്ലെന്ന് അറിയിച്ചത്.

(കത്ത് നമ്പർ 36838/എസ്3/13/ആ.കു.വ. തീയതി 2-9-2014).

## ഭാഗം IV

## സമിതി പരിഗണിച്ച കരട് ചട്ടങ്ങളേയും സാധൂകരണം നൽകിയ ചട്ടങ്ങളേയും സംബന്ധിച്ച വിശദാംശം

### I. കരട് ചട്ടങ്ങളുടെ പരിഗണന

(1) കേരള ജനറൽ സർവ്വീസസ് (ഭേദഗതി) പ്രത്യേക ചട്ടം 2013

പ്രസ്തുത ചട്ടത്തിൽ ശീർഷകത്തിലെ '2013' എന്നത് '2014' എന്നാക്കി മാറ്റണമെന്ന നിർദ്ദേശത്തോടെ അംഗീകരിച്ചു.

(ഫയൽ നമ്പർ 11788/സബ്.സി.എഫ്2/2011/നി.സെ.)

(2) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ (കേരള) സർവ്വീസ് അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ്, 2014

ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 2981/സബ്.സിഎഫ്2/2014/നി.സെ.)

(3) കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ് സ്പെഷ്യൽ റൂൾസ് ഭേദഗതി—2010 ഭേദഗതിയോടെ അംഗീകരിച്ചു.

### II. സമിതി സാധൂകരിച്ച ചട്ടങ്ങൾ

(1) കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ് 2013 (എസ്.ആർ.ഒ. നമ്പർ 795/2013)

വിജ്ഞാപനം ചെയ്ത ചട്ടത്തിന്റെ അവസാനഭാഗം ചേർത്തിരിക്കുന്ന "നോട്ട്" ക്രമപ്രകാരമല്ലാത്തതിനാൽ ആയത് ക്രമപ്രകാരമാക്കി സാധൂകരണത്തിനായി വീണ്ടും സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു.

(ഫയൽ നമ്പർ 5727/സബ്.സി.എഫ്2/2013/നി.സെ.)

(2) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2013 (എസ്.ആർ.ഒ. നമ്പർ 350/2013)

പ്രസ്തുത സ്റ്റാറ്റ്യൂട്ടിൽ, സ്റ്റാറ്റ്യൂട്ട് നമ്പരുകൾ നൽകിയിരിക്കുന്ന രീതിയിലും പ്രസിദ്ധീകരണത്തിന്റെ ലേഔട്ടിലും അച്ചടിയിലും നിരവധി അപാകതകൾ ഉള്ളതായും അംഗീകൃത മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടതായും വിലയിരുത്തിയ സമിതി പ്രസ്തുത ന്യൂനതകൾ പരിഹരിച്ചശേഷം സമിതിയുടെ സാധൂകരണത്തിനായി ആയത് വീണ്ടും സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

(ഫയൽ നമ്പർ 5988/സബ്.സി.എഫ്2/2013/നി.സെ.)

## ഭാഗം V

## ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതി യോഗങ്ങളിലെ നടപടികളെ സംബന്ധിച്ച വിശദാംശം

| യോഗതീയതി | വിഷയം |
|---|---|
| 29-10-2014 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം |
| 26-11-2014 | സംസ്ഥാനത്തെ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം |

വി. എസ്. ശിവകുമാർ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി-പന്ത്രണ്ട്.*

തിരുവനന്തപുരം,
2015 ജൂലൈ 13.

<u>അനുബന്ധം</u>

## 7-5-2014-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XII, 2014 മേയ് 7 ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V D കോൺഫറൻസ് ഹാളിൽ വച്ച് കെനിയൻ റിപ്പബ്ലിക്കിലെ നയ്റോബി കൗണ്ടി ഹെൽത്ത് സെക്ടറൽ കമ്മിറ്റി അംഗങ്ങളുമായി സംയുക്തയോഗം ചേർന്നു. ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ അദ്ധ്യക്ഷനായിരുന്ന പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങൾ ഹാജരായിരുന്നു:

1. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം. എൽ.എ.
2. ശ്രീ. കെ. ദാസൻ, എം. എൽ.എ.
3. ശ്രീ. എ. റ്റി. ജോർജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

<u>നയ്റോബി കൗണ്ടി ഹെൽത്ത് സെക്ടറൽ കമ്മിറ്റി അംഗങ്ങൾ</u>

1. ശ്രീ. ജോർജ് ക്യൂചൊല, ചെയർമാൻ
2. ശ്രീമതി കാരൻ വാഞ്ചിക, അംഗം
3. ശ്രീ. പീറ്റർ ഓവെറ, അംഗം
4. ശ്രീ. അബ്ദി മൊഹമ്മദ്, അംഗം
5. ശ്രീമതി ഫ്ളോറൻസ് എ. അതെമ്പോ, അംഗം.

<u>ഹെൽത്ത് സെക്ടറൽ കമ്മിറ്റി ഉദ്യോഗസ്ഥർ</u>

1. ശ്രീ. ജോർഷ്വ മ്ബില, സെക്രട്ടറി
2. ശ്രീ. ആഡം കിബ്വാന, സെക്രട്ടറി.

<u>പ്രമുഖരായ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ</u>

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
2. ഡോ. എം. ബീന, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ. ആർ. എച്ച്. എം.
3. ഡോ. പി. കെ. ജമീല, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്
4. ഡോ. ബി. ഗീത, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ്
5. ഡോ. എൻ. ശ്രീധർ, അഡീഷണൽ ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്
6. ശ്രീ. എസ്. ജയശങ്കർ, സി.ഇ., എൻ.ആർ.എച്ച്.എം.
7. ഡോ. പി. ഹരിദാസ്, എസ്. പി. എം. (ആയുഷ്), എൻ. ആർ. എച്ച്. എം.
8. ശ്രീ. പി. കെ. ഹരികൃഷ്ണൻ, സ്റ്റേറ്റ് അഡ്മിനിസ്ട്രേഷൻ & എച്ച്.ആർ. മാനേജർ, എൻ. ആർ. എച്ച്. എം.
9. ഡോ. ബി. ഉഷാകുമാരി, അസി. പ്രോജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി
10. ഡോ. കെ. ജമുന, ഡയറക്ടർ, ഹോമിയോപ്പതി
11. ഡോ. പോൾ സെബാസ്റ്റ്യൻ, ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ
12. ഡോ. അനിത ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
13. ഡോ. നിഷ പോൾ, പി.സി.ഒ., ഹോമിയോപ്പതി
14. ഡോ. ടി. ശിവദാസ്, ഡി. എ. എം. ഇ.
15. ഡോ. എൻ. വിമല, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ
16. ഡോ. പി. ഹരിപ്രസാദ്, ഡ്രഗ്സ് കൺട്രോളർ
17. ശ്രീ. കെ. അനിൽ കുമാർ, ജോയിന്റ് കമ്മീഷണർ, ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ്

കെനിയൻ റിപ്പബ്ലിക്കിലെ നയ്റോബി കൗണ്ടി അസംബ്ലി ഹെൽത്ത് സെക്ടറൽ കമ്മിറ്റി ചെയർമാനേയും അംഗങ്ങളേയും വിഷയനിർണ്ണയ സമിതിക്കുവേണ്ടി സമിതി ചെയർമാനായ ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ യോഗാരംഭത്തിൽ സ്വാഗതം ചെയ്തു. ചർച്ചയിലേക്ക് കടക്കുംമുമ്പായി ഇരുസമിതികളിലേയും അംഗങ്ങളും ഉദ്യോഗസ്ഥരും സ്വയം പരിചയപ്പെടുത്തി. ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ

സമിതിയുടെ ഘടനയേയും പ്രവർത്തനങ്ങളേയും സംബന്ധിച്ച് ബഹു. ചെയർമാൻ സന്ദർശക സമിതിയോട് ആമുഖമായി വിശദീകരിക്കുകയുണ്ടായി.

നയ്റോബി കൗണ്ടി അസംബ്ലി ഹെൽത്ത് സെക്ടറൽ കമ്മിറ്റിയുടെ ഘടനയേയും പ്രവർത്തനങ്ങളേയും സംബന്ധിച്ചും കമ്മിറ്റിയുടെ സന്ദർശനോദ്ദേശ്യം സംബന്ധിച്ചും സെക്ടറൽ കമ്മിററി ചെയർമാൻ തുടർന്ന് വിശദീകരിച്ചു

റിപ്പബ്ലിക് ഓഫ് കെനിയയിൽ സെക്ടറൽ, സെലക്ട്, അഡ്ഹോക് എന്നീ വിഭാഗങ്ങളിലായി നിലവിലുള്ള 17 കമ്മിറ്റികളിൽ ഒന്നാണ് നയ്റോബി കൗണ്ടി അസംബ്ലി ഹെൽത്ത് സെക്ടറൽ കമ്മിറ്റിയെന്നും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ഭരണപരവും സാങ്കേതികവും ധനപരവുമായ കാര്യങ്ങളെയും ഈ മേഖലയുമായി ബന്ധപ്പെട്ട് വരുന്ന വിവിധ വകുപ്പുകൾ എടുക്കുന്ന നയപരമായ തീരുമാനങ്ങളേയും അവയുടെ പ്രായോഗ്യകതകളെയും സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുക, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി വരുത്തുന്ന നിയമങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി ശിപാർശകളും നിർദ്ദേശങ്ങളും നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ സെക്ടറൽ കമ്മിറ്റിയുടെ പരിധിയിൽ വരുന്നവയാണെന്ന് സമിതിക്ക് അറിയാൻ സാധിച്ചു നയ്റോബി കൗണ്ടി അസംബ്ലിയുടെ അധികാരപരിധികളുള്ളിൽ വരുന്ന ആതുര സേവന സ്ഥാപനങ്ങൾ, ഫാർമസികൾ, പ്രാഥമിക ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ, ആംബുലൻസ് സംവിധാനം, ഭക്ഷ്യ സാധനങ്ങളുടെ ലൈസൻസിംഗ്, മൃഗസംരക്ഷണം, സെമിത്തേരികൾ തുടങ്ങിയ മേഖലകളെ സംബന്ധിച്ച് അന്വേഷണവും പഠനവും നടത്തി നിയമനിർമ്മാണത്തിനുൾപ്പെടെയുള്ള നിർദ്ദേശങ്ങളും ശിപാർശകളും കൗണ്ടി അസംബ്ലിക്ക് നൽകുക എന്നിവയാണ് ഹെൽത്ത് സെക്ടറൽ കമ്മിറ്റിയുടെ പ്രധാന ചുമതലകളിൽ വരുന്നവയെന്നും ചെയർമാൻ അറിയിച്ചു

കെനിയയും കേരളവും പൊതുവായി നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ഉഷ്ണമേഖലാ രോഗങ്ങളെന്നും കാൻസർ കെനിയയിൽ ഗുരുതരമായ ഒരു പ്രശ്നമാണെന്നുള്ള വിലയിരുത്തൽ യോഗത്തിൽ വന്നു. കാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതും, രോഗചികിത്സയ്ക്ക് വേണ്ടിവരുന്ന ഭാരിച്ച ചെലവും മതിയായ ചികിത്സാ സൗകര്യങ്ങളുടെയും മെഡിക്കൽ സാങ്കേതിക വിദഗ്ധരുടെയും കുറവുമാണ് നിലവിൽ ആരോഗ്യ രംഗത്ത് കെനിയ നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്നും കൂടാതെ മരുന്നുകളുടെ ഉയർന്ന വിലയും ലഭ്യതക്കുറവും മറ്റൊരു പ്രശ്നമാണെന്നും സന്ദർശന സമിതി വ്യക്തമാക്കി.

കേരളം ആരോഗ്യ മേഖലയിൽ കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും രോഗപ്രതിരോധ നടപടികളിൽ ആർജിച്ച പുരോഗതികളെക്കുറിച്ചും കാൻസർ, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾക്ക് സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ചികിത്സാ സൗകര്യങ്ങളെ സംബന്ധിച്ചും, മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ സംസ്കാരം സംസ്ഥാനത്ത് വളർത്തിയെടുക്കാനായത്

സംബന്ധിച്ചുമുള്ള കാര്യങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനായാണ് ഹെൽത്ത് സെക്യൂരൽ കമ്മിറ്റി കേരള സന്ദർശനത്തിനെത്തിയതെന്ന് സന്ദർശക സമിതി ചെയർമാൻ അറിയിച്ചു സംസ്ഥാനത്ത് നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്ന TRAUMA CARE (ട്രോമാ കെയർ) സ്ഥാപനങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയണമെന്നും അത്തരത്തിൽ സ്ഥാപനങ്ങൾ കെനിയയിൽ ഫലപ്രദമായി നടത്തിക്കൊണ്ടുപോകുന്നതിന്റെ സാധ്യതയും ഈ സന്ദർശനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ വരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആരോഗ്യ സംരക്ഷണ രംഗത്ത് സംസ്ഥാനത്ത് നിലവിലുള്ള വിവധ ചികിൽസാ സമ്പ്രദായങ്ങളെക്കുറിച്ചും ഈ മേഖലയിലെ വിവിധ തലങ്ങളെയും അവയുടെ ചുമതലകളെയും സംബന്ധിച്ചും, ആരോഗ്യ കുടുംബക്ഷേമ രംഗങ്ങളിൽ ഇപ്രകാരം നേട്ടങ്ങൾ കൈവരിക്കുന്നതിന് സർക്കാർ സർക്കാരേതര ഏജൻസികളും വഹിച്ച പങ്ക്, സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ, സംസ്ഥാനത്തെ മരുന്ന് നിർമ്മാണ വിതരണ സംവിധാനങ്ങൾ, കാൻസർ, എയ്ഡ്സ് മുതലായ രോഗങ്ങൾ, മറ്റ് ജീവിത ശൈലീരോഗങ്ങൾ, സാംക്രമിക രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും ബോധവൽക്കരണ പ്രവർത്തനങ്ങളും എന്തൊക്കെയാണ് എന്നീ വിവരങ്ങൾ സംബന്ധിച്ചും സന്ദർശക സമിതി ആരായുകയുണ്ടായി.

സംസ്ഥാനത്തെ ആരോഗ്യരംഗത്തെ സംബന്ധിച്ചും ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങളെ സംബന്ധിച്ചും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയും കാൻസർ ചികിൽസാ രംഗത്തെ സൗകര്യങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ, രോഗ നിർണ്ണയത്തിനായി വിവിധ തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, രോഗത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, കാൻസർ രോഗികൾക്കായുള്ള ക്ഷേമ പദ്ധതികൾ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള നൂതന ചികിൽസാ സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് റീജിയണൽ കാൻസർ സെന്റർ ഡയറക്ടറും വിശദീകരിക്കുകയുണ്ടായി.

തുടർന്ന് നാഷണൽ ഹെൽത്ത് മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സംസ്ഥാനത്ത് പ്രസ്തുത മിഷൻ നടപ്പിലാക്കി വരുന്ന NRHM, NUHM എന്നിവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും പൊതുജനങ്ങൾക്ക് പ്രസ്തുത ഏജൻസികൾ നൽകിവരുന്ന സൗജന്യ സേവനങ്ങളെ സംബന്ധിച്ചും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകളെ സംബന്ധിച്ചും എയ്ഡ്സ് രോഗികളുടെയും കുടുംബാംഗങ്ങളുടെയും പുനരധിവാസത്തിനും സമൂഹത്തിന്റെ ഒറ്റപ്പെടുത്തലിൽനിന്നും ഒഴിവാക്കുന്നതിനുതകുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് ഡയറക്ടർ വിശദീകരിക്കുകയുണ്ടായി.

സന്ദർശക സമിതിയുടെ പഠനത്തിനായി കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ വിവിധ തലങ്ങൾ സ്പർശിക്കുന്ന ഒരു "സ്ലൈഡ് ഷോയും" യോഗവേളയിൽ പ്രദർശിപ്പിക്കുകയുണ്ടായി.

സംയുക്തയോഗം 3.35 മണിക്ക് പിരിഞ്ഞു.

# 19-6-2014-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയ നിർണ്ണയ സമിതി 2014 ജൂൺ 19 വ്യാഴാഴ്ച 4.40 മണിക്ക് (സഭാസമ്മേളനത്തിനുശേഷം) നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായി:

1. ശ്രീ. എം. പി. അബ്ദുസമദ് സമദാനി, എം.എൽ.എ.
2. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
3. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
5. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
6. ശ്രീ. കെ. ദാസൻ, എം. എൽ.എ.
7. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, എം.എൽ.എ.
8. ശ്രീ. റോഷി അഗസ്റ്റിൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ടി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ഡോ. വി. ഗീത, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ്
4. ഡോ. എം. ബീന, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.ആർ.എച്ച്.എം.
5. ഡോ. പി. കെ. ജമീല, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റ്
6. ഡോ. ടി. ശിവദാസ്, ഡി.എ.എം.ഇ.

7. ഡോ. അനിത ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

8. ഡോ. കെ. ജമുന, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്

9. ശ്രീ. പി. ജി. ബെന്നി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

10. ശ്രീമതി എം. കെ. ബിന്ദു തങ്കച്ചി, ഡെപ്യൂട്ടി സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

11. ശ്രീ. പി. ഹരിപ്രസാദ്, കൺട്രോളർ, ഡ്രഗ്സ് കൺട്രോൾ വകുപ്പ്

12. ഡോ. എൻ. വിമല, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ, (ആയുർവേദ)

13. ഡോ. പോൾ സെബാസ്റ്റ്യൻ, ഡയറക്ടർ, ആർ.സി.സി.

14. ഡോ. പി. കെ. അശോക്, പ്രിൻസിപ്പാൾ, ഗവ. ആയുർവേദ കോളേജ്, തിരുവനന്തപുരം

15. ശ്രീ. കെ. ഷാജഹാൻ, കൺട്രോളർ ഓഫ് ഫിനാൻസ്, ആർ.സി.സി.

16. ശ്രീ. അരുണ ഗിരീശ്വര അയ്യർ, ഡയറക്ടർ (ഫിനാൻസ്), എൻ.ആർ.എച്ച്.എം.

17. ശ്രീ. പി. കെ. ഹരികൃഷ്ണൻ, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ആന്റ് എച്ച്.ആർ. മാനേജർ, എൻ.ആർ.എച്ച്.എം.

18. ശ്രീ. കെ. അനിൽ കുമാർ, ജോയിന്റ് കമ്മീഷണർ, ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ്

19. ഡോ. വി.എൻ. ഗോപിനാഥൻ, ജോയിന്റ് ഡയറക്ടർ, ഐ.എസ്.എം.

20. ശ്രീ. കെ. ജെ. സഖറിയ, സ്പെഷ്യൽ ഓഫീസർ, മലബാർ കാൻസർ സെന്റർ

21. ശ്രീമതി അനിതാഭായി, ജനറൽ മാനേജർ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു:

I. <u>കരട് ചട്ടങ്ങളുടെ പരിശോധന</u>

(1) കേരള ജനറൽ സർവ്വീസസ് (ഭേദഗതി) പ്രത്യേക ചട്ടം 2013
(ഫയൽ നമ്പർ 11788/സബ് സി.എഫ്.2/2011/നി.സെ.)

പ്രസ്തുത കരട് ചട്ടം പരിഗണിച്ച സമിതി ശീർഷകത്തിലെ "2013" എന്നത് "2014" എന്നാക്കി മാറ്റണമെന്ന നിർദ്ദേശത്തോടെ അംഗീകരിച്ചു

(2) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ (കേരള) സർവ്വീസ് അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ് 2014

(ഫയൽ നമ്പർ 2981/സബ് സി.എഫ്.2/2014/നി.സെ.)

പ്രസ്തുത കരട് ചട്ടം ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു

II. സാധൂകരണത്തിനുള്ള ചട്ടങ്ങളുടെ പരിഗണന

(1) കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) അമന്റ്മെന്റ് സ്പെഷ്യൽ റൂൾസ് 2013 (എസ്.ആർ.ഒ. നമ്പർ 795/2013)

(ഫയൽ നമ്പർ 5727/സബ് സി.എഫ്.2/2013/നി.സെ.)

മേല്പറഞ്ഞ ഭേദഗതി ചട്ടങ്ങളുടെ 2-ാം ചട്ടത്തിനുശേഷം ഒരു നോട്ട് ചേർത്തിരിക്കുന്നത് ക്രമപ്രകാരമല്ലാത്തിനാൽ പ്രസ്തുത ഭേദഗതി ചട്ടത്തിന് സാധൂകരണം നൽകേണ്ടതില്ലെന്ന് തീരുമാനിച്ച സമിതി ക്രമാനുസൃതമായ രീതിയിൽ ചട്ടം ഭേദഗതി ചെയ്ത് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചു

(2) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 2013 (എസ്.ആർ.ഒ. നമ്പർ 350/2013)
(ഫയൽ നമ്പർ 5988/സബ് സി.എഫ്.2/2013/നി.സെ.)

പ്രസ്തുത സ്റ്റാറ്റ്യൂട്ടിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു:

*Chapter III & IV*

(i) In statute 76, the number and symbols '(1)' assigned to the existing provision shall be deleted.

(ii) The marginal heading and the subsequent provisions of Statute 86, which is incorporated as part of clause (v) of Statute 85 shall be regulated.

(iii) In Clause (2) of Statute 107,—

(a) the letter and symbols '(a)' assigned shall be omitted;

(b) after the words "forty-eight" the word "hours" shall be inserted;

(c) in the Explanation the words, letter and symbols "sub-clause (a) of" shall be deleted.

(iv) In Statute 113,—

(a) the number and symbols "(i)" assigned to the sub-clause after sub-clause (ii) under the heading 'A. minor penalties' shall be modified as sub-clause "(iii)";

(b) the sub-clause numbers '(v) to (viii)' assigned to the sub-clauses under the heading "B.Major Penalties" shall be re-numbered as sub-clause (i) to (iv) respectively.

(c) corresponding changes shall be made in the following Statutes, namely. 115, 119, 129, 130, 131, 134 & 151

(v) The proviso number "(ii)" assigned to the 3rd proviso to clause (1) (e) (ii) of Statute 151 shall be corrected as "(iii)"

(vi) The serial numbers assigned to the items under the column "Post held by the employees" of the table in Statute 158 shall be corrected as "1, 2, 3" respectively.

*Chapter VI*

The number '(1)' assigned to the existing provision under Statute 9 shall be omitted.

*Chapter IX*

The number '(1)' assigned to the existing provision under Statute 2&7 shall be omitted.

*Chapter XIII*

The letter '(a)' assigned to the existing provision under Statute 6 shall be omitted.

*Chapter XV*

The number '(i)' assigned to the existing provision under Statute 8 shall be omitted.

*Chapter XVII*

Appropriate marginal heading shall be added to the Statute 5.

*Chapter XVIII*

The number '(i)' assigned to the existing provision under Statute 6 shall be omitted and an appropriate marginal heading shall be added to the Statute 7.

*Chapter XXI*

The number I assigned to the existing provision under Statutes 1 and 18 shall be omitted.

*Chapter XXX*

The number 'I' assigned to the single Statute under the Chapter shall be omitted.

*Chapter XXXII*

The number 'I' assigned to the single Statute under the Chapter shall be omitted.

*Chapter XXXV*

The number 'I' assigned to the single Statute under the Chapter shall be omitted.

*Chapter XXXVIII*

(i) The items "(a), (b), (c), (d), (e), (f), (d), (e)", under Statute 1 shall be relettered as "(a), (b), (c), (d), (e), (f), (g) & (h)", respectively.

(ii) The number (1) assigned to the existing provision under Statute 6 shall be omitted.

Chapter XXXIX

(i) The last two items under clause (1) (e) of Statute 3 shall be renumbered as (vii) and (viii) instead of (vi) and (vii).

(ii) The letter "I" appearing after clause (1) (d) of statute 64 shall be omitted.

മേൽ സൂചിപ്പിച്ച ഭേദഗതി നിർദ്ദേശങ്ങൾക്കപ്പുറമേ സ്റ്റാറ്റ്യൂട്ടിന്റെ ഡ്രാഫ്റ്റിംഗിലും വിവിധ അദ്ധ്യായങ്ങൾക്കുകീഴിൽ വ്യത്യസ്തമായ രീതിയിൽ സ്റ്റാറ്റ്യൂട്ട് നമ്പരുകൾ നൽകിയ രീതിയിലും പ്രസിദ്ധീകരണത്തിന്റെ ലേ-ഔട്ടിലും, അച്ചടിയിലും നിരവധി അപാകതകൾ ഉള്ളതായും അംഗീകൃത മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടതായും സമിതി വിലയിരുത്തി. ആകയാൽ മേല്പറഞ്ഞ എല്ലാ ന്യൂനതകളും പരിഹരിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്ന സ്റ്റാറ്റ്യൂട്ട് സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുകയുണ്ടായി.

III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ

മൈസൂർ യൂണിവേഴ്സിറ്റിയുടെ ഫുഡ് ടെക്നോളജി കോഴ്സിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 1520/സബ് സി.എഫ്.2/2012/നി.സെ.)

മൈസൂർ യൂണിവേഴ്സിറ്റിയുടെ കോഴ്സുകളും കേരളത്തിലെ കോഴ്സുകളും തമ്മിൽ വ്യത്യാസമുണ്ടെന്നും ഒരാഴ്ചക്കുള്ളിൽ ഈ വിഷയം സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിച്ചിട്ടുണ്ടെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ കോഴ്സ് കേരളത്തിൽ ഇല്ലാത്തതിനാലാണ് വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കുന്നതെന്നും സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കുന്ന വിദ്യാർത്ഥികളോട് നീതി നിഷേധം വരുമെന്നതിനാൽ അപ്രകാരം വരാതിരിക്കുന്നതിന് ഈ വിഷയം വളരെ ഗൗരവമായെടുത്ത് എത്രയും വേഗം പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഫുഡ്സേഫ്റ്റി കമ്മീഷണറോട് സമിതി ആവശ്യപ്പെട്ടു.

IV. വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2746/സബ് സി.എഫ്.2/2013/നി.സെ.)
ശിപാർശ നമ്പർ 7, 38, 39, 41

(2) 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനസംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11795/സബ് സി.എഫ്.2/2011/നി.സെ.)
ശിപാർശ നമ്പർ 63, 69, 70, 92

(3) 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11792/സബ് സി.എഫ്.2/2009/നി.സെ.)
ശിപാർശ നമ്പർ 104, 106, 113, 115, 116, 118, 119, 120, 121, 122

(4) 2007-2008 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 662/സബ്സി.എഫ്2/2011/നി.സെ.)

ശിപാർശ നമ്പർ 53, 64

(5) 2005-2006 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 659/സബ്സി.എഫ്2/2011/നി.സെ.)

ശിപാർശ നമ്പർ 72, 83

V. സമിതി യോഗങ്ങളിലെ നിർദ്ദേശങ്ങളിന്മേൽ ലഭിച്ച താഴെപ്പറയുന്ന തുടർനടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

(1) സമിതിയുടെ 14-11-2012-ലെ യോഗം ആരാഞ്ഞ അധിക വിവരങ്ങൾ

(ഫയൽ നമ്പർ 5/സബ്സി.എഫ്2/2013/നി.സെ.)

ശിപാർശ ഖണ്ഡിക -എ, ബി, സി

(2) സമിതിയുടെ 7-3-2012-ലെ മലബാർ കാൻസർ സെന്ററിൽ ചേർന്ന യോഗത്തിലെ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികൾ

(ഫയൽ നമ്പർ 2747/സബ്സി.എഫ്2/2013/നി.സെ.)

ശിപാർശ നമ്പർ 1, 2, 3, 4

(3) സമിതിയുടെ 24-4-2013-ലെ യോഗനിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികൾ

(ഫയൽ നമ്പർ 3346/സബ്സി.എഫ്2/2013/നി.സെ.)

ശിപാർശ നമ്പർ 2, 3, 4, 5, 8, 9.

VI. 2001-02 മുതൽ 2012-13 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിൽ ഇനിയും നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള ശിപാർശകൾ സംബന്ധിച്ച പെന്റിംഗ് ലിസ്റ്റ്

(ഫയൽ നമ്പർ 662/സബ്സി.എഫ്2/2011/ലെജി.)

പ്രസ്തുത പെന്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഇനിയും മറുപടി ലഭിക്കേണ്ടതുമായ ശിപാർശകളിന്മേൽ മൂന്ന് മാസത്തിനകം നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതാണെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

VII. കരട് റിപ്പോർട്ടുകളുടെ പരിഗണന

(1) 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2730/സബ്സി.എഫ്2/2014/നി.സെ.)

(2) സമിതിയുടെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2731/സബ്സി.എഫ്2/2014/നി.സെ.)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2013-14 സാമ്പത്തിക വർഷത്തിലെ മൂന്നാമത് റിപ്പോർട്ടിലെ അവശേഷിക്കുന്ന എല്ലാ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ 15 ദിവസങ്ങൾക്കുള്ളിലും ഇനിയും മറുപടി ലഭിക്കേണ്ട മറ്റ് ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ മൂന്ന് മാസങ്ങൾക്കുള്ളിലും നൽകണമെന്ന് സമിതി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## 29-10-2014-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി ഒക്ടോബർ 29-ാം തീയതി ബുധനാഴ്ച ഉച്ചക്കുശേഷം 2 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5'ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
2. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
3. ശ്രീ. എ. റ്റി. ജോർജ്, എം.എൽ.എ.
4. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, എം.എൽ.എ.
5. ശ്രീ. റോഷി അഗസ്റ്റിൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
2. ശ്രീമതി ടി. വി. അനുപമ, ഫുഡ് സേഫ്റ്റി കമ്മീഷണർ
3. ഡോ. പി. കെ. ജമീല, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റ്
4. ഡോ. വി. ഗീത, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്
5. ഡോ. അനിത ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്
6. ഡോ. കെ. ജമുന, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
7. ഡോ. ടി. ശിവദാസ്, ഡയറക്ടർ, ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്
8. ശ്രീ. പി. ഹരിപ്രസാദ്, ഡ്രഗ്സ് കൺട്രോളർ
9. ഡോ. വിനു കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, 'ചേതന' പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ, മലപ്പുറം.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 'എ' പ്രകാരം ചേർന്നതായ യോഗത്തിൽ 'പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം' എന്ന വിഷയം സംബന്ധിച്ച് സമിതി ചർച്ച നടത്തി.

സംസ്ഥാനത്ത് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 970 പഞ്ചായത്തുകളിലായി ഇതുവരെ 1042 സാന്ത്വന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെന്നും, പ്രൈമറി ഹെൽത്ത് സെന്ററുകളുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ടിട്ടുള്ളതും പാലിയേറ്റീവ് കെയറിൽ അടിസ്ഥാന പരിശീലനം നൽകിയിട്ടുള്ളതുമായ 1038 നഴ്സുമാർ സാന്ത്വന പരിചരണം ആവശ്യമായിട്ടുള്ള വ്യക്തികളുടെ വീടുകൾ സന്ദർശിച്ചുകൊണ്ടുള്ള പ്രൈമറി തലത്തിലുള്ള സാന്ത്വന പരിചരണ പ്രവർത്തനങ്ങളും നടത്തിവരുന്ന രീതിയാണ് അവലംബിക്കുന്നതെന്നും ആരോഗ്യ വകുപ്പ് സെക്രട്ടറി അറിയിച്ചു. ജില്ലാ ജനറൽ താലൂക്ക് ആശുപത്രികളിലെ 95 സെന്ററുകളിലായി 8 ഡോക്ടർമാരുടേയും 117 നഴ്സുമാരുടേയും സേവനം ലഭ്യമായിട്ടുള്ള സെക്കന്ററിതല സാന്ത്വന പരിചരണ പ്രവർത്തനങ്ങളും സംസ്ഥാനത്തെ 14 ജില്ലാ ജനറൽ ആശുപത്രികൾ

കേന്ദ്രീകരിച്ച് ഫിസിയോതെറാപ്പി ഉൾപ്പെടെയുള്ള മൂന്നാംതര സാന്ത്വന പരിചരണ പ്രവർത്തനങ്ങളുമാണ് നിലവിലുള്ളതെന്നും പ്രൈമറി തലത്തിൽ അറുപതിനായിരത്തിൽപ്പരം ആൾക്കാരും സെക്കന്ററിതലത്തിൽ ശരാശരി 4160 പേരും ദിനംപ്രതി ചികിത്സാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്നും സമിതിയിൽ വിശദമാക്കപ്പെട്ട ഇവയ്ക്കുപുറമേ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 'സ്നേഹധാര' എന്ന പേരിൽ ആയുർവ്വേദ പാലിയേറ്റീവ് കെയർ പദ്ധതിയും മലപ്പുറം ജില്ലയിലെ വണ്ടൂരിൽ 'ചേതന' എന്ന പേരിൽ ഹോമിയോ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററും പ്രവർത്തിച്ചുവരുന്നതായും ആരോഗ്യവകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

സംസ്ഥാനത്ത് ഇത്തരം പ്രവർത്തനങ്ങൾക്ക് എം.എൽ.എ. ഫണ്ട് ഉൾപ്പെടെ സഹായ സഹകരണങ്ങൾ ലഭ്യമാകുന്നുണ്ടെന്നും ആംബുലൻസ് ഉൾപ്പെടെ സഹായം ഏർപ്പെടുത്തുന്നതിന് ഇത് ഫലപ്രദമാകുന്നുണ്ടെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ട അവസരത്തിൽ ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് എപ്രകാരമാണ് നടത്തിവരുന്നതെന്ന് സമിതി ആരാഞ്ഞു.

പ്രൈമറി തലത്തിലുള്ള പരിചരണത്തിനാവശ്യമായ ടെക്നിക്കൽ സപ്പോർട്ട് പ്രൈമറി ഹെൽത്ത് സെന്ററുകളാണ് നടത്തിവരുന്നതെന്നും രോഗിക്ക് നൽകേണ്ട ചികിത്സാ പരിചരണ രീതികൾ, പരിപാലനം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എന്നിവ പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരും നഴ്സുമാരുമാണ് തീരുമാനിക്കുന്നതെന്നും ഇപ്രകാരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും ഓരോ ട്രെയിനിംഗ് സെന്റർ സ്ഥാപിച്ചിട്ടുണ്ടെന്നും അതത് പഞ്ചായത്തുകളുടെ നേതൃത്വത്തിലാണ് ഇവ മോണിട്ടർ ചെയ്യുന്നതെന്നും ഹെൽത്ത് സർവ്വീസസ് ഡയറക്ടർ അറിയിച്ചു.

അതേസമയം ജനറൽ ആശുപത്രികളിൽ നിലവിൽ പാലിയേറ്റീവ് കെയറിനായി പ്രത്യേക വാർഡുകൾ ഇല്ലായെന്നും ജീറിയാട്രിക് വാർഡിൽ പത്ത് ബെഡ്ഡുകൾ പാലിയേറ്റീവ് കെയർ വിഭാഗത്തിനായി മാറ്റിവയ്ക്കുകയാണ് ചെയ്യുന്നതെന്നും ഈ സാഹചര്യത്തിൽ വീട്ടിൽ വച്ച് ചികിത്സിക്കാൻ കഴിയാത്തവരെ ആശുപത്രിയിൽ കൊണ്ടുവന്ന് ചികിത്സിക്കുന്നതിനുവേണ്ടി പാലിയേറ്റീവ് കെയർ വാർഡുകളും മൂന്നാംഘട്ട സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട ആശുപത്രികളും ആരംഭിക്കേണ്ടത് അനിവാര്യമാണെന്നും ആരോഗ്യ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളിൽ മാത്രമാണ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിൽ ആരംഭിക്കാനായിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയ സമിതി സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും പാലിയേറ്റീവ് കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിന് എം.എൽ.എ.മാർ അടക്കമുള്ള ജനപ്രതിനിധികളുടെ പ്രവർത്തനങ്ങളിൽ എൻ.ജി.ഒ.മാരെ സഹകരിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഇതോടൊപ്പം നിലവിലുള്ള ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജനറൽ ആശുപത്രികളിൽ പാലിയേറ്റീവ് വാർഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികൾ ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് എല്ലാ ജില്ലകളിലേയും ഓരോ ആശുപത്രികളിലെങ്കിലും പാലിയേറ്റീവ് കെയറിനായി ഒരു വാർഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പ്രാഥമിക ഘട്ടമായി സ്ഥലസൗകര്യമുള്ള ആശുപത്രികളിൽ ഇത് ആരംഭിക്കണമെന്നും സാന്ത്വന പരിചരണപ്രവർത്തനങ്ങൾക്കായി വരുന്ന സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശം നൽകുകയുണ്ടായി.

തുടർന്ന്, ഹോമിയോ ആയുർവ്വേദ വിഭാഗങ്ങൾക്ക് കീഴിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ സമിതി ആരാഞ്ഞു. ജനപ്രതിനിധികളുടേയും നാട്ടുകാരുടേയും ഉദ്യോഗസ്ഥരുടേയും സഹകരണത്തോടെ മലപ്പുറം ജില്ലയിലെ വണ്ടൂരിൽ സ്ഥാപിതമായ 'ചേതന' ഹോമിയോ ആശുപത്രി ഏഴ് വർഷത്തോളമായി സാന്ത്വന പരിചരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണെന്നും പ്രാഥമികഘട്ടത്തിൽ തന്നെ കാൻസർ രോഗം കണ്ടെത്തി മറ്റ് ചികിത്സകൾ വേണ്ടെന്ന് വയ്ക്കുന്നവർ സർജറിക്ക് ശേഷം വരുന്നവർ, കീമോ തെറാപ്പി, റേഡിയേഷൻ എന്നിവ നടത്തുന്നതിന് വൈമനസ്യമുള്ളവർ എന്നീ മൂന്ന് വിഭാഗത്തിൽപ്പെട്ടവരെയാണ് ചേതനയിൽ ചികിത്സാ വിധേയരാക്കുന്നതെന്നും നിലവിൽ ഒ.പി. വിഭാഗത്തിൽ 1388 പേരും ഐ.പി. വിഭാഗത്തിൽ 465 പേരും ചികിത്സയ്ക്ക് വിധേയരാകുന്ന ഈ സാഹചര്യത്തിൽ പരിമിതമായ സൗകര്യങ്ങളിൽ ഫലപ്രദമായ ചികിത്സ നൽകുന്നതിന് ഹോമിയോ സാന്ത്വന പരിചരണ കേന്ദ്രങ്ങൾക്ക് കഴിയുമെന്നതിനാൽ ഹോമിയോപ്പതി സാന്ത്വന ചികിത്സ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കാവുന്നതാണെന്നും ഹോമിയോപ്പതി ഉദ്യോഗസ്ഥർ സമിതിയിൽ വിശദമാക്കി.

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള 'സ്നേഹധാര' എന്ന പദ്ധതിയാണ് ആയുർവ്വേദ രംഗത്ത് നടപ്പിലാക്കിയിട്ടുള്ള സാന്ത്വന പരിചരണ പ്രവർത്തനമെന്നും ഈ പദ്ധതി പ്രകാരം പഞ്ചായത്തുകളിലെ വാർഡുകളിൽ സന്ദർശനം നടത്തിക്കൊണ്ടുള്ള പ്രവർത്തനമാണ് നടത്തിവരുന്നതെന്നും ആയുർവ്വേദ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പ്രിലിമിനറി സ്റ്റേജിൽ കാൻസർ ചികിത്സിച്ച് ഭേദമാക്കാമെങ്കിലും ഫൈനൽ സ്റ്റേജിലെത്തുന്നവരുടെ കാര്യത്തിൽ സാന്ത്വന പരിചരണത്തിലൂടെ മാത്രമേ അവരുടെ മാനസികവും ശാരീരികവുമായ വേദനകൾ ഒരു പരിധിവരെയെങ്കിലും കുറയ്ക്കുവാനാകുയുള്ളൂ വെന്നും ഇക്കാര്യത്തിൽ, മലപ്പുറത്തെ 'ചേതന' ഹോമിയോ ആശുപത്രി തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് എന്നിവ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്നും യോഗത്തിൽ സമിതി വിലയിരുത്തി. ഈ സാഹചര്യത്തിൽ, എല്ലാ ജില്ലകളിലും ഹോമിയോ പാലിയേറ്റീവ് കെയർ സെന്ററുകളും എല്ലാ ജില്ലകളിലെയും ഓരോ ആശുപത്രികളിൽ പാലിയേറ്റീവ് കെയറിനുവേണ്ടി ഓരോ വാർഡുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി. അതുപോലെ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലേയും ആയുർവ്വേദ ഡിസ്പെൻസറികൾ മുഖേന പാലിയേറ്റീവ് കെയർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

II. യോഗത്തിൽ മറ്റൊരു വിഷയമായി പരിഗണിക്കേണ്ടതായിരുന്ന സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ പഠനവിധേയമാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ സമിതിയുടെ "ലബോറട്ടറികളുടെ ശാക്തീകരണം" എന്ന വിഷയം സംബന്ധിച്ചുള്ള റിപ്പോർട്ട് മറ്റ് സംസ്ഥാനങ്ങളിലെ ലബോറട്ടറികൾ സന്ദർശിച്ച് അവയുടെ പ്രവർത്തനങ്ങൾ കൂടി മനസ്സിലാക്കിയശേഷം പരിഗണിക്കുന്നതായിരിക്കും ഉചിതം എന്ന് അഭിപ്രായം വന്നതിനാൽ സമിതി പരിഗണനയ്ക്കെടുക്കാതെ മാറ്റിവച്ചു.

III. യോഗത്തിൽ തുടർന്ന് വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

(1) 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2746/സബ്.സിഎഫ്2/2013/നി.സെ.)

ഖണ്ഡിക നമ്പർ 9, 10, 11, 12, 13, 14, 15, 16, 17, 49, 50

(2) 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3046/സബ്.സിഎഫ്2/2012/നി.സെ.)

ഖണ്ഡിക നമ്പർ 1, 2, 3, 4, 5, 13, 26, 28, 29, 30, 31, 32

(3) 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11792/സബ്.സിഎഫ്2/2011/നി.സെ.)

ഖണ്ഡിക നമ്പർ 94, 117, 127, 128, 129.

(4) 2008-09 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11786/സബ്.സിഎഫ്2/2011/നി.സെ.)

ഖണ്ഡിക നമ്പർ 75, 82, 85, 86, 87

(5) 2007-2008 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 662/സബ്.സിഎഫ്2/2011/നി.സെ.)

ഖണ്ഡിക നമ്പർ 66, 78

(6) 2006-2007 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 661/സബ്.സിഎഫ്2/2011/നി.സെ.)

ഖണ്ഡിക നമ്പർ 38, 39, 53

(7) 2005-2006 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 659/സബ്.സിഎഫ്2/2011/നി.സെ.)

ഖണ്ഡിക നമ്പർ 56, 57, 59, 61, 65, 66B, 67, 68, 70, 82, 93, 94.

(8) 2003-2004 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 657/സബ്.സിഎഫ്2/2011/നി.സെ.)

ഖണ്ഡിക നമ്പർ 44, 45, 47, 54, 55, 56, 62, 64, 65.

IV. വിവിധ കാര്യങ്ങളെ സംബന്ധിച്ച സമിതിയോഗത്തിലെ നിർദ്ദേശങ്ങളിന്മേൽ ലഭിച്ച മറുപടികൾ പരിഗണിക്കുന്നതിന്റെ ഭാഗമായി സമിതി താഴെപ്പറയുന്ന തുടർ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 24-4-2013-ലെ യോഗനിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ

(ഫയൽ നമ്പർ 3346/സബ്.സിഎഫ്2/2013/നി.സെ.)

ശിപാർശ നമ്പർ 10, 12

സമിതിയുടെ മുൻകാലയോഗത്തിൽ ആവശ്യപ്പെട്ടിരുന്നതായ വിവരങ്ങൾ സംബന്ധിച്ചുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ വൈകുന്നതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ സമിതി തെളിവെടുപ്പ് നടത്തുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി. 2001-02 വർഷം മുതലുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള മറുപടികൾ ലഭ്യമാകാതിരിക്കുന്നുവെന്ന് വിലയിരുത്തിയ സമിതി രണ്ടുമാസത്തിനകം പ്രസ്തുത മറുപടികൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

ഇത്തരത്തിൽ മൈസൂർ യൂണിവേഴ്സിറ്റിയുടെ ഫുഡ് ടെക്നോളജി കോഴ്സിനോടനുബന്ധമായി സമിതി ആവശ്യപ്പെട്ടിരുന്നതായ വിവരങ്ങളുടെ മറുപടി പത്ത് ദിവസത്തിനകം നൽകാമെന്ന് 19-6-2014-ലെ സമിതിയോഗത്തിൽ ഉറപ്പ് നൽകിയിരുന്നുവെങ്കിലും ആയത് ഇതുവരെയും ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ഫുഡ് സേഫ്റ്റി കമ്മീഷണറോട് വിശദീകരണം ആരാഞ്ഞു.

ഫുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട തസ്തികകളിലേക്ക് നിലവിൽ പി.എസ്.സി. അംഗീകരിച്ചിട്ടുള്ള കോഴ്സുകൾ മൂന്നുവർഷ കോഴ്സുകളായ 'Post Graduate Diploma in Food Technology' അല്ലെങ്കിൽ 'Degree in Chemistry with at least second class' എന്നതാണെന്നും, മൈസൂർ യൂണിവേഴ്സിറ്റിയുടെ ഫുഡ് ടെക്നോളജി പി.ജി. ഡിപ്ലോമ കോഴ്സ് പത്തുമാസത്തെ പഠന ദൈർഘ്യം മാത്രമുള്ള ഒരു കോഴ്സാണെന്നും ഈ കോഴ്സ് കേരളത്തിലെ ഒരു സർവ്വകലാശാലയിലും നിലവിലില്ലാത്തതിനാൽ പി.എസ്.സി. നിലവിൽ അംഗീകരിച്ചിട്ടുള്ള മൂന്നുവർഷ കോഴ്സുകൾക്ക് തുല്യമായ ഒരു കോഴ്സാണോ ഇതെന്നുള്ള സ്പഷ്ടീകരണത്തിനായാണ് ഈ കോഴ്സിന്റെ വിശദാംശങ്ങളെ സംബന്ധിച്ച് മൈസൂർ യൂണിവേഴ്സിറ്റിക്ക് കത്തയച്ചതെന്നും എന്നാൽ മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും നാളിതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ലെന്ന് സമിതിയെ അറിയിച്ച ഫുഡ് സേഫ്റ്റി കമ്മീഷണർ, പ്രസ്തുത കോഴ്സുകൾ തുല്യമാണോയെന്ന് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിച്ചാൽ മാത്രമേ ഈ കോഴ്സിനെ പി.എസ്.സി. അംഗീകരിക്കുകയുള്ളുവെന്നും ആയതിനാൽ, മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും വിശദാംശങ്ങൾ ലഭിക്കുന്നതിനായി നിരന്തരം ശ്രമം നടത്തിവരുകയാണെന്നും ബോധിപ്പിക്കുകയുണ്ടായി.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും വിവിധ സാമ്പത്തിക വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ഖണ്ഡികകളിൽ മറുപടി ലഭ്യമാകാനവശേഷിക്കുന്നവയ്ക്ക് ഒരു മാസത്തിനകം മറുപടി നൽകാമെന്ന് 19-6-2014-ലെ യോഗത്തിൽ സമിതിക്ക് ഉറപ്പ് ലഭിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ, വളരെ കുറച്ച് മറുപടികൾ മാത്രമേ ലഭ്യമായിട്ടുള്ളൂവെന്ന ചൂണ്ടിക്കാട്ടിയ സമിതി മറ്റ് ഖണ്ഡികകളിന്മേലുള്ള മറുപടി ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് ആരോഗ്യവകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

2015 ജനുവരി 17-ാം തീയതി മുതൽ 25-ാം തീയതി വരെയുള്ള ദിവസങ്ങൾക്കിടയിൽ ലാബോറട്ടറികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് സമിതി നടത്തുന്ന പഠനഭാഗമായി അഖിലേന്ത്യാ പഠന പര്യടനം നടത്തുന്നതിനുള്ള യാത്രാ പരിപാടി തയ്യാറാക്കുന്നതിനും യോഗത്തിൽ തുടർന്ന് സമിതി നിർദ്ദേശം നൽകുകയുണ്ടായി.

യോഗം ഉച്ചയ്ക്കുശേഷം 3.10-ന് പിരിഞ്ഞു.

## 26-11-2014-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി 2014 നവംബർ 26-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 D സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
4. ശ്രീ. എ. റ്റി. ജോർജ്, എം.എൽ. എ.
5. ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ, എം.എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ടി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി,ആരോഗ്യകുടുംബക്ഷേമ വകുപ്പ്.
2. ഡോ. പി. കെ. ജമീല, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റ്
3. ഡോ. വി. ഗീത, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്
4. ഡോ. എം. ബീന. പ്രോജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി
5. ഡോ. അനിത ജേക്കബ്, ഡയറക്ടർ, ഐ.എസ്.എം.
6. ഡോ. കെ. ജമുന, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
7. ഡോ. റ്റി. ശിവദാസ്, ഡയറക്ടർ, ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്
8. ഡോ. ബി. സതീശൻ, ഡയറക്ടർ, മലബാർ കാൻസർ സെന്റർ
9. ഡോ. പോൾ സെബാസ്റ്റ്യൻ, ഡയറക്ടർ, ആർ.സി.സി.
10. ശ്രീ. മിൻഹാജ് ആലം, സി.എം.ഡി.(എൻ.എച്ച്.എം.) & എം.ഡി., കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്
11. ശ്രീ. പി. ഹരിപ്രസാദ്, ഡ്രഗ്സ് കൺട്രോളർ.
12. ഡോ. വിമല, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവ്വേദ)
13. ഡോ. ആർ. രമ്യ, ജോയിന്റ് ഡയറക്ടർ, ബ്ലഡ് സേഫ്റ്റി
14. ഡോ. ബി. ഉഷാകുമാരി, എ.പി.ഡി., കേരള സ്റ്റേറ്റ് എയ്ഡ്ഡ് കൺട്രോൾ സൊസൈറ്റി
15. ഡോ. ബാലചന്ദ്രൻ നായർ, എസ്.പി.എം., ആയുഷ്, എൻ.ആർ.എച്ച്.എം.

I. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം സംസ്ഥാനത്തെ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയുണ്ടായി.

സംസ്ഥാനത്ത് ആകെ 164 ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ 34 എണ്ണം സർക്കാർ മേഖലയിലും ബാക്കിയുള്ളവ ചാരിറ്റബിൾ സൊസൈറ്റികളുടേയും എൻ.ജി.ഒ.കളുടേയും കീഴിൽ പ്രവർത്തിക്കുന്നവയാണെന്നും, സർക്കാർ മേഖലയിൽ

പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകളിൽ നിന്നും എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലേക്കും മറ്റ് മേജർ ആശുപത്രികളിലേക്കും രക്തം എത്തിക്കുന്നുണ്ടെന്നും ആമുഖമായി അറിയിച്ച ആരോഗ്യവകുപ്പ് സെക്രട്ടറി രക്തം ദാനം ചെയ്യാൻ ആഗ്രഹിക്കുന്ന 18 വയസ്സുനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള ആരോഗ്യവാനായ ഏതൊരു വ്യക്തിക്കും സംസ്ഥാനത്തെ അംഗീകൃത രക്തബാങ്കുകളിലോ രക്തദാനക്യാമ്പുകളിലോ രക്തം ദാനം ചെയ്യാവുന്നതാണെന്നും ഇപ്രകാരം ഓരോ വർഷവും ശരാശരി 382000 യൂണിറ്റ് രക്തം ശേഖരിച്ച വരുന്നുണ്ടെന്നും ആരോഗ്യമുള്ള ഒരു വ്യക്തിയിൽ നിന്നും 350 മില്ലി മുതൽ 450 മില്ലി വരെ രക്തം ശേഖരിക്കുകയും ഇപ്രകാരം ശേഖരിക്കുന്ന രക്തം എച്ച്.ഐ.വി., ഹെപ്പെറ്റൈറ്റിസ് ബി, മലേറിയ, സിഫിലിസ് തുടങ്ങി രക്തം വഴി പകരുന്ന അഞ്ച് രോഗങ്ങൾ ഇല്ലായെന്ന് ഉറപ്പ് വരുത്തിയശേഷം രക്തബാങ്കുകളിൽ നിശ്ചിത ഊഷ്മാവിൽ സൂക്ഷിച്ചുവയ്ക്കുകയും രോഗികളുടെ ആവശ്യാനുസരണം നൽകുകയുമാണ് ചെയ്യുന്നതെന്നും വിശദമാക്കി.

അടുത്തകാലംവരെ ദാതാവിൽ നിന്നും സ്വീകരിക്കുന്ന ഒരു യൂണിറ്റ് രക്തം പൂർണ്ണമായും സ്വീകർത്താവിന് നൽകുകയാണ് ചെയ്തുവന്നിരുന്നതെന്നും എന്നാൽ ഇപ്പോൾ രക്തഘടകങ്ങൾ വേർതിരിക്കാനാവുന്ന യൂണിറ്റുകൾ സ്ഥാപിതമായതോടെ ഒരു രക്ത യൂണിറ്റിനെ നാല് രക്ത ഘടകങ്ങളായി വേർതിരിച്ച് നാല് രോഗികൾക്കായി നൽകാൻ കഴിയുന്നുവെന്നും ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രക്ത ഘടക വേർതിരിക്കൽ യൂണിറ്റുകൾ നിലവിലുണ്ടെന്നും സർക്കാർ മേഖലയിലെ 34 രക്ത ബാങ്കുകളിൽ 21 എണ്ണത്തിലും രക്തഘടക വേർതിരിക്കൽ യൂണിറ്റുകൾ ഉണ്ടെന്നും ആരോഗ്യവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

രക്തദാനസന്നദ്ധരായി ആശുപത്രികളിലോ രക്തദാനക്യാമ്പുകളിലോ എത്തുന്ന വ്യക്തികളിൽ നിന്നും മതിയായ ബ്ലഡ് ബാഗുകൾ ലഭ്യമല്ലായെന്ന കാരണത്താൽ രക്തം ശേഖരിക്കാനാകാതെ വന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ ഇത്തരം സന്ദർഭങ്ങൾ ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാകുമെന്നും സമിതി ആരാഞ്ഞു. അതോടൊപ്പം ചില രക്തദാനബാങ്കുകളിൽ പ്രതീക്ഷിക്കുന്നതിലും കൂടുതൽ ആളുകൾ വരുന്ന അവസരങ്ങളിൽ മതിയായ ബ്ലഡ് ബാഗുകളുടെ അഭാവം കാരണവും സ്റ്റാഫുകളുടെ പരിമിതിമൂലവും എല്ലാവരിൽ നിന്നും രക്തം ശേഖരിക്കാനാകാത്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെന്നും യോഗത്തിൽ പരാമർശം വന്നപ്പോൾ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക വേണ്ടിയാണ് ഏറ്റവും കൂടുതൽ രക്തം ശേഖരിക്കുന്നതെന്നും എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകൾക്ക് വേണ്ട കൺസ്യൂമബിൾസ് വാങ്ങി നൽകുന്ന ചുമതല കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണെന്നും സെക്രട്ടറി വ്യക്തമാക്കി.

തുടർന്ന് ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനവുമായി ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സമിതി ആരായുകയുണ്ടായി.

1940-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഡ്രഗ്സ് കൺട്രോളർമാർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയാണ് സംസ്ഥാനത്തെ ബ്ലഡ് ബാങ്കുകളുടെ ലൈസൻസ് നല്കുന്നതെന്നും 2000 യൂണിറ്റിൽ കൂടുതൽ രക്തം ഒരു വർഷം ആവശ്യമായി വരുന്ന ആശുപത്രികളിൽ രക്ത ബാങ്കുകൾ തുടങ്ങാവുന്നതാണെന്നും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ശേഷം സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിൽ നിന്നും എൻ.ഒ.സി. വാങ്ങേണ്ടതും പ്രസ്തുത എൻ.ഒ.സി. ഉൾപ്പെടെ ലൈസൻസിനായി ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന് അപേക്ഷ നൽകുമ്പോൾ ആവശ്യമായ പരിശോധന നടത്തിയശേഷം ലൈസൻസ് അനുവദിക്കുമെന്നും സമിതി മുമ്പാകെ വ്യക്തമാക്കിയ സെക്രട്ടറി ബ്ലഡ് ബാങ്കുകളിലെ രക്തശേഖരണം, സംഭരണം, ശേഖരിച്ച രക്തത്തിന്റെ പരിശോധനകൾ ഇവയെല്ലാംതന്നെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കുമെന്നും കൂട്ടിച്ചേർത്തു.

രക്തബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കേണ്ടത് പരിചയവും പരിശീലനവും ലഭിച്ച ഒരു മെഡിക്കൽ ഓഫീസർ ആയിരിക്കണമെന്നും 24 മണിക്കൂറും പ്രവർത്തനക്ഷമമായ രക്തബാങ്കുകളിൽ അതിന് ആനുപാതികമായി ടെക്നീഷ്യൻമാരും ഉണ്ടായിരിക്കണമെന്നും ഇതു കൂടാതെ, സ്റ്റാഫ് നഴ്സ്, വാർഡ് അറ്റന്റർ, കൗൺസിലർ എന്നിവരും രക്തഘടക വേർതിരിക്കൽ യൂണിറ്റ് ഉള്ളപക്ഷം ഒരു ടെക്നിക്കൽ സൂപ്പർവൈസറും ബ്ലഡ് ബാങ്കുകളിൽ ഉണ്ടാകണമെന്നാണ് വ്യവസ്ഥയെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗ്യത ബി.ഫാം ആണെന്നിരിക്കെ ബ്ലഡ് ബാങ്കുകൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിനുള്ള വൈദഗ്ദ്ധ്യം പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഉണ്ടോയെന്ന് സമിതി ആരാഞ്ഞു.

1940-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് ലൈസൻസിംഗ് അതോറിട്ടിയായി ഡ്രഗ്സ് കൺട്രോളറെ ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും, പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്ന സമയത്ത് സംസ്ഥാനത്ത് ബ്ലഡ് ബാങ്കുകൾ നിലവിലില്ലായിരുന്നുവെന്നും ബ്ലഡ് ബാഗിൽ ശേഖരിക്കുന്ന രക്തം ഒരു മരുന്നായാണ് കണക്കാക്കുന്നതെന്നും രാജ്യത്ത് 'എയ്ഡ്സ് ' പടർന്നു പിടിച്ചതിനെതുടർന്നാണ് ബ്ലഡ് ബാങ്കുകൾക്ക് ലൈസൻസിംഗ് നിർബന്ധമാക്കി നിയമം പരിഷ്കരിച്ചതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനവുമായി ഫാർമസിസ്റ്റിന് നേരിട്ട് ബന്ധമില്ലാത്തതിനാൽ കാലോചിതമായ പരിഷ്കാരം നിയമത്തിൽ വരുത്തുന്നതിന്റെ ഭാഗമായി ബ്ലഡ് ബാങ്കുകളുടെ ലൈസൻസ് നൽകുന്നതിനുള്ള പരിശോധനാ സംഘത്തിൽ ഒരു ബ്ലഡ് ബാങ്ക് എക്സ്പെർട്ടിനെക്കൂടി നിർബന്ധമായി ഉൾപ്പെടുത്തുന്നതിനായി നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും ഇപ്രകാരം ബ്ലഡ് ബാങ്കുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള സംസ്ഥാനത്തെ പരിശോധനാ സംഘത്തിൽ മെഡിക്കൽ കോളേജിൽ നിന്നുള്ള ഒരു എക്സ്പെർട്ടിന്റെ സേവനം കൂടി ഉറപ്പു വരുത്തുന്നുണ്ടെന്നും ഡ്രഗ്സ് കൺട്രോളർ സമിതിയെ അറിയിച്ചു പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് സമിതിക്ക് നൽകണമെന്ന് ആരോഗ്യവകുപ്പ് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു

II. വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചുള്ള താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

(1) 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2746/സബ്സിഎഫ്2/2013/നി.സെ.)

ശിപാർശ നമ്പർ 19, 20, 21, 27, 33, 34, 48, 51

(2) 2007-08 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 662/സബ്സിഎഫ്2/2011/നി.സെ.)

ശിപാർശ നമ്പർ 49, 50, 51, 52, 55, 56, 59, 60, 61, 62, 63

(3) 2006-07 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 661/സബ്സിഎഫ്2/2011/നി.സെ.)

ശിപാർശ നമ്പർ 40, 43

(4) 2003-04 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 657/സബ്സിഎഫ്2/2011/നി.സെ.)

ശിപാർശ നമ്പർ 57

(5) 2001-02 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 655/സബ്സിഎഫ്2/2011/നി.സെ.)

ശിപാർശ നമ്പർ 47

III. സമിതിയുടെ മുൻ യോഗങ്ങളിലെ നിർദ്ദേശങ്ങളിന്മേൽ ലഭിച്ച താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

29-4-2013-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേലുള്ള തുടർ നടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 3347/സബ്സിഎഫ്2/2013/നി.സെ.)

ശിപാർശ നമ്പർ 6

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിൽ 2001-02 സാമ്പത്തിക വർഷത്തെ റിപ്പോർട്ടിലെ ശിപാർശകളിലുൾപ്പെടെയുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ഇനിയും പൂർണ്ണമായും ലഭിച്ചിട്ടില്ലായെന്നും 2010-11 വർഷം മുതലുള്ള റിപ്പോർട്ടുകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾക്കൊപ്പം മറുപടി വൈകിയതിന്റെ കാരണം കാണിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൂടി ഉൾപ്പെടുത്തി അടുത്ത നിയമസഭാ സമ്മേളനത്തിനു മുൻപായി ലഭ്യമാക്കണമെന്ന് സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

തുടർന്ന്, ആരോഗ്യ സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ആയുർവ്വേദ വിഭാഗത്തിന് കൂടുതൽ പരിഗണന നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ആയുർവ്വേദ മേഖലയെ സംബന്ധിച്ചുള്ള മറ്റ് കാര്യങ്ങളെയും ആയുർവ്വേദ ഔഷധ നിർമ്മാണ വിതരണ മേഖലയും വിൽപ്പനശാലകളും അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്യുന്നതിന് വേണ്ടി ഒരു യോഗം ചേരുന്നതിന് തീരുമാനിച്ച സമിതി കേന്ദ്ര സർക്കാർ ആരംഭിച്ച ആയുഷ് വകുപ്പിന് അനുബന്ധമായി സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്തവിധത്തിൽ സംസ്ഥാനത്തും ആയുഷ് വകുപ്പ് ആരംഭിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

മധ്യകേരളത്തിൽ സമീപകാലത്തായി കാണപ്പെട്ട പക്ഷിപ്പനി യോഗത്തിൽ ചർച്ചാവിഷയമായപ്പോൾ ഈ രോഗത്തിന്റെ വ്യാപനം തടയുന്നതിനായി ആരോഗ്യ മൃഗസംരക്ഷണ വകുപ്പ് വകുപ്പുകൾ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും രോഗം മനുഷ്യരിലേക്ക് പടരുന്നത് പ്രതിരോധിക്കുന്നതിനായി ആവശ്യമായ മരുന്നുകൾ പ്രസ്തുത മേഖലയിൽ എത്തിച്ചിട്ടുണ്ടെന്നും പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗബാധിത പ്രദേശങ്ങളിലേയും അതിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുമുള്ള താറാവുകളെ

നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും, രോഗബാധിത പ്രദേശങ്ങളിലെ പഞ്ചായത്തുകളിലും ഡി.എം.ഒ. ഓഫീസുകളിലും കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിച്ചതായും ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിക്കുന്നുണ്ടെന്നും ആയതിനാൽ, ആശങ്കപ്പെടേണ്ട് കാര്യമില്ലായെന്നും സമിതി ചെയർമാൻ അറിയിക്കുകയുണ്ടായി.

2015 ജനുവരി 18 മുതൽ 27 വരെ കർണ്ണാടകം, മഹാരാഷ്ട്ര, ഗുജറാത്ത്, ഡൽഹി എന്നീ സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി സമിതി നടത്താൻ നിശ്ചയിച്ചിട്ടുള്ള പഠന പര്യടനത്തിന്റെ കാര്യപരിപാടി യോഗത്തിൽ സമിതി അംഗീകരിച്ചു

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.

## 12-3-2015-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാമത് വിഷയനിർണ്ണയ സമിതി, 2015 മാർച്ച് 12, വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം ഉച്ചയ്ക്ക് 1.30-ന് നിയമസഭാ സമുച്ചയത്തിലെ VD കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ, ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ. എ.
2. ശ്രീ. എ. റ്റി. ജോർജ്, എം.എൽ. എ.
3. ശ്രീ. റോഷി അഗസ്റ്റിൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ആരോഗ്യ വകുപ്പ്.
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

3. ഡോ. പി. കെ. ജമീല, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്.

4. ഡോ. വി. ഗീത, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ.

5. ശ്രീ. വി. ജി. ബെന്നി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

6. ശ്രീ. എൽ. ഷാജികുമാർ, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്.

പ്രസ്തുത യോഗത്തിൽ ചുവടെപ്പറയുന്ന കരട് ചട്ടം, വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ, വിവിധ യോഗങ്ങളിലെ സമിതി നിർദ്ദേശങ്ങളിന്മേലുള്ള തുടർ നടപടി റിപ്പോർട്ടുകൾ എന്നിവ സമിതി പരിഗണിച്ചു

I. <u>കരട് ചട്ടത്തിന്റെ പരിഗണന</u>

താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ് 2012 എന്ന കരട് ചട്ടം സമിതി അംഗീകരിച്ചു

(i) കരട് ചട്ടത്തിന്റെ ചുരുക്കപ്പേരിലെ വർഷം '2012'എന്നത് '2015'എന്ന് ഭേദഗതി ചെയ്യുക.

(ii) ചട്ടം 1(2)-ലെ നിലവിലുള്ള വ്യവസ്ഥയ്ക്ക് പകരമായി "They shall be deemed to have come into force at once" എന്ന് ചേർക്കുക.

II. <u>വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു</u>

(1) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 3415/സബ്സിഎഫ്2/2014/നി.സെ.)
ഖണ്ഡിക നമ്പർ 6, 12, 13, 16, 39, 40, 41, 52

(2) 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 2746/സബ്സിഎഫ്2/2013/നി.സെ.)
ഖണ്ഡിക നമ്പർ 1, 2, 3, 4, 5, 8, 18, 22, 23, 24, 25, 26, 28, 29, 30, 31, 32, 36, 37, 40, 42, 43, 45, 46, 47

(3) 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 5617/സബ്സിഎഫ്2/2011/നി.സെ.)

ഖണ്ഡിക നമ്പർ 8, 11, 12, 13, 14, 15, 16, 17, 18, 19, 21

(4) 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11792/സബ്സിഎഫ്2/2011/നി.സെ.)
ഖണ്ഡിക നമ്പർ 92, 93, 95, 96, 97, 98, 99, 100, 101, 102, 107, 108, 109, 110, 111, 112, 114, 123, 124, 125, 126, 133, 134, 137, 138

(5) 2008-09 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11786/സബ്സിഎഫ്2/2011/നി.സെ.)
ഖണ്ഡിക നമ്പർ 70, 71, 72, 73, 76, 77, 79, 88, 89, 90, 91, 92, 95, 96, 98, 104, 106, 107

(6) 2007-08 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 662/സബ്സിഎഫ്2/2011/നി.സെ.)
ഖണ്ഡിക നമ്പർ 54, 57, 58, 65, 67, 79

(7) 2006-07 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 661/സബ്സിഎഫ്2/2011/നി.സെ.)
ഖണ്ഡിക നമ്പർ 42, 46, 76

(8) 2005-06 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 659/സബ്സിഎഫ്2/2011/നി.സെ.)
ഖണ്ഡിക നമ്പർ 55, 58, 60, 62, 63, 64, 69, 79, 91, 92

(9) 2003-04 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 657/സബ്സിഎഫ്2/2011/നി.സെ.)
ഖണ്ഡിക നമ്പർ 41, 42, 43, 46, 48, 49, 50, 51, 52, 59, 60, 67, 69, 71, 72, 73, 74, 75, 76

(10) 2001-02 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 655/സബ്സിഎഫ്2/2011/നി.സെ.)
ഖണ്ഡിക നമ്പർ 37, 38, 39, 40, 41, 43, 44, 45, 50, 51, 55, 56, 57, 58, 66, 88

III <u>വിവിധ കാലയളവുകളിലായുള്ള സമിതി യോഗങ്ങളിലെ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ പരിശോധന ഭാഗമായി താഴെപ്പറയുന്ന തുടർ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു</u>

24-4-2013-ലെ സമിതി യോഗ നിർദ്ദേശങ്ങളിന്മേലുള്ള തുടർ നടപടി സ്റ്റേറ്റ്മെന്റ്
(ഫയൽ നമ്പർ 3346/സബ്സിഎഫ്2/2013/നി.സെ.)
ഖണ്ഡിക നമ്പർ 1, 7, 11

യോഗം ഉച്ചയ്ക്കുശേഷം 1.55-ന് അവസാനിച്ചു.

---